
ജീവനും വെളിച്ചവും

# ഫാ. ജി.സ്റ്റീഫന് ബാഷ്പാഞ്ജലി



ദൈവസ്തുതിപ്പുകളുടെ പ്രണയിതാവ് റവ. ഫാ. ജി സ്റ്റീഫന്‍ (84) നിര്യാതനായി. അരനൂറ്റാണ്ടിലേറെക്കാലം കത്തോലിക്കാസഭയില്‍ പ്രത്യേകിച്ച് തിരുവനന്തപുരം ലത്തീന്‍ അതിരൂപതയില്‍ സേവനമനുഷ്ഠിച്ച ഋഷിതുല്യനായ ഈ പ്രേഷിതവര്യന്‍ കുമാരപുരത്തുള്ള പ്രീസ്റ്റ് ഹോമില്‍ വിശ്രമ ജീവിതം നയിച്ചുവരികയായിരുന്നു.

കവി, ഭക്തിഗാന രചയിതാവ് എന്നീ നിലകളില്‍ തികഞ്ഞ ദൈവഭക്തനും ദൈവോപാസകനുമായിട്ടായിരുന്നു ഫാ. ജി സ്റ്റീഫന്‍ അറിയപ്പെട്ടിരുന്നത്. തിരുവനന്തപുരം ലത്തീന്‍ അതിരൂപതാ ദേവാലയങ്ങളില്‍ പാടിപ്പതിഞ്ഞ ഒട്ടേറെ ദൈവസ്തുതിപ്പുകളും സങ്കീര്‍ത്തനങ്ങളും സ്റ്റീഫന്‍ അച്ചന്റെ വകയാണ്. അര്‍ത്ഥം കൊണ്ടും ആലാപന സൗകുമാര്യംകൊണ്ടും ഇന്നും ഈ ഗാനങ്ങള്‍ ഭക്തജനമനസ്സുകളില്‍ തങ്ങിനില്‍ക്കുന്നു.

തിരുവനന്തുപുരം മെത്രാനായി നിയമിതനായ സൂസപാക്യം പിതാവിന്റെ 1990 ഫെബ്രുവരിയില്‍ നടന്ന മെത്രാഭിഷേക കര്‍മ്മങ്ങളുടെ പ്രവേശനഗാനമായിരുന്ന 'സ്നേഹസാഗര തീരത്തില്‍....', 'വിശ്വപ്രകാശമേ......', 'പാവനപൂരിത പവിത്രാത്മാവേ...' എന്നുതുടങ്ങുന്ന ഗാനങ്ങളും 'നാദസ്വരങ്ങളേ.......' എന്നുതുടങ്ങുന്ന സങ്കീര്‍ത്തനങ്ങളുമുള്‍പ്പെടെ 175ല്‍പ്പരം ഭക്തിഗാനങ്ങള്‍ ജി സ്റ്റീഫനച്ചന്റേതായി ഉണ്ട്. തിരുവനന്തപുരം അതിരൂപതയിലെ സുപ്രസിദ്ധ തീര്‍ത്ഥാടന കേന്ദ്രമായ വെട്ടുകാട് ക്രിസ്തുരാജ ദേവാലയത്തില്‍ എല്ലാ വെള്ളിയാഴ്ചയും വൈകിട്ട് നടക്കുന്ന ക്രിസ്തുരാജ പാദപൂജക്ക് തുടക്കം കുറിച്ചതും ക്രിസ്തുരാജപാദപൂജയ്ക്ക് പ്രാര്‍ത്ഥനകളും ഗാനങ്ങളും ചിട്ടപ്പെടുത്തിയതും സ്റ്റീഫനച്ചനാണ്.

1959 ല്‍ പൗരോഹിത്യം സ്വീകരിച്ചതുമുതല്‍ 13 ലേറെ ഇടവകകളില്‍ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ ഇടയില്‍ അവരില്‍ ഒരാളായി അറിയപ്പെടാന്‍ ആഗ്രഹിച്ച സ്റ്റീഫന്‍ അച്ചനെന്ന പ്രേഷിതനെക്കുറിച്ച് നല്ലതുമാത്രമേ കടലിന്റെ മക്കള്‍ക്ക് പറയാനുള്ളൂ.

1926 മെയ് 14 ന് തൂത്തൂര്‍ ഇടവകയില്‍ ജ്ഞാനപ്രകാശം-ചേയമ്മ ദമ്പതികളുടെ മകനായി ജനിച്ചു. പുഷ്പനായകം എന്നായിരുന്നു വിളിപ്പേര്. തൂത്തൂരില്‍ പ്രാഥമിക വിദ്യാഭ്യാസവും മാര്‍ത്താണ്ഡത്ത് ഹൈസ്കൂള്‍ വിദ്യാഭ്യാസവും പൂര്‍ത്തിയാക്കി ആലപ്പുഴ മൈനര്‍ സെമിനാരിയില്‍ വൈദികപഠനത്തിന് ചേര്‍ന്നു. ആലുവ മേജര്‍ സെമിനാരിയില്‍ നിന്ന് വൈദിക പഠനം പൂര്‍ത്തിയാക്കി. 1959 ല്‍ ജി സ്റ്റീഫന്‍ വൈദികപട്ടം സ്വീകിച്ചു. മുതിയാവിള ഇടവകയിലായിരുന്നു ആദ്യനിയമനം. തുടര്‍ന്ന് പൂവാര്‍, കരിങ്കുളം, കൊച്ചുതുറ, അരുവിക്കര, പാലോട്, പൂന്തുറ, വിഴിഞ്ഞം, വെട്ടുകാട്, വലിയതുറ, അഞ്ചുതെങ്ങ്, വള്ളവിള, പുതിയതുറ എന്നീ ഇടവകളില്‍ വികാരിയായി സേവനമനുഷ്ഠിച്ചു. തിരുവനന്തപുരം അതിരൂപതാ പ്രസിദ്ധീകരണമായ 'ജീവനും വെളിച്ചവും' മാസികയുടെ പത്രാധിപരായും ആഴാകുളം ബഥേല്‍ ഇന്‍സ്റ്റിറ്റ്യൂട്ട് വൊളുന്താസ് ദേയിയുടെ (Institute of voluntas Dei) റെക്ടറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

തൂത്തൂര്‍ ഫൊറോന ദേവാലയത്തില്‍ നടന്ന ശവസംസ്കാര ശുശ്രൂഷകള്‍ക്ക് തിരുവനനന്തപുരം അതിരൂപതാ അധ്യക്ഷന്‍ ഡോ. സൂസപാക്യം മുഖ്യകാര്‍മികത്വം വഹിച്ചു. വികാരി ജനറല്‍ മോണ്‍. യൂജിന്‍ പെരേര, എപ്പിസ്കോപ്പല്‍ വികാരി റവ. ഫാ.ജോണ്‍ ഡി ബോസ്കോ എന്നിവര്‍ ഉള്‍പ്പെടെ ഒട്ടേറെ വൈദികര്‍ സഹകാര്‍മ്മികരായിരുന്നു. വൈദികര്‍ സന്യാസിനികള്‍, അല്‍മായര്‍ ഉള്‍പ്പെടെ വന്‍ ജനാവലി ശവസംസ്കാര ശുശ്രൂഷകളില്‍ പങ്കെടുത്തു. മൃതദേഹം തൂത്തൂര്‍ പള്ളിസെമിത്തേരിയില്‍ സംസ്കരിച്ചു.

# ജീവനും വെളിച്ചവും

തിരുവനന്തപുരം അതിരൂപത പ്രസിദ്ധീകരണം
2010 ഒക്ടോബർ
പുസ്തകം-34
ലക്കം-10
വില 10 രൂപ

**6.** കുരുക്ഷേത്രങ്ങളിൽ നിന്ന് സമാധാനത്തിന്റെ വെള്ളരിപ്രാവുകൾ ഉയരട്ടെ

*അഭിലാഷ് ഗ്രിഗറി*



*അഹിംസ മനസ്സിന്റെ ഒരു നിലപാടാണ്. ചിന്തയിൽ പോലും ആരെയും ഹിംസി ക്കാതിരിക്കാൻ നോക്കണം. അതാണ് യഥാർത്ഥ അഹിംസ.*

**8.** ദളിത് ക്രൈസ്തവ പ്രശ്നം ഇന്ന്

*വി. ജെ. ജോർജ്ജ*

**12.** ദളിത് ക്രൈസ്തവ നീതിനിഷേധം

*ഫാ. ജോൺ അരീക്കൽ*



**24.** ജപമാല: കുടുംബ ഐക്യത്തിന്റെ മൊഴിമുത്തുകൾ

*റവ. ഡോ. സി ജോസഫ്*

**27.** സ്വന്തം പള്ളിട കുത്തി മണപ്പിക്കരുത്

*ഫാ. ജോയി സി മാത്യു*

## കവിത

**11.** റോഡിൽ അപൂർവമായി കണ്ടത്

*ഷൈജു അലക്സ്*

**15.** വിഘടനം

*ഡി യേശുദാസ്*

## സ്ഥിരം പംക്തികൾ

തിരിച്ചറിവ് 16
വർത്തമാനം 22
വാർത്തകൾ 28
നീർച്ചാലുകൾ 32
സാരോപദേശം 37
വചനജ്വാല 38
ഇളംതൂവൽ 40

രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. സൂസപാക്യം എം.

സഹ രക്ഷാധികാരി
മോൺ. യുജിൻ എച്ച് പേരേര

ഉപദേശക സമിതി
മോൺ. വിൽഫ്രഡ് ഇ.
മോൺ. ജോൺ ഡി.ബോസ്കോ
മോൺ. നിക്കോളാസ് റ്റി.
റവ. ഫാ. ഹയസിന്ദ് എം.നായകം
റവ. ഫാ. തോമസ് നെറ്റോ
റവ. ഫാ. സാബാസ് ഇഗ്നേഷ്യസ്
റവ. ഫാ. ലോറൻസ് കുലാസ്
റവ. ഫാ. എഡിസൻ. വൈ.എം
റവ. ഫാ. പങ്ക്രേഷ്യസ്
റവ. ഫാ. ഷാജിൻ ജോസ്

പത്രാധിപ സമിതി
ഫാ. തിയോഡേഷ്യസ്
ഫാ. പോൾ സണ്ണി
ഫാ. ജസ്റ്റിൻ ജൂഡിൻ
ഡോ. ഐറിസ്
പീറ്റർ കട്ടികാട്ട്
ലിസ്ബ യേശുദാസ്
ടെറിൻ ലോറൻസ്
ഷൈജു അലക്സ്

പത്രാധിപർ
ഫാ. മെൽക്കൺ

സഹ പത്രാധിപർ
അഗസ്റ്റിൻ കണിപ്പിള്ളി

ഓഫീസ് നിർവ്വഹണം
സിസ്റ്റർ. ലീല മൂഴയിൽ dsp

ഡിസൈനിംഗ് & ലേഔട്ട്
ജീവജ്യോതി പ്രസ്സ്

ആനിമേഷൻ സെന്റർ
വെള്ളയമ്പലം
തിരുവനന്തപുരം-695 003
ഫോൺ: 2724001, 2313895,2311620
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

# പ്രതികരണങ്ങൾ

## കമ്മ്യൂണിസ്റ്റ് ചിന്താഗതികൾ പ്രചരിപ്പിക്കരുത്

**പി** എം മനോജിന്റെ "മതത്തിന്റെ രാഷ്ട്രീയ ഇടപെടൽ" എന്ന ലേഖനത്തിൽ കമ്മ്യൂണിസ്റ്റ് ആശയങ്ങളാണ് അവതരിപ്പിച്ചുകണ്ടത്. സഭ രാഷ്ട്രീയത്തിൽ ഇടപെടുന്നതിനെക്കുറിച്ചുള്ള ബദൽ ചിന്തകളാണ് ഉദ്ദേശിച്ചതെങ്കിലും ഈ ലേഖനത്തിൽ മുഴുവൻ കമ്മ്യൂണിസ്റ്റ് ചിന്തകളാണ്. കമ്മ്യൂണിസ്റ്റ് ആശയങ്ങൾ സഭയ്ക്കുള്ള ബദലല്ല മറിച്ച് എതിർചിന്തയാണ്. അത്തരം ചിന്തകൾ സൂക്ഷ്മമായി പരിശോധിച്ചതിനു ശേഷമേ അവതരിപ്പിക്കാവൂ.

**ഫാ. ബോസ്കോ**, നീരോടി

## സഭയ്ക്കുള്ളിലെ കച്ചവടങ്ങളെ എതിർക്കാൻ ആർജ്ജവം ഉണ്ടാകണം

**പ**ള്ളിവാടക 12000രൂപ; അനീതിയല്ലേ എന്നൊരു പ്രതികരണം കഴിഞ്ഞ ലക്കത്തിൽ കണ്ടു. അത്തരത്തിൽ ഒരു പ്രതികരണം പ്രസിദ്ധീകരിക്കാൻ തയ്യാറായ ജീവനും വെളിച്ചത്തിനും അഭിനന്ദനം. എന്നാൽ ഇത്തരം അനീതികൾക്കെതിരെ ഒരു എഡിറ്റോറിയലെങ്കിലും എഴുതാമായിരുന്നു. സഭയ്ക്കുള്ളിലെ കച്ചവടങ്ങളെ എതിർക്കാൻ ജീവനും വെളിച്ചത്തിനും ആർജ്ജവം ഉണ്ടാകണം. ലത്തീൻ മിഷണറിമാർ പണിതുയർത്തിയ പാങ്ങോട് കാർമ്മൽ പള്ളിയിൽ ഒരു വിവാഹം നടത്താൻ പള്ളിവാടക 12,000 രൂപ കൊടുക്കേണ്ടി വരുന്നത് വളരെ ദുഃഖകരമാണ്. ഈ പള്ളി പണിത മിഷണറിമാരുടെ ആത്മാക്കൾ പൊറുക്കട്ടെ.

**ഫാ. മുത്തപ്പൻ**, കുമാരപുരം.

## സഭയും രാഷ്ട്രീയവും ചർച്ച അഭികാമ്യം

**സെ**പ്തംബർ ലക്കം മുഖവിചാരത്തെ വിലമതിക്കുന്നു. സഭയുടെ രാഷ്ട്രീയ ഇടപെടലുകൾ സൂക്ഷ്മതയോടെയായിരിക്കണം എന്നുള്ളത് വാസ്തവമാണ്. കക്ഷിരാഷ്ട്രീയത്തിനതീതമായി അഴിമതിക്കാരെ തുറന്നുകാട്ടാനും നല്ല പ്രവർത്തനങ്ങൾ ചെയ്യുന്നവരെ അഭിനന്ദിക്കാനും കഴിയണം. തുടർന്നുള്ള ലേഖനങ്ങളിൽ ഈ വിഷയത്തെ പ്രതിപാദിക്കുന്നുണ്ട്, സത്യസന്ധമായി സുജൻ അമൃതത്തിന്റേയും പി എം മനോജിന്റെയും വിലയിരുത്തലുകളെ സ്വാഗതം ചെയ്യുന്നു. ഇത് പ്രസിദ്ധീകരിക്കാൻ ചങ്കൂറ്റം കാണിച്ച എഡിറ്ററെ അഭിനന്ദിക്കാതെ വയ്യ.

- **ജസ്റ്റസ്**, അയിരൂർ

## "സൗന്ദര്യം മനോഹരം"

**ക**ഴിഞ്ഞ ലക്കത്തിലെ തിരിച്ചറിവ് പംക്തിയിൽ പ്രസിദ്ധീകരിച്ചു വന്ന "സൗന്ദര്യം" എന്ന വിഷയം വളരെ ഹൃദയ സ്പർശിയായിരുന്നു. ബാഹ്യസൗന്ദര്യമല്ല, ആന്തരികതയിൽ നിന്നുയരുന്ന സ്നേഹവും കരുണയും സഹാനുഭൂതിയും പെരുമാറ്റവുമാണ് ഒരു മനുഷ്യന്റെ സൗന്ദര്യമെന്ന് അനുഭവകഥകളിലൂടെ, ജീവനും വെളിച്ചവും മാസികയിൽ അവതരിപ്പിച്ച എ ആർ ജോണച്ചന് അഭിനന്ദനങ്ങൾ.

**ജിനി ജോസഫ് കണ്ണാന്തുറ**

## 'മതരാഷ്ട്രീയ ഇടപെടൽ': ചർച്ച കാലോചിതമായി

**കാ**ലോചിതമായി ഈ ലക്കം പ്രതിപാദിക്കുവാൻ, അതിനനുസരിച്ചുള്ള വിഷയം തെരഞ്ഞെടുക്കുവാൻ, കാര്യഗൗരവത്തോടെ അത് നിർവഹിക്കുവാൻ പരിശ്രമിച്ചതിന് പത്രാധിപർക്കും കൂട്ടർക്കും അഭിനന്ദനങ്ങൾ. പ്രത്യേകിച്ചു "രാഷ്ട്രീയത്തിൽ മതത്തിന് ഇടപെടാമോ?" എന്ന തലക്കെട്ടിൽ ബഹു. സുജനച്ചൻ എഴുതിയ ലേഖനം മേലുദ്ധരിച്ചതിന് വളരെ ഏറെ ഔചിത്യബോധം നൽകുന്നു. ഒരു സമൂഹജീവി എന്ന നിലയിൽ, ഒരു മതവിശ്വാസി എന്ന നിലയിൽ അവൻ ആയിരിക്കേണ്ട, അവൻ നിലപാട് എടുക്കേണ്ട ബോധ്യങ്ങളാണ് പ്രത്യേകമായി പ്രതിപാദിക്കുക. സ്വാതന്ത്രമായ കാഴ്ചപ്പാടും, സ്വതന്ത്രമായ പ്രവർത്തനശൈലിയും ഓരോ മതവിശ്വാസിയിലും തന്മയത്വത്തോടെ രൂപപ്പെടുത്തുവാൻ ഇത് ഉപകരിക്കാം. കാലഘട്ടത്തിന്റെ അടയാളങ്ങളും സൂചനകളും കണ്ടറിഞ്ഞ് കാലോചിതമായി കാര്യങ്ങൾ അപഗ്രഥിക്കുവാൻ, പ്രകടിപ്പിക്കുവാൻ പരിശ്രമിച്ച സുജനച്ചന് അഭിനന്ദനങ്ങൾ.

*ഫാ. പോൾ*

# ക്രിസ്തുശരീരത്തിൽ ദളിതരുടെ സ്ഥാനമെവിടെ ?

സഭ ക്രിസ്തുവിന്റെ ശരീരമാണ്. പല അവയവങ്ങൾ ചേർന്നു ശരീരം ഒന്നായിരിക്കുന്നതുപോലെ സഭാ ഘടകങ്ങളും ഒന്നായിരിക്കണമെന്നാണ് വിവക്ഷ (റോമ 12:12). യഹൂദനെന്നോ, ഗ്രീക്കുകാരനെന്നോ, അടിമയെന്നോ, സ്വതന്ത്രനെന്നോ, പുരുഷനെന്നോ, സ്ത്രീയെന്നോ വ്യത്യാസമില്ല; നിങ്ങളെല്ലാവരും യേശുക്രിസ്തുവിൽ ഒന്നാണ് (ഗലാത്തി 3:28). മനുഷ്യരെ പരസ്പരം വേർതിരിക്കരുതെന്ന് പറയുന്ന ഒരു മതസംവിധാനത്തിൽ ദളിത് ക്രൈസ്തവർ എന്നൊരു വിഭാഗത്തെ സൃഷ്ടിക്കുന്നത് ഭാവിയിലെങ്കിലും ഒരു വിഭാഗീയതയ്ക്ക് വഴിവെയ്ക്കില്ലേ. തരംതിരിവുകളുടെ മതിൽക്കെട്ടുകൾ പടുത്തുയർത്തുന്ന ചായ്‌വ് മനുഷ്യമനസ്സിന് എന്നുമുണ്ട്. ആ ചായ്‌വിനു ആക്കം കൂട്ടുന്ന ഘടകങ്ങൾ, അതൊരു പേരായാൽ പോലും ഒഴിവാക്കുന്നതല്ലേ നല്ലത്.

ഒരു ദളിതനായ ക്രിസ്ത്യാനിയെ 'ദളിത് ക്രൈസ്തവൻ' എന്നുവിളിക്കുമ്പോൾ ഞാനൊരു ക്രൈസ്തവൻ എന്നതിനേക്കാൾ ഞാനൊരു ദളിതനാണ് എന്ന സത്യാവബോധമാണ് ഉണ്ടാവുക. മറ്റുള്ളവരും അവരെ അങ്ങനെതന്നെയാണ് കാണുന്നത്. പലപ്പോഴും ദളിത് ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവരെ വിവാഹം കഴിക്കാൻ മറ്റുള്ള ക്രിസ്ത്യാനികൾ തയ്യാറാവാത്തത് ജാതിചിന്തകൊണ്ടു മാത്രമാണ്. ക്രൈസ്തവർക്കിടയിലെ ജാതിചിന്ത ക്രിസ്തുശരീരത്തിലെ പിളർപ്പിനെയാണ് സൂചിപ്പിക്കുന്നത്.

തീർച്ചയായും ദളിത് വിഭാഗത്തിൽപ്പെട്ട ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും കിട്ടേണ്ട ന്യായമായ സംവരണാനുകൂല്യങ്ങൾ നിഷേധിക്കുന്നത് അനീതിയാണ്. ആ അനീതിക്കെതിരെ സർവ്വശക്തിയും ഉപയോഗിച്ചു സഭ പ്രതികരിക്കുക തന്നെ വേണം. ഇവിടെ മറിച്ചൊരു ചിന്തയുണ്ട് - ദളിതരല്ലാത്ത എത്ര പേരുണ്ട് ഈ സമരപരിപാടികളിൽ പങ്കെടുക്കുന്നവർ.

സംവരണത്തിനുവേണ്ടിയുള്ള പടയോട്ടത്തോടൊപ്പം ഉള്ളവൻ ഇല്ലാത്തവനുമായി പങ്കുവെയ്ക്കണമെന്ന സുവിശേഷമൂല്യം അനുസരിച്ച് ക്രൈസ്തവർ ജീവിച്ചാൽ തന്നെ ദളിത് ക്രിസ്ത്യാനികളുടെ സാമ്പത്തിക പിന്നാക്കാവസ്ഥ മാറ്റാവുന്നതേയുള്ളൂ. പക്ഷേ നമ്മൾ ആരും അതിന് തയ്യാറല്ല. ആദിമ ക്രൈസ്തവരെപ്പോലെ പങ്കുവെയ്ക്കൽ മനോഭാവം ഇല്ലാത്തതുകൊണ്ടാണ് നമ്മുടെ ഇടയിൽ ദരിദ്രർ കൂടുന്നത്.

വിദ്യാഭ്യാസം ദൗത്യമായി സ്വീകരിച്ച സന്യസ്തർ നടത്തുന്ന സ്കൂളുകളിൽ ദളിത് ക്രൈസ്തവരുടെ കുട്ടികൾക്ക് സാമ്പത്തിക - കുടുംബ പശ്ചാത്തല - പഠനനിലവാരത്തിന്റെ ഒക്കെ കാരണം കൊണ്ട് എത്തിപ്പെടാൻ പറ്റാതെ പോകുന്നു. സഭയുടെ നിലവാരമുള്ള സ്കൂളുകളിൽ സംവരണാനുകൂല്യം നൽകി സൗജന്യമായി ദളിത് കുട്ടികളെ പഠിപ്പിക്കാമെങ്കിൽ വിദ്യാഭ്യാസപരമായിട്ടെങ്കിലും നമുക്ക് ഇവരെ വളർത്താൻ സാധിക്കും. ഗവൺമെന്റിനോട് നീതി നടപ്പിലാക്കാൻ ആവശ്യപ്പെടുമ്പോൾ നടപ്പിലാക്കാൻ സാധിക്കുന്ന നീതി നമ്മളും നടപ്പിലാക്കണം. നീതിയെക്കുറിച്ചുള്ള ലേഖനങ്ങൾ മാത്രം പോരാ നീതി നടപ്പിലാക്കാനുള്ള ആർജ്ജവം കൂടി വേണം.

യേശുവിനെക്കുറിച്ചുള്ള ഏറ്റവും മനോഹരമായ വാക്യം: "അവന്റെ അസ്ഥികളിൽ ഒന്നുപോലും തകർക്കപ്പെട്ടില്ല" (യോഹ.19:36) എന്നുള്ളതാണ്. അതിനർത്ഥം കുരിശിൽ തറയ്ക്കപ്പെട്ടിട്ടും അവൻ നട്ടെല്ലുള്ളവനായിരുന്നു എന്നാണ്. നീതിയുടെ കാര്യത്തിൽ സഭയ്ക്കും യേശുവിനെപ്പോലെ നട്ടെല്ലുണ്ടായിരിക്കട്ടെ.

ലേഖനം

*അഭിലാഷ് ഗ്രിഗറി*



# കുരുക്ഷേത്രങ്ങളിൽ നിന്ന് സമാധാനത്തിന്റെ വെള്ളരിപ്രാവുകൾ ഉയരട്ടെ

ഒത്തിരി ധൈര്യം വേണം കുരുക്ഷേത്രങ്ങൾ അവസാനിക്കാത്ത മണ്ണിൽ നിന്നും ഒലിവു ചില്ലയുമായി പറന്നുയരുന്ന വെള്ളരിപ്രാവുകളെ സ്വപ്നം കാണുവാൻ. സമാധാനത്തിന്റെ സുരക്ഷിതത്ത്വത്തിനു മേൽ സംഘർഷങ്ങളുടെ കരിനിഴൽ വീഴുന്നു. മഞ്ഞ് പുതപ്പിച്ച ഗിരിശൃംഗങ്ങൾക്കുമപ്പുറം കലഹത്തിന്റെ കനലെരിയുമ്പോൾ അപ്പത്തിനു പകരം ആയുധം വാങ്ങാൻ നാം നിർബന്ധിതരാകുന്നു. പ്രിയ മകൻ നഷ്ടമായ ഒരമ്മയുടെ നെഞ്ചകത്തിലെ നൊമ്പരത്തിനു നാം രാഷ്ട്രസ്നേഹത്തിന്റെ വിലയിടുന്നു. അരിവാളുകളുടെ മൂർച്ച കൂട്ടപ്പെട്ടപ്പോൾ ബംഗാൾ വീണ്ടും ചുവക്കുന്നു. പത്രത്താളുകളിൽ നിന്നും മറഞ്ഞെങ്കിലും മുംബൈയും, കാർഗിലും മാറാടുമൊക്കെ ഇപ്പോഴും ആരുടെയൊക്കെയോ സ്വപ്നങ്ങളെ കണ്ണീരിൽ കുതിർക്കുന്നു. കുരുക്ഷേത്രങ്ങൾ ഇല്ലാതാകുന്നില്ല. മണ്ണിൽ ചെന്നിണം പടർത്തിയ കായേന്റെയും ഗർഭപാത്രത്തിനു നേരെ ബ്രഹ്മാസ്ത്രം പ്രയോഗിച്ച അശ്വത്ഥാമാവിന്റെയും തലമുറകളവസാനിക്കുന്നില്ല. പേരും രൂപവും മാറുന്നുവെന്നേയുള്ളൂ. അഭിനവയുഗത്തിന്റെ ഗതിക്കനുസരിച്ച് അവർ വീണ്ടും വീണ്ടും കൂടിയാട്ടം നടത്തുമ്പോൾ നമ്മുടെ സ്വപ്നത്തിൽ വിരിയുന്നത് പ്രളയമാണ്.

**സമാധാനത്തിന്റെ തണലുമായി തുലനം ചെയ്യുമ്പോൾ യുദ്ധത്തിന്റെ വിജയങ്ങൾ തീരെ നിസ്സാരമാണ്. പക്ഷേ മനുഷ്യന് പലപ്പോഴും ആ തിരിച്ചറിവുണ്ടാകുന്നത് പടയോട്ടങ്ങൾക്കൊടുവിലാണ് എന്നതാണ് വേദനാജനകം.**

സമാധാനത്തിന്റെ തണലുമായി തുലനം ചെയ്യുമ്പോൾ യുദ്ധത്തിന്റെ വിജയങ്ങൾ തീരെ നിസ്സാരമാണ്. പക്ഷേ മനുഷ്യന് പലപ്പോഴും ആ തിരിച്ചറിവുണ്ടാകുന്നത് പടയോട്ടങ്ങൾക്കൊടുവിലാണ് എന്നതാണ് വേദനാജനകം. കലിംഗദേശത്തിലെ രക്തം മണക്കുന്ന യുദ്ധഭൂവിന്റെ മൂകതയിൽ നിന്നാണ് അശോകചക്രവർത്തി പോരാട്ടങ്ങളോട് വിട പറയുന്നത്. ലോകം മുഴുവനും തന്റെ സാമ്രാജ്യത്തിന്റെ മുദ്ര പതിപ്പിച്ചു കഴിഞ്ഞപ്പോഴാണ് അലക്സാണ്ടർ എന്ന മഹാ ചക്രവർത്തിക്ക് പടയോട്ടങ്ങളുടെ നിരർത്ഥകത തിരിച്ചറിയാനായത്. കാലത്തിന്റെ പുസ്തകതാളിൽ അപ്പോഴേക്കും നിരപരാധികളുടെ രക്തവും കണ്ണീരും പുരണ്ടു കഴിഞ്ഞിരുന്നു.

ഓഷ്വിറ്റ്സും, ഹിരോഷിമയും സെപ്റ്റംബർ 11മൊക്കെ യുദ്ധത്തിന്റെ വടുക്കളും പേറി അരുതേ എന്ന് കരയുമ്പോഴും ആയുധകച്ചവടത്തിന്റെ അനന്തസാധ്യതകളുടെ ലാഭകണക്കിൽ അധികാരികളുടെ മനസ്സുടക്കുന്നു. യുദ്ധത്തിനെതിരെ കരയുന്ന അമ്മയുടെ ഹൃദയത്തിന്റെ ചീളുകൾ രക്തത്തിൽ കുതിർന്ന് വീണ്ടും വീണ്ടും പിടഞ്ഞു കൊണ്ടേയിരിക്കുന്നു.

യുദ്ധത്തിന്റെ അന്താരാഷ്ട്ര ബിസിനസിൽ പൂച്ചക്കെന്ത് കാര്യമെന്നു കരുതി സ്വാർത്ഥതയുടെ പേടകത്തിലൊളിക്കുവാനാണ് നമുക്കിഷ്ടം. പ്രളയകാലത്തെ മഴവില്ല് എന്ന പുസ്തകത്തിൽ പീറ്റർ തോമസ് നിരീക്ഷിക്കുന്നത് എത്രയോ

ശരിയാണ്. പ്രളയം ഭൂമിയെ വിഴുങ്ങുന്നുവെന്ന് കേട്ടാൽ പോലും സ്വസ്ഥമായിരിക്കാൻ കഴിയുന്നു എന്നതാണ് നമ്മുടെ ദുരന്തം. നമ്മെ സങ്കടപ്പെടുത്തും വരെ കലാപങ്ങളുടെ കെടുതിയെപ്പറ്റി ചിന്തിക്കണ്ട എന്നാണ് നമ്മുടെ വിചാരം. ഹിറ്റ്ലറിന്റെ പടയാളികൾ ജൂതന്മാരെ തിരഞ്ഞു വന്നപ്പോൾ ഞാൻ നിശബ്ദനായിരുന്നു. കാരണം ഞാൻ ജൂതനല്ലല്ലോ. പിന്നെ അവർ മുസ്ലീങ്ങളെ തേടി വന്നു. ഞാൻ അപ്പോഴും മൗനമായിരുന്നു. ഞാൻ ഇസ്ലാമല്ലല്ലോ. ഒടുവിലവർ എന്നെ തേടി വന്നു. അപ്പോൾ ഞാനറിഞ്ഞു. എനിക്കുവേണ്ടി ശബ്ദിക്കാൻ ആരും അവശേഷിക്കുന്നില്ല എന്ന് കുറിച്ചു വച്ചിരിക്കുന്ന പോലെ നിഷ്ക്രിയത്വത്തിന്റെ മതിലുകൾ നാം തകർത്ത് സഹായത്തിന്റെയും സഹാനുഭൂതിയുടെയും കരങ്ങൾ നീട്ടിയില്ലെങ്കിൽ യുദ്ധത്തിന്റെ അസ്ത്രമുന ഒരുനാൾ നമ്മെയും തേടിയെത്തും.

സംഘർഷങ്ങളെ ബലിയായി ചിത്രീകരിക്കപ്പെടുന്ന നാട്ടിൽ യുദ്ധത്തിനെതിരെ കലഹിക്കാനാകണം നമുക്ക്. അങ്ങനെ ചോരചിന്തുന്ന ആയുധങ്ങൾക്കെതിരെ കലാപം നയിച്ച ഒരു വൃദ്ധന്റെ സ്വപ്നങ്ങൾ നമ്മുടെ മണ്ണിനെ



പ്രളയം ഭൂമിയെ വിഴുങ്ങുന്നുവെന്ന് കേട്ടാൽ പോലും സ്വസ്ഥമായിരിക്കാൻ കഴിയുന്നു എന്നതാണ് നമ്മുടെ ദുരന്തം.

തൊട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. അസാധ്യമെന്ന് കരുതിയത് അഹിംസയിലൂടെ നേടിയെടുത്ത ആ വിശുദ്ധന്റെ ഓർമ്മകളുമായി ഒക്ടോബർ ഒരിക്കൽ കൂടി വിരുന്നിനെത്തുമ്പോൾ രഘുപതിരാഘവ രാജാറാമിന്റെ താളത്തിനൊപ്പം നമ്മുടെ ചിന്താധരണികളെ രൂപാന്തരപ്പെടുത്താം. യുദ്ധങ്ങളെ വിശുദ്ധീകരിക്കുന്ന തത്വശാസ്ത്രങ്ങൾക്കു നേരെ നമുക്ക് കരുതലുണ്ടാവണം. അക്രമം മതമാകുന്ന ഒരു കാലഘട്ടത്തിൽ സബർമതിയെ ധ്യാനിക്കാനാവണം നമുക്ക്. ഗാന്ധിജി പകർന്നു നൽകിയ അഹിംസയുടെ സിദ്ധാന്തങ്ങൾ നമ്മുടെ അനുദിന ജീവിതത്തിൽ പ്രാവർത്തികമാക്കണം.

ശരിയാണ്. ഹിംസയുടെ ദ്രംഷ്ട്രകൾ ഏറ്റവും മുറിവേൽപ്പിക്കുന്നത് തരളിത ബന്ധങ്ങളെയാണ്. നമ്മുടെയൊക്കെ കുടുംബങ്ങളുടെ ഉമ്മറപ്പടികളിൽ അക്രമം പതിയിരിപ്പുണ്ട്. അതിർത്തികളിലെ പീരങ്കിക്കുഴലുകളിൽ മാത്രമല്ല നമ്മുടെ അടുക്കളകളിലും യുദ്ധങ്ങൾ പുകയുന്നു. ദുർബലയായൊരു സ്ത്രീയെ അധികാരത്തിന്റെ ദണ്ഡ്കൊണ്ട് അടിച്ചമർത്തുമ്പോൾ, വാർദ്ധക്യം ബാധിച്ച മാതാപിതാക്കൾക്ക് അയിത്തം കൽപ്പിക്കുമ്പോൾ, മദ്യത്തിന്റെ വാൾത്തല ബന്ധങ്ങളെ തകർക്കുമ്പോൾ ഹിംസയുടെ കറുത്ത ചിറകുകൾ നമ്മുടെ ഭവനങ്ങൾക്കു മേൽ പതിയുന്നു.

വേർതിരിവിന്റെ രണഭൂമി രാജ്യത്തിൽനിന്നോ, കുടുംബത്തിൽ നിന്നോ, അല്ല സ്വന്തം ഹൃദയത്തിൽ നിന്നാണ് തുടുങ്ങുന്നതെന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. യുദ്ധം തുടങ്ങുന്നത് മനുഷ്യമനസ്സുകളിൽ നിന്നാണല്ലോ. നമ്മുടെ ഉള്ളിൽ നിന്നാണ് അക്രമത്തിന്റെയും ഹിംസയുടേയും ബീജങ്ങൾ മുളയെടുക്കുന്നത്. വെളിച്ചത്തിന്റെ പോരാളികൾ എന്ന നോവലിൽ പൗലോ കൊയ്ലോ കുറിച്ചു വച്ചതു പോലെ നമ്മുടെയുള്ളിൽ ഒരു പിശാചും മാലാഖയും ജീവനോടെയുണ്ട്. മാലാഖയുടെ മന്ത്രണങ്ങൾക്ക് ചെവികൊടുക്കുകയും പിശാചിന്റെ ആക്രോശങ്ങളെ അവഗണിക്കുകയും ചെയ്തുകൊണ്ട് നമുക്ക് നന്മയുടെയും, സമാധാനത്തിന്റെയും വഴിത്താരകളിലൂടെ നടക്കാം. സബർമതിയിൽ നിന്നൊരു വൃദ്ധൻ നമുക്ക് ഊന്ന് വടിയാവുന്നു. ആ വഴിത്താരയിലൂടെ മുന്നോട്ട് നീങ്ങാൻ ആ വൃദ്ധന്റെ സ്വപ്നങ്ങൾ നമുക്ക് ധൈര്യം പകരുന്നു.

അധികാരത്തിന്റെ ഭ്രാന്തില്ലാത്ത, യുദ്ധത്തിന്റെ ഉന്മാദമില്ലാത്ത രാജകുമാരനാണ് ആ വൃദ്ധൻ. ഭാരതത്തിലെ ക്രിസ്ത്യാനി. ആ ഋഷിവര്യന്റെ കണ്ണട ഹൃദയത്തിൽ വച്ചുകൊണ്ട് നമുക്ക് മിഴി തുറക്കാം. പടകുടീരങ്ങൾക്കു മുന്നിൽ വെള്ളരി പ്രാവുകൾ പറന്നിറങ്ങുന്ന സ്വപ്നങ്ങൾ കാണാം. ശാന്തിയുടെ ജപമന്ത്രങ്ങളുയരട്ടെ നമ്മുടെ ഹൃദയങ്ങളിൽ, നമ്മുടെ കുടുംബങ്ങളിൽ പിന്നെ ഈ ലോകത്തിലും.

*കുഞ്ഞുകഥ*

അബ്ദുൾ ലത്തീഫ്, പാറേൽ

## ഫക്കീർ

**അ**യാൾ വേദഗ്രന്ഥവും ദിവ്യത്വവുമില്ലാത്ത ആരാധ്യനായിരുന്നു. വസ്ത്ര സമ്പന്നതയില്ലാതെ കാലഭേദങ്ങളെ അതിജീവിച്ചിരുന്നു. വ്യാജമെഡിക്കൽ ഡിഗ്രികളില്ലാതെ ഭരിച്ചിരുന്നു. പടുകൂറ്റൻ ഗവേഷണ പഠനങ്ങളില്ലാതെ പഠിപ്പിച്ചിരുന്നു. അത്യാധുനിക യുദ്ധക്കോപ്പുകളില്ലാതെ യുദ്ധങ്ങൾ ജയിച്ചിരുന്നു.

ഇന്നയാൾ ഒരു കള്ളനോട്ടിൽ വെറും ചിത്രമായി, ഏതോ വേശ്യയുടെ മുഷിഞ്ഞ വസ്ത്രങ്ങൾക്കകത്ത് വീർപ്പുമുട്ടി അങ്ങനെ അങ്ങനെ.....



ലേഖനം

*വി. ജെ. ജോർജ്ജ്*

**ദലിത് ക്രൈസ്തവർ ഡൽഹിയിലോ, സംസ്ഥാനങ്ങളിലോ നടത്തുന്ന സമരങ്ങൾ സർക്കാരിൽ അധികം സമ്മർദ്ദം ഉണ്ടാക്കുന്നില്ല. ഗുജ്ജാറുകളെ പോലെയോ, കാശ്മീരികളെപ്പോലെയോ അക്രമത്തിന്റെ പാതയിലേക്ക് തിരിഞ്ഞ് ജനശ്രദ്ധയെ ആകർഷിക്കുവാനും, സർക്കാരിന് തലവേദന ഉണ്ടാക്കുവാനും നാം ശ്രമിക്കുന്നില്ല, ആഗ്രഹിക്കുന്നുമില്ല. എന്നാൽ സമാധാനത്തിന്റെയും, ശാന്തിയുടെയും മാർഗ്ഗമായ ക്രിസ്തുമാർഗ്ഗത്തിലൂടെ തന്നെ ദേശീയ സമ്മർദ്ദം ഉണ്ടാക്കുവാൻ നമുക്ക് കഴിഞ്ഞാൽ ഈ വിഷയത്തിന് ഉടൻ പരിഹാരമാകുമെന്നതിൽ തർക്കമില്ല.**

# ദലിത് ക്രൈസ്തവ പ്രശ്നം ഇന്ന്

**ഭാ**രതത്തിലെ ദലിത് ക്രൈസ്തവർ പട്ടികജാതി സമുദായങ്ങളിൽ ഉൾപ്പെട്ടവരും, 1950 ആഗസ്റ്റ് 10-ന് ഇറങ്ങിയ പട്ടികജാതി ഉത്തരവ് പ്രകാരം അവർക്ക് ലഭിക്കേണ്ട ന്യായമായ പട്ടികജാതി അവകാശങ്ങളിൽ നിന്നും ഒഴിവാക്കപ്പെട്ടവരുമാണ്. പ്രസ്തുത ഉത്തരവിന്റെ 3-ാം ഖണ്ഡികയിൽ പറയുന്നത് ഹിന്ദുമത വിശ്വാസിയല്ലാത്ത ആർക്കും, പട്ടികജാതിക്കാർക്ക് വേണ്ടി ഭരണഘടന നൽകുന്ന അവകാശങ്ങൾക്ക് അർഹതയില്ലെന്നാണ്. ഈ ഉത്തരവിന് ശേഷം കഴിഞ്ഞ 60 വർഷമായി പ്രസ്തുത കരിനിയമം മാറ്റി മതേതര ഭാരതത്തിൽ പട്ടികജാതിക്കാരെന്ന നിലയിൽ ലഭിക്കേണ്ട അവകാശങ്ങൾക്ക് വേണ്ടി ദീർഘമായ പോരാട്ടം ദലിത് ക്രൈസ്തവർ നടത്തി വരുന്നു. നീതിക്കും, മനുഷ്യാവകാശത്തിനും വേണ്ടിയുള്ള ഈ പോരാട്ടം ഭാരതത്തിൽ മാത്രമല്ല ലോകവ്യാപകമായി തന്നെ ഏറ്റവും വലിയ മനുഷ്യാവകാശ പോരാട്ടമായി അവശേഷിക്കുന്നു.

ദലിത് ക്രൈസ്തവരുടെ ഈ ധർമ്മസമരം ന്യായമല്ലെന്ന് ആരും ഇതുവരെ പറഞ്ഞിട്ടില്ല. ഭാരതത്തിൽ ഇന്നേ വരെ നിയമിച്ചിട്ടുള്ള എല്ലാ കമ്മീഷനുകളും ഒരു പോലെ ശുപാർശ ചെയ്തിട്ടുള്ളത് ദലിത് ക്രൈസ്തവർക്ക് അർഹതപ്പെട്ട പട്ടികജാതിപ്പദവി നൽകണമെന്നാണ്. എന്നാൽ ഇതൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതായി കാണുന്നില്ല. 1996-ൽ ഇത് സംബന്ധിച്ച് ക്യാബിനറ്റ് നോട്ടിന്റെ അടിസ്ഥാനത്തിൽ ഒരു ബില്ല് ലോകസഭയിൽ അവതരിപ്പിക്കാൻ ശ്രമിച്ചതാണ്. എന്നാൽ നടപടി ക്രമങ്ങളിലെ പിശകുമൂലം ആ നീക്കം വിജയിച്ചില്ല.

## 1983-ലെ സൂസായി കേസ്

മദ്രാസിലെ ഒരു ചെരുപ്പുകുത്തിയായ സൂസായി മദ്രാസ് കോർപ്പറേഷനിൽ ഒരു ബങ്കിന് അപേക്ഷിച്ചപ്പോൾ ക്രിസ്ത്യാനിയാണെന്ന കാരണത്താൽ പട്ടികജാതിക്കാർക്ക് മാത്രമുള്ള പദ്ധതിയിൽ നിന്നും തനിക്ക് ബങ്കനുവദിക്കാനാവില്ല എന്ന മറുപടിയാണ് ലഭിച്ചത്. എന്നാൽ പറയൻ (പട്ടികജാതി സമുദായം) എന്ന രീതിയിൽ താൻ ഇന്നും അയിത്തവും, വിവേചനവും അനുഭവിക്കുന്നു എന്നും ആയതിനാൽ തനിക്ക് പട്ടികജാതിക്കാർക്ക് ലഭിക്കേണ്ട ബങ്കിന് അർഹതയുണ്ടെും വാദിച്ച് സൂസായ് സുപ്രീം കോടതി വരെ പോയിട്ടും നീതി ലഭിച്ചില്ല. സഭയിൽ ജാതിയില്ല എന്നും, ക്രിസ്ത്യാനിയായാൽ ജാതി

യുടെ അടിസ്ഥാനത്തിലുള്ള അയിത്തവും വിവേചനവും ഇല്ലെന്നുമുള്ള ക്രൈസ്തവ സഭാദ്ധ്യക്ഷന്മാരുടെ സത്യവാങ്മൂലത്തെ തുടർന്ന് ഈ കേസ്സ് തള്ളിപ്പോയി. പിന്നീട് 2004-ൽ തമിഴ്നാട്ടുകാരനായ ഫ്രാങ്ക്ളിൻ സീസർ സുപ്രീംകോടതിയിൽ 180/2004 നമ്പരിലുള്ള ഒരു സിവിൽ റിട്ട് പെറ്റിഷൻ സമർപ്പിച്ചു. 1983-ന് ശേഷം CBCI-യും, NCCI-യും മറ്റ് പല സ്ഥാപനങ്ങളും നടത്തിയ പഠനങ്ങളിൽ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്താലും ജാതി നിലനിൽക്കുന്നു എന്ന കണ്ടെത്തലുകളും മറ്റ് തെളിവുകളുമായി ഏകദേശം 3000 പേജുകൾ ഉളള രേഖകളുമായി സുപ്രീം കോടതിയിൽ എത്തിയപ്പോൾ പൊതുതാല്പര്യ ഹർജികൾ നൽകുന്നതിൽ സുപ്രീം കോടതിയിൽ പ്രസിദ്ധമായ സെന്റർ ഫോർ പബ്ളിക്ക് ഇന്ററസ്റ്റ് ലിറ്റിഗേഷൻ (CPIL) ഈ കേസ് ഏറ്റെടുക്കാമെന്ന് ഉറപ്പ് നൽകി. അപ്രകാരം CPIL ഒന്നാം വാദിയായും, ശ്രീ ഫ്രാങ്ക്ളിൻ സീസർ രണ്ടാം വാദിയായും സുപ്രീം കോടതിയിൽ വീണ്ടും എത്തിയപ്പോൾ ഈ കേസിൽ കഴമ്പുണ്ടെന്ന് കോടതി ചൂണ്ടിക്കാട്ടി പരിഗണനയ്ക്കെടുക്കുകയായിരുന്നു.

### മിശ്രകമ്മീഷൻ റിപ്പോർട്ട്

സീസർ കേസ് സുപ്രീം കോടതിയിൽ നടന്നു വരവേ സത്യവാങ്മൂലം സമർപ്പിക്കാതെ ഒളിച്ചു കളി നടത്തിയ കേന്ദ്ര ഗവൺമെന്റ് സുപ്രീം കോടതിയിൽ നിന്ന് ശക്തമായ വിമർശനവും ആക്ഷേപവും ഏറ്റു വാങ്ങിയപ്പോൾ അതിൽ നിന്നും രക്ഷപ്പെടുന്നതിന് വേണ്ടി ഈ വിഷയം പഠിക്കുന്നതിനായി ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ടെന്ന് പറഞ്ഞ് തടിതപ്പുകയായിരുന്നു. പിന്നീട് 6 മാസത്തിന് ശേഷം ജസ്റ്റിസ് രംഗനാഥ മിശ്ര ചെയർമാനായുള്ള ദേശീയ ഭാഷാ മത ന്യൂനപക്ഷ കമ്മീഷന് ഈ വിഷയം കൂടി പഠിക്കാൻ അധിക ചുമതല നൽകി ഏൽപ്പിക്കുകയായിരുന്നു. ദലിത് ക്രൈസ്തവർക്കും, ദലിത് മുസ്ലീങ്ങൾക്കും പട്ടികജാതി പദവി നൽകുന്നതുമായി ബന്ധപ്പെട്ട് അവരുടെ സാമൂഹ്യ-വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പഠിക്കുതിന് കമ്മീഷൻ ശ്രമിക്കുകയും 2008-ൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് രണ്ട് വർഷത്തിന് ശേഷം ശക്തമായ സമ്മർദ്ദത്തെത്തുടർന്ന് കേന്ദ്ര ഗവൺമെന്റ് പാർലമെന്റിൽ വച്ചു. എന്നാൽ ഈ രാജ്യത്തെ മാദ്ധ്യമങ്ങളിലൂടെ റിപ്പോർട്ടിനെ വിവാദമാക്കി മാറ്റുവാനാണ് ചില തൽപര കേന്ദ്രങ്ങൾ ശ്രമിച്ചത്. ദലിത് ക്രൈസ്തവരെ സംബന്ധിച്ച 3 ശുപാർശകളാണ് പ്രസ്തുത റിപ്പോർട്ടിലുള്ളത്.

1. ക്രിസ്തുമതവും ഇസ്ലാം മതവും അവ ഉത്ഭവിച്ച രാജ്യങ്ങളിൽ ശുദ്ധമതങ്ങളായിരുന്നുവെങ്കിലും ഭാരതത്തിൽ ഈ മതങ്ങളിലേക്ക് ചേക്കേറിയവർ തങ്ങളുടെ സാമൂഹ്യ വ്യവസ്ഥിതിയും അതിന്റെ തട്ടുകളും, ജാതിയും, ജാതി സമ്പ്രദായങ്ങളുമൊക്കെ ക്രിസ്ത്യൻ-മുസ്ലീം മതവിശ്വാസങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോഴും വച്ച് പുലർത്തുന്നുണ്ട്.

2. സംവരണവും പട്ടികജാതി പദവിയും മതനിരപേക്ഷമായിരിക്കണം. സംവരണം മതപരിഗണന കൂടാതെ ജാതിയുടെ അടിസ്ഥാനത്തിൽ നൽകേണ്ടതാണ്.

3. 1950-ലെ പട്ടികജാതി ഉത്തരവിന്റെ മൂന്നാം ഖണ്ഡിക ഭരണഘടനയുടെ മതേതര സ്വഭാവത്തിന് വിരുദ്ധമായതിനാൽ അത് പൂർണ്ണമായി റദ്ദു ചെയ്ത് ദലിത് ക്രൈസ്തവരെയും ദലിത് മുസ്ലീങ്ങളെയും പട്ടികജാതിയുടെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

ഈ നിർദ്ദേശങ്ങളിൽ എന്തെങ്കിലും വിവാദം ആർക്കും കാണാൻ കഴിയില്ല. എന്നാൽ കമ്മീഷൻ റിപ്പോർട്ടിന്റെ പ്രധാന ഭാഗങ്ങളിൽ ന്യൂനപക്ഷ ക്ഷേമം സംബന്ധിച്ച ശുപാർശകൾ, പ്രത്യേകിച്ച് ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തേണ്ട സംവരണ രീതികൾ സംബന്ധിച്ച ശുപാർശ ചെയ്തിരിക്കുന്നത് വിവാദകരവും, പൂർണ്ണമായി നടപ്പിലാക്കാൻ കഴിയാത്തതുമാണെന്ന് കേന്ദ്ര ന്യൂനപക്ഷകാര്യ വകുപ്പ് മന്ത്രി തന്നെ പറഞ്ഞിട്ടുള്ളതാണ്. വസ്തുത ഇതായിരിക്കെ മിശ്രാ കമ്മീഷൻ റിപ്പോർട്ടിൽ വിവാദമുണ്ടെന്നും അത് ദലിത് ക്രൈസ്തവരുടെ പട്ടികജാതി പദവി സംബന്ധിച്ചതാണെന്നും മാദ്ധ്യമങ്ങളിൽ വരുന്നത് 1950 മുതൽ ദലിത് ക്രൈസ്തവർക്കെതിരെ രാജ്യത്ത് നടപ്പിലാക്കി വരുന്ന ഗൂഢാലോചനയുടെ ഭാഗമായിട്ടേ കാണാൻ കഴിയൂ.



**ന്യൂനപക്ഷ അവകാശ സംരക്ഷണത്തിന് ജനങ്ങളെ തെരുവിലിറക്കാനും വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിടാനും രാഷ്ട്രീയ സമ്മർദ്ദം ഉണ്ടാക്കാനും വലുതും, ചെറുതുമായ വിഷയങ്ങളിൽ അടിക്കടി ഇടയലേഖനമിറക്കാൻ മടിക്കാത്ത സഭയ്ക്ക് എന്തേ ദലിത് ക്രൈസ്തവ വിഷയത്തിൽ മാത്രം ഒരു ഒളിച്ചുകളി.**

## പുതിയ സംഭവ വികാസങ്ങൾ

1.കേന്ദ്ര ന്യൂനപക്ഷ കാര്യമന്ത്രാലയം, ഡൽഹി യൂണിവേഴ്സിറ്റിയെക്കൊണ്ട് ചെയ്യിച്ച ഒരു പഠന റിപ്പോർട്ട് അടുത്തിടെ പുറത്തിറങ്ങിയതിൽ ദലിത് ക്രൈസ്തവരുടെയും, ദലിത് മുസ്ലീങ്ങളുടെയും പിന്നാക്കാവസ്ഥ ചൂണ്ടിക്കാണിച്ചു കൊണ്ട്. അവർക്ക് പട്ടികജാതി പദവി നൽകണമെന്ന് ശക്തമായി ശുപാർശ ചെയ്യുന്നു.

2. ബി. ജെ. പി ഗവൺമെന്റ് നിയോഗിച്ച ഭരണ ഘടന പരിഷ്കരണ കമ്മിറ്റി രാജ്യത്തെ ദലിത് ക്രിസ്ത്യൻ പീഡനങ്ങളെക്കുറിച്ച് വിശദമായി പഠിച്ച് കണ്ടെത്തിയത്, ഈ പീഡനങ്ങളുടെ ഏറിയ പങ്കും അനുഭവിക്കുന്നത് ദലിത് ക്രൈസ്തവരാണെന്നും ആയതിനാൽ അവർക്ക് മതിയായ പരിരക്ഷ ലഭിക്കുന്നതിന് 1989-ലെ പട്ടികജാതി പീഡന നിരോധന നിയമത്തിന്റെ പരിധിയിൽ അവരെകൊണ്ടു വരണമെന്നുമാണ്. ഇങ്ങനെ നോക്കുമ്പോൾ ബി. ജെ. പി. സർക്കാർ പോലും ദലിത് ക്രൈസ്തവരുടെ പട്ടികജാതി പദവിക്കുള്ള അർഹതയെ നിഷേധിക്കുന്നില്ല, എന്ന് മനസ്സിലാക്കണം.

3. നാളിതുവരെയായി ഒരു പട്ടികജാതി എം. പി. -യും ഈ വിഷയത്തിനെതിരായി പ്രധാനമന്ത്രിയുടെ ഓഫീസിൽ ഒരു പരാതിയും നിവേദനവും സമർപ്പിച്ചിട്ടില്ലെന്ന് വിവരാവകാശ നിയമപ്രകാരം അറിയുവാൻ കഴിഞ്ഞു. അപ്പോൾ ഭാരതത്തിലെ 120 പട്ടികജാതി / വർഗ്ഗ എം. പി മാർ ഒരുമിച്ച് എതിർക്കുന്നത് കൊണ്ടാണ് സർക്കാരിന്റെ ഭാഗത്ത് നിന്നും അനുകൂല നടപടി ഉണ്ടാകാത്തതെന്ന വാദം വെറും പൊള്ളയല്ല?

4. യു. പി.-എ.യിലും, എൻ. ഡി. എ-യിലും, ബി. ജെ. പി ഒഴിച്ചുള്ള എല്ലാ പാർട്ടികളും ദലിത് ക്രൈസ്തവ പട്ടികജാതി പദവി നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പ്രധാനമന്ത്രിയ്ക്ക് പലകുറി കത്തെഴുതിയിട്ടുണ്ട്. ഇതിൽ ഇടത് പാർട്ടികളും, ബി. എസ്. പി-യും ഉൾപ്പെടും.



## തടസ്സം - പരിഹാരം

ലേഖകൻ ഉൾപ്പെടെയുള്ള സംഘം രണ്ട് തവണ പ്രധാനമന്ത്രിയേയും, വകുപ്പ് മന്ത്രിമാരെയും സന്ദർശിച്ചപ്പോഴും, ഈ വിഷയത്തിൽ എന്തെങ്കിലും തടസ്സം ഉള്ളതായി അറിയാൻ കഴിഞ്ഞില്ല. എന്നാൽ നാം ഇന്ന് മനസ്സിലാക്കുന്നത് സർക്കാരിന്റെ മുന്നിൽ ഇതൊരു ഗൗരവമായ വിഷയമായി ഇന്നേ വരെ പരിണമിച്ചിട്ടില്ല എന്നാണ്. ദലിത് ക്രൈസ്തവർ ഡൽഹിയിലോ, സംസ്ഥാനങ്ങളിലോ നടത്തുന്ന സമരങ്ങൾ സർക്കാരിൽ അധികം സമ്മർദ്ദം ഉണ്ടാക്കുന്നില്ല. ഗുജാറുകളെപ്പോലെയോ, കാശ്മീരികളെപ്പോലെയോ അക്രമത്തിന്റെ പാതയിലേക്ക് തിരിഞ്ഞ് ജനശ്രദ്ധയെ ആകർഷിക്കുവാനും, സർക്കാരിന് തലവേദന ഉണ്ടാക്കുവാനും നാം ശ്രമിക്കുന്നില്ല, ആഗ്രഹിക്കുന്നുമില്ല. എന്നാൽ സമാധാനത്തിന്റെയും, ശാന്തിയുടെയും മാർഗ്ഗമായ ക്രിസ്തുമാർഗ്ഗത്തിലൂടെ തന്നെ ദേശീയ സമ്മർദ്ദം ഉണ്ടാക്കുവാൻ നമുക്ക് കഴിഞ്ഞാൽ ഈ വിഷയത്തിന് ഉടൻ പരിഹാരമാകുമെന്നതിൽ തർക്കമില്ല.

## സഭയുടെ പങ്ക്

ഇത്തരത്തിലുള്ള ഒരു സമ്മർദ്ദം ദേശീയതലത്തിൽ കൊണ്ട് വരണമെങ്കിൽ ക്രൈസ്തവ സഭയുടെ സഹായം ഉണ്ടെങ്കിലെ കഴിയൂ. 2010 ജൂലൈ 21-ന് ചേർന്ന CBCI കൂടിയ ഒരു അവലോകന യോഗത്തിൽ ഇതിന് വേണ്ടി ശക്തമായ നിർദ്ദേശങ്ങൾ മുന്നോട്ട് വന്നിരുന്നു. ഇൻഡ്യയിലെ ക്രൈസ്തവ മാനേജ്മെന്റിന് കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒന്നോ രണ്ടോ ദിവസം ഈ കാര്യം ഉന്നയിച്ച് കൊണ്ട് അടച്ചിടുവാൻ ആഹ്വാനം ചെയ്യുകയാണെങ്കിൽ അത് ദേശീയശ്രദ്ധ പിടിച്ച് പറ്റുന്ന ഒരു സമ്മർദ്ദമാകും. അതുപോലെ, ഓരോ സഭയും രൂപതകളും അവരുടെ മുഖ്യധാരാ വിഷയങ്ങളിലൊന്നായി ഈ വിഷയത്തെകൂടിക്കണ്ട് അവരുടെ സ്വാധീനം ചെലുത്താൻ കഴിയുന്ന രാഷ്ട്രീയ കേന്ദ്രങ്ങളിൽ സമ്മർദ്ദം സൃഷ്ടിക്കണം. കേരളത്തിലെ ലത്തീൻ സഭ മത്സ്യത്തൊഴിലാളികളുടെ അവകാശ സമരത്തിന് നൽകു പിന്തുണ പോലെ, ഉത്തരപൂർവ്വ ഭാരതത്തിലെ ലത്തീൻ സഭ ആദിവാസികളുടെ അവകാശങ്ങൾക്ക് നൽകുന്ന പ്രാധാന്യം പോലെ, സീറോ മലബാർ സഭ കർഷകന്റെ അവകാശങ്ങൾക്ക് ഊന്നൽ നൽകുന്നത് പോലെ സി. എസ്. ഐ. ദക്ഷിണകേരള മഹായിടവക SIUC വിഷയത്തിൽ നൽകുന്ന പ്രാധാന്യം പോലെ ഈ സഭകളൊക്കെ ദലിത് ക്രൈസ്തവരുടെ വിഷയത്തെ കാണാനും പിൻതുണയ്ക്കാനും ശ്രമിച്ചാൽ ദലിത് ക്രൈസ്തവ വിഷയത്തിന് ഇനി ദിവസങ്ങളുടെ ആയുസ്സേ ഉണ്ടാകൂ.

ഇവിടെ പ്രസക്തമായ ചോദ്യം, സഭ നമ്മെ പിൻതുണയ്ക്കുമോ? ന്യൂനപക്ഷ അവകാശ സംരക്ഷണത്തിന് ജനങ്ങളെ തെരുവിലിറക്കാനും വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിടാനും രാഷ്ട്രീയ സമ്മർദ്ദം ഉണ്ടാക്കാനും വലുതും, ചെറുതുമായ വിഷയങ്ങളിൽ അടിക്കടി ഇടയലേഖനമിറക്കാൻ മടിക്കാത്ത സഭയ്ക്ക് എന്തേ ദലിത് ക്രൈസ്തവ വിഷയത്തിൽ മാത്രം ഒരു ഒളിച്ചുകളി. സഭയുടെ മുഖ്യധാരയിലേക്ക് കടന്നു വരാൻ ഇനിയും കഴിഞ്ഞിട്ടില്ലാത്ത ഈ കുഞ്ഞാടുകളും സഭയുടെ ഭാഗമാണെന്നറിഞ്ഞ് അവരുടെ ന്യായമായ അവകാശങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടങ്ങളെ എല്ലാ വിധത്തിലും പിൻതുണയ്ക്കുവാൻ സഭ മുന്നോട്ട് വരുമെന്ന് പ്രത്യാശിക്കുന്നു. ●

ഷൈജു അലക്സ്

# റോഡിൽ അപൂർവ്വമായി കണ്ടത്

കുറേ നാളുകൾക്കു ശേഷമാണ്
ഒരപ്പൂപ്പൻ സൈക്കിളിൽ
വേഗത്തിൽ പായുന്നത് കണ്ടത്,

എന്തൊരദ്ഭുതം !
ഇത്രയും കാലം
ചിന്തയിൽ പോലും കടന്നു വന്നില്ലല്ലോ.
സൈക്കിൾ
പഴയ നാടോടി ചെറുക്കൻ
അഭ്യാസം കാട്ടുന്ന
ഇന്ദ്രജാലക്കാരൻ
പ്രത്യാശ തരുന്ന
ലോട്ടറി വിൽപ്പനക്കാരൻ

ഈ അദ്ഭുത വാഹനത്തെ
അപൂർവ്വമായി കാണുന്നുണ്ടല്ലോ...
ഹാവൂ...
ഞാൻ ജീവിച്ചിരിക്കുന്നല്ലോ....
ഭാഗ്യം.....

ഫാ. ജോൺ അരീക്കൽ
കെ സി ബി സി ദളിത് പിന്നോക്ക കമ്മീഷൻ
സംസ്ഥാന സെക്രട്ടറി



# ദളിത് ക്രൈസ്തവ നീതി നിഷേധം

അയിത്തത്തിന്റെയും ഉച്ചനീചത്വത്തിന്റെയും അവശിഷ്ടങ്ങൾ സമൂഹത്തിൽ രൂക്ഷമായിരുന്ന കാലഘട്ടത്തിൽ ദളിത് / ആദിവാസി പിന്നോക്ക സഹോദരങ്ങളെ സംഘടിപ്പിക്കുവാനും, സാമൂഹ്യനീതി ഉറപ്പുവരുത്തുവാനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും ത്യാഗോജ്ജ്വലമായ നേതൃത്വം കൊടുത്തത് കത്തോലിക്കാ സഭയാണ്.

യേശു പാവങ്ങളോടാണ് സുവിശേഷം പ്രസംഗിക്കാൻ വന്നത്. അഷ്ടഭാഗ്യങ്ങളിൽ ആദ്യത്തേത് ദരിദ്രരെ അഭിസംബോധന ചെയ്തുകൊണ്ടായിരുന്നു. "ദരിദ്രരെ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗരാജ്യം നിങ്ങളുടേതാകുന്നു." (മത്തായി 5:7) ഇന്ത്യയിൽ ആകെ 200 ലക്ഷം ക്രൈസ്തവരാണുള്ളത്. ഇവരിൽ 125 ലക്ഷത്തോളം ദളിത് ക്രൈസ്തവരാണ്. കേരളത്തിലെ 75 ലക്ഷം വരുന്ന ക്രൈസ്തവരിൽ 15 ലക്ഷം ദളിതരത്രേ. ദളിത് വിഭാഗത്തിലുള്ളവർ മതപരിവർത്തനം ചെയ്ത് ക്രിസ്ത്യാനികളായി തീരുന്നതിനോട് പല സുറിയാനി ക്രിസ്ത്യാനി വിഭാഗങ്ങളും യോജിച്ചിരുന്നില്ല. വർഷങ്ങൾ പലതുകഴിഞ്ഞിട്ടും ദളിത് ക്രൈസ്തവർ സുറിയാനി ക്രിസ്ത്യാനികളോട് തുലനം ചെയ്യുമ്പോൾ വളരെ അധഃസ്ഥിതരായി ഇന്നും നിലകൊള്ളുന്നു. നായർ ഈഴവ സമുദായങ്ങളിൽ നിന്ന് മതപരിവർത്തനം ചെയ്തവരെ ഉൾക്കൊള്ളാൻ തയ്യാറായതുപോലെ പട്ടികജാതി വിഭാഗങ്ങളിൽ നിന്ന് മതപരിവർത്തനം ചെയ്തവരെ സ്വീകരിക്കാൻ സുറിയാനി ക്രിസ്ത്യാനികൾ തയ്യാറായിരുന്നില്ല. ഈ സ്ഥിതിയ്ക്ക് അൽപം മാറ്റം വന്നിട്ടുണ്ടെങ്കിലും ഫലം ഇന്നും ആശാവഹമല്ല. മിഷനറിമാരുടെ പ്രവർത്തനഫലമായി ദളിത് വിഭാഗത്തിൽപ്പെട്ട ധാരാളമാളുകൾ മതപരിവർത്തനം ചെയ്ത് ക്രിസ്ത്യാനികളായി. സാംബവർ, ചേരമർ തുടങ്ങിയ ദളിത് വിഭാഗങ്ങളിൽ നിന്ന്

**1950 മുതൽ 2009 വരെ 59 വർഷം പിന്നിട്ട സ്ഥിതിയിൽ ഒരു വർഷം ഒരു ശതമാനം ദളിത് ആദിവാസി പിന്നോക്ക വിഭാഗങ്ങളെ അതതു രൂപതയോ, സന്യാസ ഭവനങ്ങളോ, സംഘടനയോ, ദത്തെടുക്കുവാനും സഹായിക്കുവാനും തയ്യാറായിരുന്നെങ്കിൽ ഇന്ന് 59 ശതമാനം പാവപ്പെട്ടവർ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരുമായിരുന്നു.**

പട്ടികവർഗ്ഗക്കാരായ ഗിരിവർഗ്ഗക്കാർ, കാണിക്കാർ, വേടർ എന്നീ വിഭാഗങ്ങളിൽ നിന്നുമുള്ള ക്രിസ്ത്യാനികൾ വലിയ ഒരു സംഖ്യമായി സഭാ വിശ്വാസികളിൽ പങ്കുചേർന്നു. ദളിത് ക്രൈസ്തവരുടെ ഈ വർദ്ധനവ് പാരമ്പര്യം ക്രിസ്ത്യാനികളെ മാനസികമായി അസ്വസ്ഥരാക്കിയെന്ന് മാത്രമല്ല, അവരെ പുതു ക്രിസ്ത്യാനികളെന്നു മുദ്രകുത്തി മാറ്റി നിർത്തി.

സമൂഹത്തിൽ വളരെ പിന്നാക്കം നിൽക്കുന്ന ദളിത് ക്രൈസ്തവ സഹോദരങ്ങളോട് സഭയ്ക്ക് എക്കാലവും ആദരവും ബഹുമാനവുമാണുള്ളത്. അവരുടെ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ ആവശ്യങ്ങളിൽ സമഗ്ര വികസനം ലക്ഷ്യമാക്കി ഒട്ടേറെ വികസന പ്രവർത്തനങ്ങൾ സഭ നടപ്പിലാക്കി വരുന്നു. ദളിത് ക്രൈസ്തവ കുടുംബങ്ങളിൽ നിന്ന് ധാരാളം ദൈവവിളികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ആധ്യാത്മിക നേതൃത്വത്തിലേക്കുള്ള ദളിത് ക്രൈസ്തവ സഹോദരങ്ങളുടെ പങ്കാളിത്തം തികച്ചും ഫലം കാണുമെന്നതിന് ധാരാളം തെളിവുകളുണ്ട്. അതിനുതകുന്ന കുടുംബ ബന്ധങ്ങൾ അരക്കിട്ടുറപ്പിക്കുവാനും ഭവനനിർമ്മാണം, വിവാഹ സഹായം, ചികിത്സാ സഹായം, വിദ്യാഭ്യാസം, തൊഴിൽ എന്നീ അടിയന്തര ആവശ്യങ്ങൾ നിർവഹിച്ചു കൊടുക്കുവാൻ വ്യക്തമായ രൂപരേഖ തയ്യാറാകേണ്ടിയിരിക്കുന്നു. ഗവൺമെന്റിൽ നിന്ന് ദളിത് ക്രൈസ്തവരുടെ അവകാശങ്ങൾ നേടിയെടുക്കാൻ പരിശ്രമിക്കുന്നതോടൊപ്പം ക്രൈസ്തവ സമൂഹത്തിലെ മുന്നാക്ക വിഭാഗങ്ങളുടെയിടയിലെ പിന്നാക്ക വിഭാഗത്തെ ആദ്ധ്യാത്മികമായും സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഉയർന്നുകാണുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുകയും സഹായിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അവരുടെ ഇടയിൽ ദാരിദ്ര്യമനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല. (നടപടി 4/34) ആദിമ ക്രൈസ്തവ സമൂഹത്തെപ്പറ്റി സാക്ഷ്യപ്പെടുത്തിയ ഈ കടമ കേരള ക്രൈസ്തവ സഭയിലും സാർത്ഥകമാകണം.

വളരെ ക്രിയാത്മകമായ ചിന്തയിലേക്കും തീരുമാനങ്ങളിലേക്കും സഭ അടിയന്തിരമായി ഇടപെടണം - ഇറങ്ങിച്ചെല്ലണം. ഭാരതസഭയും കേരള സഭയും പാവപ്പെട്ട ദളിത് ആദിവാസി പിന്നാക്ക വിഭാഗങ്ങൾക്കുവേണ്ടി സഭ “പാവപ്പെട്ടവന്റേതാണ്”. എന്ന തിരിച്ചറിവ് സഭാതനയർക്കുണ്ടാകണം.

ദളിത് ക്രൈസ്തവർ പട്ടികയിൽ ഇല്ലാത്തതുമൂലം ആനുകൂല്യം ലഭിക്കാൻ അർഹതയില്ലയെന്നത് ഏവർക്കുമറിയാം. 1950ൽ സിക്കുമതസ്ഥരെയും 1990ൽ ബുദ്ധമതസ്ഥരെയും പട്ടികയിൽ ഉൾപ്പെടുത്തി സംവരണം നൽകി. 1950 ജനുവരി 26ന് ഭരണഘടന നിലവിൽവന്നപ്പോൾ ദളിത് ക്രൈസ്തവപ്രശ്നം നിലവിലില്ലായിരുന്നു. എന്നാൽ 1950 ആഗസ്റ്റ് 10ന് പ്രസിഡൻഷ്യൽ ഓർഡർ വഴി പട്ടികജാതി സംവരണം ഇല്ലാതാക്കി. “ഹിന്ദുമതത്തിൽ നിന്ന് വ്യത്യസ്തമായ ഒരു മതം സ്വീകരിച്ചിട്ടുള്ള ദളിതരെ പട്ടികജാതിക്കാരായി പരിഗണിക്കുന്നതല്ല” എന്നതായിരുന്നു ഉത്തരവ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിയോഗിച്ചിട്ടുള്ള അന്വേഷണ കമ്മീഷനുകളും കോടതിവിധികളും ദളിത് ക്രൈസ്തവർക്ക് അനുകൂലമാണെങ്കിലും നാളിതുവരെ സംവരണ ആനുകൂല്യം നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല.

1950 മുതൽ 2009 വരെ 59 വർഷം പിന്നിട്ട സ്ഥിതിയിൽ ഒരു വർഷം ഒരു ശതമാനം ദളിത് ആദിവാസി പിന്നോക്ക വിഭാഗങ്ങളെ അതതു രൂപതയോ, സന്യാസ ഭവനങ്ങളോ, സംഘടനയോ, ദത്തെടുക്കുവാനും സഹായിക്കുവാനും തയ്യാറായിരുന്നെങ്കിൽ ഇന്ന് 59 ശതമാനം പാവപ്പെട്ടവർ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരുമായിരുന്നു. സമ്പന്നരായ സഭാമക്കൾ ഓരോ ദളിത് ക്രൈസ്തവ കുടുംബത്തെ/വിദ്യാർത്ഥിയെ ദത്തെടുത്ത് ആ കുടുംബത്തെ/വിദ്യാർത്ഥിയെ യഥാർത്ഥ ക്രിസ്ത്വാനുഭവത്തിലേക്കും സമഗ്രവികസനത്തിന്റെ പാതയിലേക്കും കൈപിടിച്ചുയർത്തുവാൻ കഴിയുമായിരുന്നു. കേരളത്തിലെ 29 രൂപതകളുടെയും എണ്ണമറ്റ സന്യാസ സന്യാസിനി സമൂഹങ്ങളുടെയും സാമൂഹ്യക്ഷേമ കാര്യാലയ പ്രവർത്തനങ്ങൾ വഴി ആയിരക്കണക്കിന് നാനാജാതി മതസ്ഥർ സഹായത്തിനും പ്രോത്സാഹത്തിനും അർഹരാകുമ്പോൾ പിന്നാക്കം നിൽക്കുന്ന ദളിത് ക്രൈസ്തവനിലേക്ക് ക്ഷേമപ്രവർത്തനങ്ങൾ എത്തിച്ചേരുന്നോ എന്ന് ആത്മപരിശോധന ചെയ്യണം. ഇങ്ങനെ ഏക രക്ഷകനായ യേശുക്രിസ്തുവിനെ അറിഞ്ഞ് സ്നേഹിച്ച് യഥാർത്ഥ ക്രിസ്തീയ സ്വാതന്ത്ര്യം അനുഭവിക്കാൻ ദളിത് ആദിവാസി പിന്നോക്ക വിഭാഗത്തെ സഹായിക്കണം.

വിദ്യാഭ്യാസ പരമായി നിരവധി കാര്യങ്ങൾ സഭാരംഭം മുതൽ തന്നെ നിർവഹിച്ചുകൊണ്ടിരിക്കുകയാണ്. കാലാകാലങ്ങളിലുള്ള ഭാരത കത്തോലിക്കാ മെത്രാൻ സംഘത്തിന്റെയും കേരള കത്തോലിക്ക മെത്രാൻ സംഘത്തിന്റെയും തീരുമാനങ്ങൾ ഏറെ ആശയ്ക്ക് വക നൽകുന്നതാണ്. സാമ്പത്തിക പിന്നാക്കാവസ്ഥ കാരണം ആദിവാസി ദളിത് കുട്ടികളിലാർക്കും വിദ്യാഭ്യാസം നിഷേധിക്കരുതെന്നും സന്യാസ സന്യാസിനി സമൂഹങ്ങളും രൂപതകളും നടത്തുന്ന എല്ലാ കത്തോലിക്കാ വിദ്യാലയങ്ങളിലും വളരെ പിന്നോക്കം നിൽക്കുന്ന ദളിത് സഹോദരങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ എല്ലാവിധ സഹായവും പ്രോത്സാഹനവും നൽകണമെന്നും അതുവഴി നീതിപൂർവ്വകമായ സമൂഹത്തെ കെട്ടിപ്പടുക്കുവാൻ കഴിവുറ്റ ദളിത് കുട്ടികളെ കണ്ടെത്തി അവർക്ക് ഉന്നത സാങ്കേതിക വിദ്യാഭ്യാസമുൾപ്പെടെ





രുടെ ജീവിത നവീകരണവും ഉന്നതിയും പ്രാപിക്കുന്നതിനും ഇടയായിട്ടുള്ളത്. കേരളത്തിലെ 30 രൂപതകളിൽ 29 രൂപതകളിലും മറ്റ് വിവിധ ക്രൈസ്തവ വിഭാഗങ്ങളിലും പൂർണ്ണമായോ ഭാഗികമായോ അവശ സമുദായങ്ങളിൽ ഉൾപ്പെട്ടിരുന്ന സഹോദരങ്ങൾ ഉൾക്കൊള്ളുന്നവയാണ്. അവരിൽ ഭൂരിപക്ഷവും നിർധനരും നിരാലംബരും വിദ്യാഭ്യാസ വിഹീനരുമാണ്. ക്രിസ്തീയ വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ സർക്കാരിൽ നിന്നും രാഷ്ട്രീയ പാർട്ടികളിൽ നിന്നും സഹകരണസംഘങ്ങളിൽ നിന്നും മറ്റും ലഭിക്കേണ്ട ആനുകൂല്യങ്ങളും അവകാശങ്ങളും അവർക്ക് നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അവരുടെ തന്നെ സമൂഹത്തിൽപ്പെട്ട അന്യമതസ്ഥർക്കും നിരീശ്വരന്മാർക്കും നിർമ്മിതസ്തർക്കും ധാരാളം ആനുകൂല്യങ്ങളും സഹായങ്ങളും ലഭിക്കുന്നുവെന്നത് ദളിത് ക്രൈസ്തവരുടെ ദുഃസ്ഥിതി കൂടുതൽ രൂക്ഷമാക്കുന്നുവെന്നത് ഒരു ദുഃഖ സത്യമാണ്. ക്രൈസ്തവ കൂട്ടായ്മയിൽ ദളിത് സഹോദരങ്ങൾ പ്രവേശിച്ചത് ഭൗതിക സ്ഥിതി വിശേഷങ്ങൾ മെച്ചപ്പെടുത്തുന്ന ഒരു ആത്മീയത പ്രതീക്ഷിച്ചു കൊണ്ടാണ്. പ്രതീക്ഷിച്ചതുപോലെ എല്ലാം സാധിച്ചില്ലെങ്കിലും കുറേയൊക്കെ പുരോഗതി ഉണ്ടാകുന്നതിന് ക്രിസ്തീയ അസ്തിത്വം അവരെ സഹായിച്ചിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. സ്ഥിതിഗതികൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സാധ്യത കണ്ടെത്തണം. അതിന് സഭാടിസ്ഥാനത്തിൽ ഒരു കർമ്മ പദ്ധതി തന്നെ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. വളരെ വ്യക്തമായ കാഴ്ചപ്പാട് ഇക്കാര്യത്തിൽ അടിയന്തരമായി ഉണ്ടാകണം. പലരൂപതകളും ദളിത് വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്കും കുടുംബങ്ങൾക്കും വേണ്ടി പല വികസന പദ്ധതികളും സഹായങ്ങളും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. സഭകൾ നിർവഹിക്കുന്ന വിദ്യാഭ്യാസ സഹായം ഭവന നിർമ്മാണം, ജോലിയവസരങ്ങൾ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ, പ്രത്യേക പഠന ഭവനങ്ങൾ, താമസ സൗകര്യങ്ങൾ, മുതലായവ ശ്ലാഘനീയമാണ്. കത്തോലിക്കാ സ്വാശ്രയ മെഡിക്കൽ – എഞ്ചിനീയറിംഗ് കോളേജുകളിൽ നിശ്ചിത ശതയുള്ള അവസരം ഒരുക്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു. (CBCI 2006.3:6, 4:21, 8:1). ഭാരത കത്തോലിക്കാ മെത്രാൻ സംഘ (CBCI)ത്തിന്റെ അധ്യക്ഷൻ അത്യുന്നത കാർഡിനൽ ടെലസ്പോർ റ്റോപ്പോ 2007 മെയ് 25ന് പ്രഖ്യാപിച്ച കത്തോലിക്കാ വിദ്യാഭ്യാസ നയരേഖ വിദ്യാഭ്യാസ മേഖലയിൽ ദളിത് ആദിവാസി മേഖലയിൽ ഒട്ടേറെ അവസരങ്ങൾ ലഭ്യമാക്കും. കേരള സഭയെ സംബന്ധിച്ചിടത്തോളം 10 കത്തോലിക്ക സ്വാശ്രയ എഞ്ചിനീയറിംഗ് സ്ഥാപനങ്ങളിൽ 5 ശതമാനം സംവരണം ദളിത് ക്രൈസ്തവർക്ക് മാറ്റിവെച്ചു. 2007 ജൂൺ 6ന് എറണാകുളം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ കൂടിയ കെ സി ബി സി തീരുമാനിച്ചു. അതുപ്രകാരം 175 സീറ്റുകൾ ദളിത് ക്രൈസ്തവർക്ക് ലഭിച്ചുവെങ്കിലും 15 സീറ്റുകൾ മാത്രമേ അഡ്മിഷൻ നേടാൻ കുട്ടികളുണ്ടായിരുന്നുള്ളൂ. കാരണം പ്ലസ് വൺ ക്ലാസ്സിൽ ചേരുമ്പോൾ സയൻസ്, കണക്ക് വിഷയങ്ങളെടുത്തു പഠിക്കാനും സാമ്പത്തിക സ്ഥിതി മോശമായ വിദ്യാർത്ഥികളെ സഹായിക്കാനുമുള്ള സംവിധാനങ്ങൾ ഇന്ന് കുറവാണ്. വരും വർഷങ്ങളിൽ ആശാവഹമായ വ്യത്യാസം ഇക്കാര്യത്തിലുണ്ടാകുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

മനുഷ്യ സമൂഹത്തോടുള്ള പ്രതിബദ്ധതയുടെ പശ്ചാത്തലത്തിൽ സഭാജീവിതം ക്രിസ്തീയ കൂട്ടായ്മയുടെ അനിഷേധ്യമായ വേദിയാണ്. ഭാരതത്തിലും കേരളത്തിലും പ്രാരംഭഘട്ടം മുതൽ സമൂഹത്തിലെ അവശസമുദായങ്ങളുടെ ഇടയിൽ അവരുടെ ഉന്നമനത്തിനായി നാം പ്രത്യേകം ശ്രദ്ധ നൽകി പ്രവർത്തിച്ചു വന്നിരുന്നു. അതിന്റെ ഫലമായി ധാരാളം ദളിത് സഹോദരങ്ങൾ കത്തോലിക്കാ വിശ്വാസം സ്വീകരിക്കുന്നതിനും അവ

> **“അടിച്ചമർത്തപ്പെടുന്നവരും വ്രണിതരുമായ പാവങ്ങൾ വി. കുർബ്ബാനയിലെ യേശുവിന്റെ തനിപ്പകർപ്പാണ്. നമ്മുടെ ഇടയിൽ മുട്ടുപാടുള്ളവരോ വേർതിരിക്കപ്പെട്ടവരോ വേദനിക്കുന്നവരോ ഇല്ലെന്ന് വി. കുർബ്ബാന സ്വീകരിക്കുന്ന ഓരോ വിശ്വാസിയും പറയണം.”**

മാനം സീറ്റുകൾ ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സംവരണം ചെയ്തിട്ടുള്ളത് അതതു കോളേജുകളിലെ പ്രോസ്പറ്റക്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എൽ കെ ജി മുതൽ മെഡിക്കൽ വരെ - ടി. ടി. സി, ബി എഡ്., പോളിടെക്നിക്, ജനറൽ നഴ്സിംഗ്, ബി. എസ്. സി. നഴ്സിംഗ്, എം. ബി. ബി. എസ് വരെ സഭാ സ്ഥാപനങ്ങളിൽ അഡ്മിഷൻ നടക്കുമ്പോൾ ദളിത് ക്രൈസ്തവർക്ക് അർഹമായ അവസരം നൽകണം. രൂപതകളൊക്കെ ചില വികസന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും കേരളത്തിലെ സന്യാസ സന്യാസിനികൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ ഒരു വ്യക്തതയും മാനദണ്ഡവും പാലിക്കുന്നില്ല. ദളിത് ക്രൈസ്തവ സമ്മേളന വേദികളിൽ നിരന്തരം ഉയരുന്ന ആക്ഷേപമാണ്. ഇക്കാര്യത്തിലും വളരെപ്പെട്ടെന്ന് ഉത്തരം കാണേണ്ടിയിരിക്കുന്നു. അങ്ങനെ നമ്മുടെ ദളിത് ക്രൈസ്തവ സഹോദരങ്ങളുടെ അവശസ്ഥിതി കഴിയുന്നതും വേഗം അകറ്റുന്നതിനും അവരുടെ ജീവിത പുരോഗതിക്ക് ഒരു പുതിയ ദിശകണ്ടെത്തുന്നതിനും എല്ലാ ക്രൈസ്തവ സഭകളും മുന്നോട്ടു കടന്നുവരണം. ദളിത് സഹോദരനെ സ്വന്തം സഹോദരനായി കണക്കാക്കുകയെന്നതാണ് ഇന്നത്തെ വളരെ പ്രാധാന്യമർഹിക്കുന്ന വസ്തുത. ജാതിപേരുവിളിച്ചും, പ്രായമായ ദളിത് സഹോദരരെ ബഹുമാനിക്കാതെയുമൊക്കെയുള്ള അവസ്ഥ ഒരിക്കലും സഭയിൽ ഉണ്ടാകുക ക്രൈസ്തവീകമല്ല.

ദളിത് ക്രൈസ്തവർ ആയിരിക്കുന്ന അവസ്ഥയിൽ അംഗീകരിക്കുകയും നീതി പൂർവ്വകവും മനുഷ്യോചിതവും മുൻഗണനാപരവുമായ പരിഗണനയും നൽകുക. സഭാസമൂഹത്തിൽ നിലനിൽക്കുന്ന ഉച്ചനീചത്വങ്ങളും വിവേചനവും ഇല്ലാതാക്കുക, ദളിത് ക്രൈസ്തവരോടുള്ള മനോഭാവത്തിന് മാറ്റം വരുത്തുക. യോഗ്യരായ എല്ലാ ദളിത് കത്തോലിക്കാ ഉദ്യോഗാർത്ഥികൾക്കും നമ്മുടെ സഭാവക സ്ഥാപനങ്ങളിലും സന്യാസ സഭാവക സ്ഥാപനങ്ങളിലും റാങ്ക് ലിസ്റ്റ് പരിഗണന നോക്കാതെ ഉദ്യോഗത്തിന് മുൻതൂക്കം നൽകണം. കിടപ്പാടം, ഭവന നിർമ്മാണം, വിവാഹം, എന്നിവയ്ക്കു വേണ്ട സഹായം നൽകുക, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക. ദളിത് കത്തോലിക്കാ കുട്ടികളെ സ്പോൺസർ ചെയ്യുവാൻ സഭാംഗങ്ങളെ പ്രേരിപ്പിക്കുക, ദളിത് കത്തോലിക്കാ കുട്ടികൾക്ക് സൗജന്യ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുക, ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഇടവകയും രൂപതയും നിശ്ചിത ശതമാനം തുക ദളിത് ക്രൈസ്തവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി മാറ്റിവെയ്ക്കണം.

സഭാ നിലപാടുകൾ പലപ്പോഴും പ്രോത്സാഹജനകമാകേണ്ടതിനു ബന്ധപ്പെട്ടവർ വ്യക്തമായ കാഴ്ചപ്പാടോടെ പദ്ധതികൾ ആവിഷ്കരിക്കണം. പലരൂപതകളിലും ദളിത് ക്ഷേമനിധി ആരംഭിച്ചിട്ടുണ്ട്. സമൂഹത്തിൽ അവശതയും ദുരിതവും അനുഭവിക്കുന്ന നമ്മുടെ ദളിത് സഹോദരങ്ങളെ അവഗണിച്ചും മറന്നുമുള്ള ഒരു പ്രവർത്തനവും സഭാഗാത്രത്തിലുണ്ടാകാൻ പാടില്ല. വി. ക്രിസ്റ്റോസം പറയുന്ന വാക്കുകൾ ശ്രദ്ധേയമാണ്. "അടിച്ചമർത്തപ്പെടുന്നവരും വ്രണിതരുമായ പാവങ്ങൾ വി. കുർബ്ബാനയിലെ യേശുവിന്റെ തനിപ്പകർപ്പാണ്. നമ്മുടെ ഇടയിൽ മുട്ടുപാടുള്ളവരോ വേർതിരിക്കപ്പെട്ടവരോ വേദനിക്കുന്നവരോ ഇല്ലെന്ന് വി. കുർബ്ബാന സ്വീകരിക്കുന്ന ഓരോ വിശ്വാസിയും പറയണം." ഓരോ ക്രിസ്തീയ വിശ്വാസിയും വി. കുർബ്ബാനയ്ക്കണയുമ്പോൾ ഈ വാക്കുകൾ ഓർക്കട്ടെ. ●

*കവിത*

ഡി. യേശുദാസ്

# വിഘടനം

വീട്
ഒരു ഗ്യാസ് ചേംബറാണെന്ന്
എഴുതി വെച്ചിട്ട്
അവൾ ഇറങ്ങിപ്പോയി.
എല്ലാം നിശ്ചയിക്കുന്ന
അവന്റെ തലച്ചോറും ഹൃദയവും
തീ പിടിച്ച്
വീടു കത്തിയമർന്നു.
രണ്ടുഷ്ണ ഗ്രഹങ്ങൾ
ഒരു പ്രസ്ഥാനത്തിലും
അഡ്മിഷൻ കിട്ടാതെ....






# സ്വാതന്ത്ര്യം

**ആ**കാശത്തെ സ്വപ്നം കാണാൻ സിദ്ധി ലഭിച്ചവരാണ് സ്വതന്ത്രർ. ചിറകു വിടർത്തിയ പക്ഷി കണക്കെ പരന്ന ലോകത്തെ ഉൾക്കൊള്ളാൻ പാകപ്പെട്ട മനസ്സ് സ്വതന്ത്രമായ മനസ്സാണ്. അധികം ശാഠ്യങ്ങളില്ലാതെ സ്പഷ്ടമായ മനുഷ്യദർശനത്തോടെ സ്വന്തം വഴിതെളിക്കുന്നവരാണ് യഥാർത്ഥ സ്വതന്ത്രർ.

ഖലിൽ ജിബ്രാന്റെ 'ഭ്രാന്തൻ' എന്ന കഥ ഇങ്ങനെ പോകുന്നു. ഒരു ഭ്രാന്താലയത്തിന്റെ പൂന്തോട്ടത്തിൽ വെച്ചാണ് ഞാനാ യുവാവിനെ കണ്ടത്. ഭംഗിയും അതിശയവും നിറഞ്ഞ, എന്നാൽ വിളറിയ മുഖമുള്ള യുവാവ് ഞാൻ ചോദിച്ചു: 'നിങ്ങളെങ്ങനെ ഇവിടെയെത്തി?'

അത്ഭുതത്തോടെ അയാൾ പറഞ്ഞു: "എന്റെ പിതാവ് എന്നെ അദ്ദേഹത്തെപ്പോലെ മാറ്റിയെടുക്കാനാശിച്ചു; എന്റെ അമ്മാവൻ അദ്ദേഹത്തെപ്പോലെയും. മാതാവ് എന്നിൽ കാണാനാശിച്ചത് കഠിന പ്രയത്നശാലിയായ അമ്മയുടെ പിതാവിനെയായിരുന്നു. എന്റെ സോദരി, അവരുടെ കടൽ സഞ്ചാരിയായ ഭർത്താവാണ് എനിക്കേറ്റവുമിണങ്ങുന്ന മാതൃകയെന്ന് നിനച്ചു. എന്റെ സോദരനാവട്ടെ അവനെപ്പോലെ ഞാൻ ഒന്നാന്തരം കായികതാരമാകണമെന്ന് വിചാരിച്ചു. എന്റെ അധ്യാപകർ ഞാൻ ഒരു പണ്ഡിതനായി മാറാൻ ആശിച്ചു. ഓരോന്നിലും അവരവർ അവരുടെ മുഖം മാത്രം കണ്ടു."

"അങ്ങനെ ഞാനിവിടെയെത്തി. എനിക്കേറ്റവും ഇണങ്ങിയതാണിവിടം (ഭ്രാന്താലയം). ഒന്നുമില്ലെങ്കിലുമെനിക്ക് ഞാനായിരിക്കാമല്ലോ".

മറ്റുള്ളവർ സൃഷ്ടിച്ചു നൽകുന്ന അച്ചിൽ നമ്മെ പാകപ്പെടുത്തിയെടുക്കുന്നതാണ് പാരതന്ത്ര്യം. നിന്റെ സിദ്ധികളെയും ദാനങ്ങളെയും കണ്ടെത്തി, അവയെ ഉണർത്തി പരിപോഷിപ്പിക്കുന്നതിലാണ് സ്വാതന്ത്ര്യം. നന്മയെ ധ്യാനിച്ച് സ്വാതന്ത്ര്യമായി തീരുമാനങ്ങളെടുക്കാൻ സാധിക്കണം. അത്തരക്കാരാണ് ആന്തരിക സ്വാതന്ത്ര്യവും ആന്തരികസൗഖ്യവും ലഭിച്ചവർ. അവർക്ക് മൂടുപടത്തിന്റെ അകമ്പടിയോ നാട്യത്തിന്റെ പരിവേഷമോ വേണ്ട. മറിച്ച്, സത്യത്തിലും സത്യസന്ധതയിലും നിന്ന് ഉണരുന്ന നിർഭയത്വം അവരുടെ സ്വന്തമായിരിക്കും.

ടാഗോർ ഗീതാഞ്ജലിയിൽ ഇങ്ങനെ കുറിക്കുന്നു "എവിടെ മനസ്സ് നിർഭയവും ശിരസ് ഉന്നതവും ജ്ഞാനം സ്വതന്ത്രവും ആയിരിക്കുന്നുവോ, എവിടെ ഇടുങ്ങിയ ഭിത്തികളാൽ ലോകം ശിഥിലമാകാതിരിക്കുന്നുവോ, എവിടെ അശ്രാന്തപരിശ്രമം പൂർണ്ണതയിലേക്ക് കൈനീട്ടുന്നുവോ, ആ മനോഹര സ്വാതന്ത്ര്യസ്വർഗ്ഗമായ എന്റെ മാതൃരാജ്യം ഉണരട്ടെ"

നിർഭയത്വവും മൂല്യങ്ങളിലുള്ള ഉറപ്പും സ്വാതന്ത്ര്യാവബോധത്തെ വളർത്താൻ സഹായിക്കും. ഇവിടെ നിയമങ്ങളും നിബന്ധനകളുമുണ്ട്. ഇവയില്ലാത്ത അവസ്ഥയോ തോന്നുന്നതെന്തും ചെയ്യുന്ന അവസ്ഥയോ അല്ല സ്വാതന്ത്ര്യം. വ്യക്തിസ്വാതന്ത്ര്യത്തോടൊപ്പം സാമൂഹിക സുരക്ഷിതത്വവും ഉറപ്പു വരുത്തേണ്ടതായുണ്ട്.

**മറ്റുള്ളവർ സൃഷ്ടിച്ചു നൽകുന്ന അച്ചിൽ നമ്മെ പാകപ്പെടുത്തിയെടുക്കുന്നതാണ് പാരതന്ത്ര്യം. നിന്റെ സിദ്ധികളെയും ദാനങ്ങളെയും കണ്ടെത്തി, അവയെ ഉണർത്തി പരിപോഷിപ്പിക്കുന്നതിലാണ് സ്വാതന്ത്ര്യം.**

എനിക്ക് റോഡിന്റെ വലതുവശത്തുകൂടെ വാഹനമോടിച്ചു കൂടേ! ഓടിക്കാം, പക്ഷേ, അധികദൂരം ഓടിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. നിയമങ്ങൾ കാക്കണം, അല്ലെങ്കിൽ അതിന്റെ അനന്തരഫലങ്ങൾ അഭിമുഖീകരിക്കാൻ തയ്യാറാകണം. 'നിങ്ങൾ നിയമം കാക്കുക, നിയമം നിങ്ങളെ കാത്തുകൊള്ളും.'

നമ്മുടെ സ്വാതന്ത്ര്യത്തിന് എപ്പോഴും പരിധിയുണ്ട്. വ്യക്തിസ്വാതന്ത്ര്യം അപരന്റെ സ്വാതന്ത്ര്യത്തെ ഹനിക്കാൻ പാടില്ല, മറിച്ച് മാനിക്കുന്ന ഒന്നാകണം. നമ്മുടെ സ്വതന്ത്ര ചിന്തകൾ സാമൂഹിക അടിത്തറയെ ഉലയ്ക്കുന്നതും സമൂഹത്തിൽ അരാജകത്വം സൃഷ്ടിക്കുന്നതും ആകരുത്. പ്രത്യേകിച്ച് വിശ്വാസങ്ങളേയും മൂല്യങ്ങളേയും ധാർമ്മികതയേയും സംബന്ധിക്കുന്ന കാര്യങ്ങളിൽ.

സ്വാതന്ത്ര്യം ഒരു വിമോചന പ്രക്രിയ കൂടിയാണ്. മനസ്സിനേയും ആരോഗ്യത്തേയും ആത്മീയതയേയും തളർത്തുന്ന എല്ലാറ്റിലും നിന്നുള്ള ഒരു മോചനം നേടുന്ന പ്രക്രിയ. അതോടൊപ്പം നിസ്വാർത്ഥമായി പ്രവർത്തിക്കാനും സ്വന്തം ജീവിതത്തിലും സമൂഹത്തിന്റെ ജീവിതത്തേയും സുരക്ഷിതത്വത്തിലേക്കും ക്ഷേമത്തിലേക്കും നയിക്കുന്നതാണ് യഥാർത്ഥ സ്വാതന്ത്ര്യം.

സ്വതന്ത്രചിന്തകൾ ഉണർത്താൻ ക്രിസ്തു പഠിപ്പിച്ച ഏറ്റവും മനോഹരമായ പ്രാർത്ഥനയാണ് 'തിന്മയിൽ നിന്ന് ഞങ്ങളെ രക്ഷിക്കേണമേ' എന്ന പ്രാർത്ഥന. അവന്റെ പ്രാർത്ഥനയുടെ ചുവടുപ്പിടിച്ച് നമുക്ക് ഇങ്ങനെ പ്രാർത്ഥിക്കാം.

ദൈവമേ, അപരന് അപായം വരു ത്താത്തതും
ഒന്നിനോടും അമിതഭയം കൂടാ തെയും
ഒരു പ്രത്യയശാസ്ത്രത്തോടും അന്ധമായി
അടിയറവു പറയാതെയും
ഉന്നതമനസ്സാക്ഷിയും ഉന്നതചിന്തക ളുമുള്ള
പരപുണ്യത്തിലാശ്രയിച്ച് വിശ്വശാന്തി ക്കായി
അക്ഷീണം പ്രയത്നിക്കുന്ന ഒരു മനു ഷ്യസ്നേഹിയായി
നന്മയെ കൊള്ളാനും തിന്മയെ തള്ളാനുമുള്ള സ്വാതന്ത്ര്യം !
പിതാവേ, അതു നൽകി എന്നെ വഴി നടത്തേണമേ.

'സത്യം നിങ്ങളെ സ്വതന്ത്രരാക്കും.'



# മത്സരം

ജീവനും വെളിച്ചവും വായനക്കാർക്കായി ആകർഷകമായ ഒരു മത്സരം സംഘടിപ്പിക്കുന്നു. ഓരോ മാസവും പ്രസിദ്ധീകരക്കുന്ന ജീവനും വെളിച്ചത്തിലെ ലേഖനങ്ങൾ കഥകൾ, കവിതകൾ എന്നിവ ആധാരമാക്കിയാണ് മത്സരം. പ്രസ്തുത ലക്കത്തിലെ ആശയങ്ങൾ സംബന്ധിച്ച ഏതാനും ചോദ്യങ്ങൾ ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നതാണ്. ഈ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം നൽകുന്നവർക്ക് ആകർഷക മായ സമ്മാനങ്ങൾ ലഭിക്കും. എല്ലാ മാസവും 15-ാം തീയതിക്കകം ശരിയായ ഉത്തരങ്ങൾ പത്രാധിപർ, ജീവനും വെളിച്ചവും, ആനിമേ ഷൻ സെന്റർ, വെള്ളയമ്പലം, തിരുവനന്തപുരം - 695003 എന്നവിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

## ഈ ലക്കത്തിൽ നിന്നുള്ള ചോദ്യങ്ങൾ

1. പൗലോ കൊയ്ലോയുടെ അൽക്കമിസ്റ്റിലെ പ്രമേയം
2. ജ്ഞാനവാദം അഥവാ അബദ്ധപഠനം ക്രൈസ്തവ രുടെ ഇടയിൽ ശക്തിപ്രാപിച്ച നൂറ്റാണ്ട്
3. ദളിതനായ സുസായി സുപ്രീംകോടതിയിൽ പോയത് എന്തിനാണ്
4. വിഷക്കള്ള് ദുരന്തത്തെ തുടർന്ന് കള്ളുകച്ചവടം നിർത്തിയതായി പ്രഖ്യാപിച്ച രാഷ്ട്രീയക്കാരൻ
5. സ്വതന്ത്രർ ആരാണ്
6. ഭൂമിയിലെ സഭ ജീവിക്കുന്ന ദൈവത്തിന്റെ സഭയായി മാറുന്നത് എന്തിനാലാണ്
7. 1950 ആഗസ്റ്റ് 10 ലെ പ്രസിഡൻഷ്യൽ ഓർഡറിന്റെ സാരാംശം
8. വിശുദ്ധ ലിഖിതം എന്ന പദം കൊണ്ട് പൗലോസ് അപ്പസ്തോലൻ ഉദ്ദേശിക്കുന്നത്
9. 2000 കള്ളുഷാപ്പുകൾ നിർത്തലാക്കിയ തിയതിയും വർഷവും
10. ദളിത് ക്രൈസ്തവരെ മുഖ്യധാരയിൽ കൊണ്ടുവരാൻ സഭ എന്തെല്ലാം ചെയ്യണം. നിങ്ങളുടെ അഭിപ്രായം

### കഴിഞ്ഞലക്കത്തിലെ ചോദ്യങ്ങൾക്ക് ശരിയുത്തരം അയച്ചവർ

1. ശാലിനി, വള്ളക്കടവ്
2. സ്മിത റോസ്, പുല്ലുവിള
3. സ്നേഹ ആൻ റോളിൻ, കവടിയാർ
4. റോമിയോ എസ്. എൽ, വെള്ളൈക്കടവ്
5. ഷീജ റോമിയോ, വെള്ളൈക്കടവ്
6. ആന്റണി രാജ്, സത്യൻ നഗർ
7. ഷാലിന ഷാജി, കണ്ണാന്തുറ
8. അന്ന എൽസജോ, കണ്ണാന്തുറ
9. മിനി പൻക്രാസ്, കണ്ണാന്തുറ
10. റീറ്റാ ജോസഫ്, കണ്ണാന്തുറ
11. ജിനി ജോസഫ്, കണ്ണാന്തുറ
12. സ്വപ്ന അമൽദാസ്, തൂത്തൂർ
13. സി പ്രിയ, തൂത്തൂർ
14. മേരി ഷീല ബി. ആർ, തൂത്തൂർ
15. ജെ ജോബിഷ, തൂത്തൂർ
16. പി മെജി, തൂത്തൂർ
17. എം മെറ്റിൽഡ, തൂത്തൂർ
18. ആർ ദീന, തൂത്തൂർ
19. റെക്സീന ബി. ആർ, തൂത്തൂർ
20. സ്റ്റെല്ല ക്ലീറ്റസ്, തൂത്തൂർ
21. ടീന എസ്. നായകം, തൂത്തൂർ
22. വി. വിജിൻ, തൂത്തൂർ
23. ജീന, തൂത്തൂർ
24. എ. ശശികല ആന്റണി, തൂത്തൂർ
25. വി. വിജിഷ, തൂത്തൂർ
26. സി. സോണിയ, തൂത്തൂർ
27. ശോഭാ ജോയ്, പാലപ്പൂര്
28. ദിവ്യ ജയരാജ്, കാച്ചാണി

വചന പഠനം

റവ. ഡോ. ജേക്കബ് പ്രസാദ്



# തിമോത്തിയോസിന് എഴുതിയ ഒന്നാം ലേഖനം

**IV കത്തിന്റെ ലക്ഷ്യവും കാഴ്ചപ്പാടും (3:14 – 4, 10)**

സഭാ സമൂഹത്തിനുള്ള നിർദ്ദേശങ്ങളെ പിന്തുടർന്ന് അവയുടെ ദൈവശാസ്ത്ര അടിസ്ഥാനം എന്തെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. കത്തിന്റെ അഥവാ അതിൽ അടങ്ങിയിരിക്കുന്ന ഉപദേശത്തിന്റെ ലക്ഷ്യം എന്താണെന്ന് 3:14–16– ൽ വ്യക്തമാക്കപ്പെടുന്നു. 14 ഉം 15 ഉം വചനങ്ങളുടെ ചുരുക്കം ഇതാണ്: "ഞാൻ ഇപ്പോൾ ഇക്കാര്യങ്ങൾ നിനക്കെഴുതുന്നതിന്റെ കാരണം, ഞാൻ നിന്റെ അടുക്കൽ വരുവാൻ താമസം നേരിട്ടാൽ, നീ ദൈവത്തിന്റെ ഭവനത്തിൽ എപ്രകാരം പെരുമാറണമെന്ന് നിന്നെ നേരത്തെ തന്നെ അറിയിക്കുന്നതിനാണ്. "പൗലോസിന്റെ മരണം യഥാർത്ഥത്തിൽ ഒരു വലിയ കാലതാമസം ഉണ്ടാക്കി എന്ന് യഥാർത്ഥ വായനക്കാർക്ക് അറിയാമായിരുന്നു. അതായത് അപ്പോസ്തലന്റെ മരണത്തിനുശേഷവും സഭയെ നയിക്കേണ്ടത് അവൻ അരക്കിട്ടുറപ്പിച്ച അടിസ്ഥാന തത്വങ്ങളാണെന്നാണ് മേൽപ്പറഞ്ഞതിന്റെ അർത്ഥം. അങ്ങനെ സഭ എക്കാലത്തും സത്യത്തിന്റെ, ക്രിസ്തുസംഭവത്തിന്റെ വിളനിലമായിക്കും. അതു തന്നെയാണ് സഭയുടെ പെരുമാറ്റത്തിന്റെ ഉറപ്പുള്ള അടിസ്ഥാനം. ക്രിസ്തുസംഭവത്തിലൂടെ ഉണ്ടായ ദൈവിക വെളിപാട് ചരിത്രത്തിന്റെ ഗതിയിലും വിജാതിയ ലോകത്തിന്റെ മുമ്പിലും പ്രഘോഷിക്കപ്പെടുകയും വിശ്വസിക്കപ്പെടുകയും ചെയ്യുന്നത് സഭയിലാണ്. അതിന്റെ സംഗ്രഹമാണ് 3, 16–ൽ കാണുന്നത്. ക്രൈസ്തവർ എങ്ങനെ പെരുമാറണമെന്നുള്ളത് ദൈവം മനുഷ്യരാശിയോട് തന്റെ പുത്രന്റെ ശുശ്രൂഷയിലൂടെ എങ്ങനെ പെരുമാറി എന്ന യാഥാർത്ഥ്യത്തിൽ അടിസ്ഥാനപ്പെടുത്തുവാനാണ് ലേഖകന്റെ ശ്രമം. കാവ്യാത്മകമായ ഒരു വിശ്വാസപ്രഖ്യാപനമാണിത്. മൂലഭാഷയായ ഗ്രീക്കിൽ കാവ്യശകലത്തിന്റെ ഭംഗി വ്യക്തമാണ്; പരിഭാഷയിൽ അത് നഷ്ടപ്പെടുന്നു. " നമ്മുടെ മതത്തിന്റെ 5 (വിശ്വസത്തിന്റെ) രഹസ്യം ശ്രേഷ്ഠമാണ്: ദൈവത്തിന്റെ വെളിപാടിന്റെ രഹസ്യമെന്നത് യേശുക്രിസ്തുതന്നെ; അതായത് ഒരിക്കൽ നിഗൂഢമായിരുന്ന രക്ഷയെ സംബന്ധിച്ച വെളിപാട്. ഈ വരികൾക്ക് മൂന്ന് പാദങ്ങൾ ഉണ്ടെന്ന് പറയാം. ഒന്നാം പാദത്തിൽ ശരീരവും (മാംസവും ) ആത്മാവും തമ്മിലുള്ള വൈപരീത്യ രീതിയിലാണ് അവതരണം; "ശരീരത്തിൽ പ്രത്യക്ഷപ്പെട്ടവൻ ആത്മാവിൽ നീതീകരിക്കപ്പെട്ടു". ദൈവത്തിന്റെ പുത്രൻ തികച്ചും മാനുഷികരൂപം പ്രാപിച്ചു എന്നതാണ് ശരീരത്തിൽ (മാംസത്തിൽ)പ്രത്യക്ഷപ്പെട്ടു എന്നതുകൊണ്ടുദ്ദേശിക്കുന്നത്. യേശുവിന്റെ ദൈവിക മൂന്നസ്തിത്വത്തിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. "ആത്മാവിൽ നീതികരിക്കപ്പെട്ടു" എന്നത് യേശുവിന്റെ ഉത്ഥാനത്തെ ഉദ്ദേശിച്ചാണ്. ആത്മാവാണ് ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ പിന്നിലെ ശക്തി എന്നത് പുതിയ നിയമത്തിൽ പലയിടത്തും കാണാം (റോമ 1:4;8:2; 1കൊറി 12:3) ഏറ്റവും പ്രധാനപ്പെട്ട ക്രിസ്തുവിജ്ഞാനീയ തത്വമാണ് ഈ പദം അവതരിപ്പിക്കുന്നത്; യേശു ശരീരത്തിൽ പ്രത്യക്ഷപ്പെടുകയും ആത്മാവിനാൽ വിജയിതനാവുകയും (നീതികരിക്കപ്പെടുകയും ) ചെയ്തു. റോമ. 1:3–4 പറഞ്ഞിരിക്കുന്നതിനോട് ചേരുന്നതാണ് ഈ പദം. "ഇത് അവിടുത്തെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ സംബന്ധിച്ചുള്ളതാണ്. അവൻ ജഡപ്രകാരം ദാവീദിന്റെ സന്തതിയിൽ നിന്ന് ജനിച്ചവനും മരിച്ചവരിൽ നിന്നുള്ള ഉത്ഥാനം വഴി വിശുദ്ധിയുടെ ആത്മാവിന് ചേർന്നവിധം ശക്തിയിൽ ദൈവപുത്രനായി നിശ്ചയിക്കപ്പെട്ടവനുമാണ്". "ദൂതന്മാർക്ക് ദൃശ്യനായി ജനപദങ്ങളുടെ ഇടയിൽ പ്രഘോഷിക്കപ്പെടട്ടെ" എന്നാണ് രണ്ടാം ഭാഗം സാധാരണയായി ഇവിടുത്തെ ദൂതന്മാർ എന്ന പ്രയോഗം" കൊണ്ട് മനസ്സിലാക്കിവരുന്നത്. "മാലാഖമാർ" എന്നാണ്. എന്നാൽ മൂലരൂപമായ " ആംഗലോസ്" എന്ന ഗ്രീക്കുപദത്തിന് മാലാഖ എന്ന അർത്ഥമുണ്ടെങ്കിലും അതിന്റെ അടിസ്ഥാന അർത്ഥം " സന്ദേശവാഹകൻ" എന്നത്രേ. ഈ രീതിയിൽ നോക്കുമ്പോൾ ഉയർപ്പിന്റെ അനന്തരഫലമായി പ്രസ്തുത സന്ദേശം അറിയിക്കുവാനായി സന്ദേശവാഹകർക്ക് അവൻ പ്രത്യക്ഷപ്പെട്ടു എന്നു പറയുന്നതായിരിക്കുമല്ലോ കൂടുതൽ ശരി.

മാലാഖമാർക്ക് അവൻ പ്രത്യക്ഷപ്പെട്ടു അല്ലെങ്കിൽ ദൃശ്യനായി എന്ന് പുതിയ നിയമത്തിലൊരിടത്തും പറയുന്നില്ലല്ലോ! അങ്ങനെയെങ്കിൽ അപ്പോസ്തലന്മാർക്കും അവന്റെ സന്ദേശം അറിയിക്കുവാൻ ഇരുന്നവർക്കും (സാക്ഷികൾക്ക്) അവൻ പ്രത്യക്ഷപ്പെട്ടു. അവരാകട്ടെ ആ വിശേഷം ജനതകളുടെ (വിജാതിയരുടെ) ഇടയിൽ പ്രഘോഷിച്ചു. പൗലോസിന്റെ പ്രത്യേക വിശേഷണം തന്നെ" ജനതകളുടെ അപ്പോസ്തലൻ" ( 1 തിമോ 2:7) എന്നായിരുന്നല്ലോ "ലോകം അവനിൽ വിശ്വസിച്ചു; മഹത്വത്തിലേക്ക് അവൻ സംവഹിക്കപ്പെടുകയും ചെയ്തു". എന്ന് മൂന്നാം പാദം. പ്രഘോഷണത്തിന്റെ ഫലമായി ലോകം അവനിൽ വിശ്വസിച്ചു. "ലോകം" എന്നു പറയുമ്പോൾ അഖില ലോകവും എന്നർത്ഥമില്ല. ചിലരെങ്കിലും ആ പ്രഘോഷണത്തിൽ വിശ്വസിച്ചതുമൂലമാണല്ലോ സഭാസമൂഹങ്ങൾ ഉടലെടുത്തത്. ഉത്ഥാനത്തിന്റെ മറ്റൊരു ഫലമാണല്ലോ അവന്റെ സ്വർഗ്ഗാരോഹണം. അത് അവന്റെ മഹത്വത്തിലേക്കുള്ള പ്രവേശനമായിരുന്നു. ഉത്ഥിതനും ദൈവത്തിന്റെ ജീവനോട് ചേർന്നുനിൽക്കുന്നവനുമായ ശക്തനായ കർത്താവ് നല്കുന്ന ജീവന്റെ രഹസ്യത്താലാണ് ഭൂമിയിലെ സഭ "ജീവിക്കുന്ന ദൈവത്തിന്റെ സഭ" (3:15) ആയി മാറുന്നത്.

ലേഖനത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് പറഞ്ഞ ലേഖകൻ തുടർന്ന് തന്റെ ആകമാന കാഴ്ചപ്പാട് അവതരിപ്പിക്കുന്നു ( 4:1-10). വ്യാജപ്രബോധകരുടെ പ്രവർത്തനത്തെ അവസാനകാലത്തിന്റെ സൂചനകളായി കണക്കാക്കണമെന്ന് ദൈവാത്മാവിന്റെ പ്രവർത്തനത്താലുള്ള പ്രവചനത്തിൽ നിന്ന് നാം മനസ്സിലാക്കുന്നു (4:1). തെറ്റായ തപചര്യയുടെ പേരിലുള്ള വിവാഹനിഷേധവും ചില ഭക്ഷണ സാധനങ്ങളുടെ തിരസ്കരണവും ഒക്കെ ശരിയല്ല എന്ന് ലേഖകൻ വാദിക്കുന്നു (4: 2-3). ദൈവം സൃഷ്ടിച്ചതെല്ലാം നല്ലതാണ്. ദൈവത്തിന്റെ വചനവും, പ്രാർത്ഥനയും, കൃതജ്ഞതാ പ്രകാശനവുമെല്ലാം സൃഷ്ടിക്കപ്പെട്ട വസ്തുക്കളെല്ലാം ദൈവത്തിന്റെ കരങ്ങളിൽ നിന്നാണെന്നും അവയെല്ലാം നല്ലതാണെന്നും മനസ്സിലാക്കുവാൻ ക്രിസ്ത്യാനിയെ പ്രാപ്തനാക്കുന്നു (4:3-5).

**ഉത്ഥിതനും ദൈവത്തിന്റെ ജീവനോട് ചേർന്നു നിൽക്കുന്നവനുമായ ശക്തനായ കർത്താവ് നല്കുന്ന ജീവന്റെ രഹസ്യത്താലാണ് ഭൂമിയിലെ സഭ "ജീവിക്കുന്ന ദൈവത്തിന്റെ സഭ" (3:15) ആയി മാറുന്നത്.**



St. Paul the Apostle
c.8-c.65

മേൽപ്പറഞ്ഞ കാര്യങ്ങൾ ശ്രദ്ധാപൂർവ്വം പഠിപ്പിക്കുവാനും അബദ്ധപഠനങ്ങളെ തിരസ്കരിക്കുവാനുള്ള കടമ തിമോത്തിയോസിന് ഉണ്ടെന്നാണ് തുടർന്ന് പറയുന്നത് (4:6-10). പഠനത്തിലും ജീവിതരീതിയിലും തിമോത്തി വിശ്വസ്തത പുലർത്തണം. ആത്മീയതയുടെ വില ഇവിടെ ഊന്നിപ്പറയുന്നു; അതേസമയം ഭൗതികതയുടെ വില കുറച്ചു കാട്ടുന്നില്ല (8). ഭൗതികതയ്ക്ക് ആത്മീയത ഓജസ്സും ശക്തിയും പകരുന്നു. ദൈവം എല്ലാ മനുഷ്യരുടേയും "രക്ഷകൻ" ആണെന്നുള്ളത് (10) അജപാലക ലേഖനങ്ങളുടെ സവിശേഷ പഠനമാണ് (തീത്തോ 2:11;3,28; 1തിമോ 2:1-4). പ്രസ്തുത യാഥാർത്ഥ്യം പ്രത്യേകമായ വിധത്തിൽ സാക്ഷാത്കരിക്കപ്പെടുന്നത് വിശ്വാസികളുടെ ഇടയിലാണ്. ഇവിടുത്തെ ഉപദേശം തിമോത്തിയോസിനുള്ളതുമാത്രമായി തുടങ്ങുന്നുവെങ്കിൽ 10-ാം വാക്യത്തിലെ "നമ്മൾ" എന്ന പ്രയോഗം അതിനെ സഭാ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരുടേതുമാക്കി മാറ്റുന്നു.

സഭയിലെ വ്യത്യസ്ത വിഭാഗങ്ങൾക്കുള്ള പഠനം (4:11-6,2)

4:11-ൽ കാണുന്ന "ഇപ്പറഞ്ഞവയെല്ലാം നീ അധികാരപൂർവ്വം പഠിപ്പിക്കുക" എന്ന ധ്വനിതന്നെയാണ് 6:2-ന്റെ അവസാനം കേൾക്കുന്നത്. ആയതിനാൽ ഈ രണ്ടു വചനങ്ങൾ ഒരു ചട്ടക്കൂടായി പ്രവർത്തിക്കുന്നു എന്നുപറയാം. സഭാ ശുശ്രൂഷയിൽ തിമോത്തിയോസ് മാതൃകാപുരുഷനാകണം എന്നതാണ് 4:12-16 വരെയുള്ള പ്രതിപാദ്യം. 4:12-16 വരെയുള്ള പ്രതിപാദ്യം പല ഉത്തരവാദിത്വങ്ങളും ചൂണ്ടിക്കാണിക്കുന്നെങ്കിലും യഥാർത്ഥമായും ഊന്നിപ്പറയുന്നത് സഭാശുശ്രൂഷിക്കുണ്ടാകേണ്ട മാതൃകാപരമായ ജീവിതശൈലിയാണ്. "ആരും നിന്റെ പ്രായക്കുറവിന്റെ (യുവത്വത്തിന്റെ) പേരിൽ നിന്നെ അവഗണിക്കാൻ ഇടയാക്കരുത്" (12) എന്നതിന്റെ അർത്ഥം തിമോത്തിയോസ് പുതിയതലമുറക്കാരനായ നേതാവെന്ന രീതിയിൽ അവനെ ആരും അവഗണിക്കാതിരിക്കട്ടെ എന്നാണ്. ആ അർത്ഥത്തിൽ പൗലോസിന് ശേഷം വന്ന എല്ലാ ശുശ്രൂഷകർക്കുംവേണ്ടിയുള്ള ആശംസയായി ഈ വാചകത്തെ കണക്കാക്കാവുന്നതേയുള്ളു. "വിശുദ്ധ ലിഖിതം വായിക്കുക" "ഉപദേശങ്ങൾ നല്കുക" (13) എന്നിവ ഒരു ആരാധനാക്രമ പശ്ചാത്തലത്തിലായിരിക്കണം. "വിശുദ്ധ ലിഖിതം"എന്നു പറയുമ്പോൾ പഴയനിയമത്തെയാണ് ഉദ്ദേശിക്കുന്നത്. "ഉപദേശം നല്കുക" എന്നത് വിശുദ്ധഗ്രന്ഥവായനക്ക് ശേഷമുള്ള വിശദീകരണമാണ് (പ്രസംഗം). ഇവരണ്ടും സിനഗോഗുകളിലെ ആരാധനാപരിപാടിയിൽ നിന്ന് സഭയ്ക്ക് ലഭിച്ചതാണ് (അപ്പ 13:15 കാണുക). " പ്രവചനപ്രകാരവും സഭാശ്രേഷ്ഠന്മാരുടെ കൈവയ്പ്പുവഴിയും നിനക്ക് നല്കപ്പെട്ട കൃപാവരം അവഗണിക്കരുത്" (4:14): 2തിമോ 1:6-ൽ "കൈവയ്പിനെക്കുറിച്ചുള്ള പരാമർശം പൗലോസും തിമോത്തിയോസും തമ്മിലുള്ള പാരമ്പര്യത്തിലധിഷ്ഠിതമായ ബന്ധത്തെ സൂചിപ്പിക്കുന്നതാണ്. എന്നാൽ ഇവിടെ അജപാലനലേഖനങ്ങൾക്ക് പരിചിതമായ ശുശ്രൂഷാദാനപതിവാണ് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. അതായത് പ്രവചനത്തിലൂടെ ഒരാൾക്ക് ലഭിച്ചിരിക്കുന്ന വരദാനം കണ്ടെത്തുക, അതേ തുടർന്ന് യഹൂദരുടെ ഇടയിൽ നടന്നു വന്നതുപോലെ (സംഖ്യ 27;18-23 നിയമ 34:9) ശ്രേഷ്ഠന്മാരുടെ കൈവയ്പ്പുവഴി അയാളെ പ്രത്യേക ശുശ്രൂഷക്കായി അവരോധിക്കുക.

5:1-2-ൽ സാധാരണ യുക്തിക്കു ചേർന്ന ലളിതമായ ഉപ

ദേശമാണ് കാണുന്നത്. തുടർന്ന് വിധവകളെക്കുറിച്ച് പ്രതിപാദിക്കുന്നു. (5:3–16) വിധവകളുടെ സംരക്ഷണം അവരുടെ ജീവിതരീതി എന്നിവയെ സംബന്ധിച്ചാണ് നിർദ്ദേശങ്ങൾ. വിധവകളെ സംരക്ഷിക്കുക എന്നത് ഒന്നാമതായി അവരുടെ കുടുംബങ്ങളുടെ ഉത്തരവാദിത്വമാണ്, സഭയുടേതല്ല 3:4 16). ബന്ധുക്കളുടെ സംരക്ഷണം ലഭിക്കാത്ത ഏകാകിനിയായ വിധവ തന്റെ പ്രാർത്ഥന വഴി സഭാസമൂഹത്തെ ശുശ്രൂഷിക്കുകയും, സഭാസമൂഹം അവളുടെ സംരക്ഷണം അതിന്റെ ഉത്തരവാദിത്വമായി കരുതുകയും വേണം. (5:8). സഭാസമൂഹത്തിനുവേണ്ടി നേരിട്ട് പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്ന വിധവയെ അപ്രകാരമുള്ള പ്രവർത്തനത്തിനായി സ്വീകരിക്കണമെങ്കിൽ അവൾ അറുപത് വയസ്സ് തികഞ്ഞവളും ഒരുവന്റെ മാത്രം ഭാര്യ ആയിരുന്നവളും സത് പ്രവൃത്തികൾ വഴിയായി സൽകീർത്തി നേടിയവളുമായിരിക്കണം( 9–10). പ്രായം കുറഞ്ഞ വിധവകൾ പ്രശ്നക്കാരായിത്തീരുവാനിടയുള്ളതുകൊണ്ട് അവരെ പുനർ വിവാഹത്തിന് പ്രോത്സാഹിപ്പിക്കുന്നതായിരിക്കും ഉചിതം (11–15). പല കാര്യങ്ങളുടെയും വിശദാംശങ്ങളിലേക്ക് കടക്കുന്ന ഈ ഭാഗം ഏറെ ശ്രദ്ധേയമാണ്. ദരിദ്രരായവരെ, പ്രത്യേകിച്ച് യഥാർത്ഥത്തിൽ ദരിദ്രരായ വിധവകളെ, ക്രൈസ്തവവിശ്വാസം പേറുന്നതിന്റെ ഭാഗമായിത്തന്നെ സംരക്ഷിക്കുന്നത് കുടുംബങ്ങളുടെയും സഭാസമൂഹത്തിന്റെയും ഒഴിച്ചുകൂടാനാവാത്ത ഉത്തരവാദിത്വമാണെന്ന് പുതിയ നിയമത്തിൽ ഇത്ര വ്യക്തമായിപ്പറയുന്ന മറ്റൊരിടമില്ല.

വിധവകളെ പുരസ്കരിച്ച് സംസാരിച്ചശേഷം ശ്രേഷ്ഠന്മാരെക്കുറിച്ച് പ്രതിപാദിക്കുന്നു . "ശ്രേഷ്ഠന്മാർ" (പ്രസ്ബീതരോസ്) എന്ന പദം ശ്രദ്ധിക്കേണ്ടതാണ്. 3:1–ൽ കാണുന്ന" എപ്പിസ്കോപ്പിന്റെ" ദൗത്യം തന്നെയാണ് ഇവർ അനുഷ്ഠിക്കുന്നതെന്ന് തീർത്ത് പറയാനാവില്ല. ഈ രണ്ട് സ്ഥാനങ്ങളും തമ്മിലുള്ള ബന്ധവും വ്യത്യാസവും എന്താണെന്ന് ഈ ലേഖനത്തിലും ഇതര അജപാലന ലേഖനങ്ങളിലും നിന്നും വ്യക്തമല്ല (തീത്തോ 1: 5–9 കാണുക). രണ്ടും മൂന്നും നൂറ്റാണ്ടുകളിലായി ഉരുത്തിരിഞ്ഞ ഏകാധികാരിയായ മെത്രാൻ എന്ന സങ്കല്പത്തിലേക്കുള്ള വികാസ പരിണാമത്തിന്റെ വഴിയിലാണ് അജപാലന ലേഖനങ്ങൾ എന്നുവേണം കരുതുവാൻ. സുവിശേഷ പ്രഘോഷണവും പ്രബോധനവുമാണ് ശ്രേഷ്ഠന്മാരുടെ മുഖ്യ ഉത്തരവാദിത്വം. അതിന് അവർ പ്രതിഫലത്തിന് അർഹരാണ്. ഇവിടെ ലേഖകൻ നിയമാവർത്തനം 25:4 ഉദ്ധരിച്ചുകൊണ്ട് പൗലോസിനെ പിന്തുടരുന്നു (1 കൊറി 9:9). ലൂക്കാ. 10:7 പ്രകാരം ഇക്കാര്യം യേശുവിന്റെ തന്നെ പഠനമാണ്. തെറ്റായി വ്യാപിരിക്കുന്ന ശ്രേഷ്ഠന്മാരെ തിരുത്തേണ്ടതുണ്ട്; അത് ഇതര ശ്രേഷ്ഠന്മാർക്ക് പാഠമായി മാറും. അതേസമയം തെറ്റിന്റെ വസ്തുനിഷ്ഠത കണ്ടെത്തിയിട്ടുവേണം കുറ്റാരോപണത്തിനും ശകാരത്തിനും മുതിരാൻ (1 തിമോ. 5:19–28) ശ്രേഷ്ഠന്മാരോട് ഇപ്രകാരമുള്ള കൈവയ്പു നല്കുന്നതിൽ തിടുക്കം കൂട്ടുകയോ മറ്റൊരാളുടെ പാപങ്ങളിൽ പങ്കുചേരുകയോ അരുത്" (22) എന്ന നിർദ്ദേശം ശ്രേഷ്ഠന്മാരെ നിയോഗിക്കുന്നതിനെക്കുറിച്ചല്ല, പ്രത്യുത പാപികളെ അനുരഞ്ജിപ്പിക്കുന്നതിനെ സംബന്ധിച്ചാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ 1 തിമോ. 4: 14 ഉം 2 തിമോ. 1: 6 ഉം വച്ച് നോക്കുമ്പോൾ ഈ ഉപദേശം ശ്രേഷ്ഠന്മാരെ അവരോധിക്കുന്നതിനെ സംബന്ധിച്ച് തന്നെയായിരിക്കണം. "നീ ശുദ്ധിയുള്ളവനായിരിക്കണം" (23): അബദ്ധ പഠനക്കാർ "ശുദ്ധി" യെ ഒരു പ്രത്യേക പുണ്യമായിക്കരുതി ഊന്നൽ നൽകി അവതരിപ്പിച്ചുണ്ടാകണം. എന്നാൽ 23–ാം വാചകത്തിലെ തീർത്തും വ്യക്തിപരമായ ഉപദേശം "ശുദ്ധി" എന്നത് സ്ഥാപിക്കുന്നു. ശ്രേഷ്ഠസ്ഥാനാർത്ഥികളിൽ തുറന്ന മനസ്സോടെ പെരുമാറുന്നവരെക്കുറിച്ച് തീരുമാനമെടുക്കുവാൻ എളുപ്പമുണ്ട്. എന്നാൽ അടഞ്ഞ മനസ്സോടെ വ്യാപരിക്കുന്നവരെ തിരിച്ചറിയുവാനും അവരെക്കുറിച്ച് വിധിപറയുവാനും ബുദ്ധിമുട്ടും കാലതാമസവും ഉണ്ടാകും (24–25)



"വിശുദ്ധ ലിഖിതം" എന്നു പറയുമ്പോൾ പഴയ നിയമത്തെയാണ് ഉദ്ദേശിക്കുന്നത്. "ഉപദേശം നല്കുക" എന്നത് വിശുദ്ധ ഗ്രന്ഥവായനക്ക് ശേഷമുള്ള വിശദീകരണമാണ് (പ്രസംഗം). ഇവരണ്ടും സിനഗോഗുകളിലെ ആരാധനാപരിപാടിയിൽ നിന്ന് സഭയ്ക്ക് ലഭിച്ചതാണ്

6, 1–2 a വരെയുള്ള വചനങ്ങളിൽ ലേഖകൻ അടിമകൾക്കുള്ള ഉപദേശമാണ് നല്കുന്നത്. അടിമ വ്യവസ്ഥിതി തെറ്റാണെന്നും അതിനാൽ സാമൂഹിക പരിവർത്തനം ആവശ്യമാണെന്നും പറയാത്തത് പുതിയ നിയമത്തിൽ മറ്റിടങ്ങളിൽ അടിമകൾക്കുള്ള ഉപദേശങ്ങളിൽ കാണുന്നതുപോലെ, ഇവിടെയും പ്രശ്നപൂരിതമായി നില്ക്കുന്നു. വ്യവസ്ഥിതി മാറ്റത്തിനോ സാമൂഹ്യമാറ്റത്തിനോ പ്രകടമായി ഉപദേശിക്കുവാനുള്ള സാഹചര്യം ഉണ്ടായിരുന്നില്ല എന്ന് കരുതിയതുകൊണ്ടാവാം ലേഖകൻ അതിന് മുതിരാതിരുന്നത്. സാമൂഹ്യപരിവർത്തനത്തിനും അതിനുവേണ്ടി വിപ്ലവത്തിനും ആഹ്വാനം ചെയ്തിരുന്നെങ്കിൽ അത് ക്രിസ്തീയത പ്രചരിപ്പിച്ച സദ്വാർത്തക്ക് മങ്ങലേല്പിക്കുവാനും അതിനെ അപകടപ്പെടുത്തുവാനും സാധ്യതയുണ്ടെന്ന് ലേഖകൻ കരുതിക്കാണണം (1 തിമോ 3:7; 5, 14 കാണുക) 6:26 യിൽ 4:11–ലെ ആശയം ആവർത്തിക്കുകയും അങ്ങനെ ഈ ഭാഗം അവസാനിപ്പിക്കുകയും ചെയ്യുന്നു. അതായത് മേൽപ്പറഞ്ഞ കാര്യങ്ങളാണ് തിമോത്തിയോസ് പഠിപ്പിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്യേണ്ടത്.

ഉള്ളടക്ക സംഗ്രഹം (6:3–16)

വ്യാജപ്രബോധകരെ എങ്ങനെ തിരിച്ചറിയാമെന്ന് 3–11 വരെയുള്ള വചനങ്ങളിലും കാണാനാവും. അഹങ്കാരവും, അസൂയയും, കലഹപ്രിയത്വവും, ധനമോഹവും ഒക്കെ

വ്യാജപ്രബോധകരുടെ പ്രകൃതമാണ്. അകലത്തെ തത്വചിന്തകർ തങ്ങളുടെ എതിരാളികളുടെമേൽ സാധാരണയായി ആരോപിച്ചുവന്നിരുന്ന കുറ്റങ്ങൾ തന്നെയാണ് ഇവിടെ ലേഖകൻ വ്യാജപ്രബോധകരുടെ മേൽ ആരോപിക്കുന്നത്. "ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക" (6) എന്നത് തത്വചിന്തകന്മാരുടെ ഇടയിൽ വലിയൊരു പുണ്യമായാണ് കരുതിയിരുന്നത്. "ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാനകാരണം". (10) എന്ന ആശയം ഒരു പഴമൊഴിപോലെ പ്രചരിപ്പിച്ചിരുന്ന ഒന്നാണ്.

തിമോത്തിയോസ് ഏതു രീതിയിൽ പെരുമാറണമെന്ന് തുടർന്ന് പിന്നെയും പറയുന്നു (6,11-16). വ്യാജപ്രബോധകരിൽ നിന്നും വളരെ വ്യത്യസ്തമായ രീതിയിലാണ് സഭാ

മാർഗ്ഗമായി മാറുന്നു (18-19)

ഉപസംഹാര ഉപദേശവും ആശീർവാദവും (6:20-21)

അവസാനമായി തിമോത്തിയോസിനെ അഭിസംബോധന ചെയ്തുകൊണ്ട് അവനെ 'ഭരമേല്പിച്ചിട്ടുള്ളതിനെ" കാത്തുസൂക്ഷിക്കുക എന്ന് ലേഖകൻ പറയുന്നു (20). ഭരമേല്പിച്ചിട്ടുള്ളത് വിശ്വാസത്തിന്റെ "നിക്ഷേപം" ആണെന്നുവേണം കരുതുവാൻ. ഈ നിക്ഷേപത്തിന്റെ സൂക്ഷിപ്പുകാരനാണ് തിമോത്തിയോസ്. "ജ്ഞാനമെന്ന് കരുതപ്പെടുന്നതിന്റെ വൈരുദ്ധ്യങ്ങളിൽ" നിന്ന് ഒഴിഞ്ഞു നില്ക്കണം". (20) : വ്യാജപ്രബോധകർ തങ്ങളുടെ പഠനങ്ങളെ യഥാർത്ഥ ജ്ഞാനമെന്ന് വിളിച്ചുകാണണം. ജ്ഞാനവാദം എന്ന അബദ്ധപഠനം ക്രിസ്തുബ്ദം രണ്ടാം നൂറ്റാണ്ടിലാണ് ക്രൈസ്തവരുടെ ഇടയിൽ ശക്തി പ്രാപിച്ചത്. എന്നാൽ ആദ്യ നൂറ്റാണ്ടിൽത്തന്നെ, അഥവാ അജപാലന ലേഖനങ്ങൾ എഴുതിവന്ന കാലത്ത് തന്നെ, അതിന്റെ നാമ്പുകൾ

**സഭാസമൂഹത്തിനുവേണ്ടി നേരിട്ട് പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്ന വിധവയെ അപ്രകാരമുള്ള പ്രവർത്തനത്തിനായി സ്വീകരിക്കണമെങ്കിൽ അവൾ അറുപത് വയസ്സ് തികഞ്ഞവളും ഒരുവന്റെ മാത്രം ഭാര്യ ആയിരുന്നവളും സത് പ്രവൃത്തികൾ വഴിയായി സൽകീർത്തി നേടിയവളുമായിരിക്കണം**




നേതാവ് പെരുമാറേണ്ടത്. തിമോത്തിയോസിന്റെ നേതൃസ്ഥാനം ദൈവത്തോടുള്ള സമ്പൂർണ്ണ സമർപ്പണവും, ക്രിസ്തുവിനെക്കുറിച്ചുള്ള കറതീർന്ന സാക്ഷ്യവും ആവശ്യപ്പെടുന്നു(11-14). അതാകട്ടെ യേശുക്രിസ്തുവിന്റെ വീണ്ടുമുള്ള പ്രത്യക്ഷപ്പെടൽ വഴി ഉണ്ടാകുവാൻ പോകുന്ന അദൃശ്യനായ ദൈവത്തെക്കുറിച്ചുള്ള വെളിപാടിൽ വിശ്വാസം വഴി ഊന്നിനില്ക്കുന്നതുമാകണം. "ദൈവിക മനുഷ്യൻ"(11) എന്നാണ് സഭാനേതാവിന്റെ പേര്. ഇപ്രകാരമൊരു നാമം പഴയനിയമപ്രവാചകന്മാർക്കായിരുന്നു ലഭിച്ചിരുന്നത് (ഉദാ. നിയമ 33, 1; 1 സാമു 2:27; 1 രാജ 12: 22; 13:1). പ്രസ്തുത പേര് സഭാനേതാവിന്റെ ആദ്ധ്യാത്മികതയെയും സൂചിപ്പിക്കുന്നതാണ്. "വിശ്വാസത്തിന്റെ നല്ല പോരാട്ടം"(12) നടത്തിയ ആളായിട്ടാണ് പൗലോസിനെ 2 തിമോ 4:7 ചിത്രീകരിക്കുക. "അനേകം സാക്ഷികളുടെ മുമ്പിൽ നീ ഇതു ദൃഢമായി ഏറ്റുപറഞ്ഞിട്ടുള്ളതാണല്ലോ"(12) എന്നത് തിമോത്തിയോസിന്റെ തിരുപ്പട്ട സ്വീകരണത്തിലെ ഏറ്റുപറച്ചിൽ എന്നതിനേക്കാൾ ജ്ഞാനസ്നാനവേളയിലെ ഏറ്റുപറച്ചിലിനെയാകാം സൂചിപ്പിക്കുന്നത്. 13-ാം വാക്യം യേശുക്രിസ്തുവിന്റെ സാക്ഷ്യം എല്ലാത്തരം സാക്ഷ്യങ്ങൾക്കും മാതൃകയായി അവതരിപ്പിക്കുന്നു.

17-1 തിമോ 16-ാം വാക്യത്തിലെ ദൈവസ്തുതിക്കുമുമ്പായി അവിടുത്തെ അതീന്ദ്രീയ സ്വഭാവവും സർവ്വ രാജാക്കന്മാരുടെയുംമേലുള്ള ആധിപത്യവും സൂചിപ്പിക്കപ്പെടുന്നു.

ധനികർക്കുള്ള പ്രത്യേക ഉപദേശം (6, 17-19)

6,9-10 വരെയുള്ള ധനമോഹത്തെക്കുറിച്ചുള്ള പ്രതിപാദ്യമാകാം ലേഖനാവസാനഭാഗത്ത് ധനികർക്കുള്ള ഉപദേശത്തിലേക്ക് വീണ്ടും വഴി തെളിച്ചത്. ധനികർ ദരിദ്രരെ സഹായിക്കുക വഴി അവരുടെ ധനം നല്ലവണ്ണം ഉപയോഗപ്പെടുത്തുവാൻ അവരെ ഉദ്ബോധിപ്പിക്കണമെന്ന് തിമോത്തിയോസിനെ ലേഖകൻ അനുസ്മരിപ്പിക്കുന്നു. ധനം ദൈവത്തിന്റെ വിവിധ ദാനങ്ങളിലൊന്നാണെന്ന് ലേഖകൻ പറയുന്നു (17). ധനത്തിന്റെ ശരിയായ ഉപയോഗം ആദ്ധ്യാത്മിക നന്മകൾ ശേഖരിക്കുവാനുള്ള

ഉടലെടുക്കുവാൻ തുടങ്ങിയിരുന്നിരിക്കണം. അതിനാലായിരിക്കണം ലേഖകൻ ഇവിടെ വ്യാജപ്രബോധനത്തെ "ജ്ഞാനമെന്ന് കരുതപ്പെടുന്നത്" എന്ന് വിശേഷിപ്പിക്കുന്നത്." ദൈവത്തിന്റെ കൃപ നിന്നോടുകൂടെ ഉണ്ടായിരിക്കട്ടെ" (21) എന്ന ആശംസയോടെ ലേഖകൻ കത്ത് അവസാനിപ്പിക്കുന്നു.

ഉപസംഹാരം

തിമോത്തിയോസിനെഴുതിയ ഒന്നാം ലേഖനം തെറ്റായ പഠനങ്ങൾക്കെതിരെയുള്ള പൗലോസിന്റെ സുവിശേഷം എന്ന കരുതപ്പെടാവുന്നതാണ്. അബദ്ധപഠനങ്ങൾ പ്രചരിക്കുമ്പോൾ സഭാനേതാവായ തിമോത്തിയോസ് എപ്രകാരം പെരുമാറണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. പലകാര്യങ്ങളുടെയും പ്രായോഗിക വിശദാംശങ്ങളിലേക്ക് കടക്കുന്ന ലേഖനം ശ്രദ്ധിക്കപ്പെടേണ്ടതാണ്. സഭയിലെ വിവിധ പ്രായക്കാരോടും (5:1-2), സഭാശ്രേഷ്ഠന്മാരോടും (5:17-25) എങ്ങനെ സഭാനേതാവ് പെരുമാറണമെന്ന് പറയുന്നു. ദരിദ്രരായ വിധവകൾക്ക് നല്കേണ്ട സഹായം (5:3-16) ആരാധനാ സമൂഹത്തിന്റെ പെരുമാറ്റച്ചട്ടം ( 2: 1-15), മെത്രാന്മാരുടെയും ഡീക്കന്മാരുടെയും തെരഞ്ഞെടുപ്പ് (3:1-13) യജമാനൻ- അടിമ ബന്ധം (6:1-2), ദരിദ്രരെ സഹായിക്കുവാനുള്ള ധനികരുടെ ഉത്തരവാദിത്വം (6:17-19) എന്നീ കാര്യങ്ങൾ പ്രതിപാദ്യവിഷയമാകുന്നു. എല്ലാവരും രക്ഷപ്പെടണമെന്നുമുള്ള ദൈവിക പദ്ധതിയും (2:4) അതിന്റെ അനന്തരഫലമായ ക്രിസ്തുസംഭവവും (3:16) സഭാനേതാക്കന്മാരുടെയും സഭാംഗങ്ങളുടെയും ജീവിതത്തിനും പെരുമാറ്റത്തിനും ആധാരമായി നിലകൊള്ളുന്നു. യഥാർത്ഥത്തിൽ പുതിയ നിയമത്തിൽ മറ്റൊരിടത്തും ഇത്ര പ്രകടമായി ദൈവം എല്ലാവരും രക്ഷപ്പെടണമെന്ന് ആഗ്രഹിക്കുന്നു എന്ന് എഴുതിക്കാണുന്നില്ല. ദൈവത്തിനും മനുഷ്യർക്കുമിടയിലുള്ള മദ്ധ്യസ്ഥനായ യേശുക്രിസ്തു എല്ലാവർക്കും വേണ്ടി തന്നെത്തന്നെ നല്കുകയും പന്തിയോസ് പീലാത്തോസിന്റെ മുമ്പിൽ സാക്ഷ്യം നല്കുകയും ചെയ്തത് ക്രൈസ്തവ ജീവിതചര്യയ്ക്ക് അനിവാര്യമായ അടിസ്ഥാനമായി പരിഗണിക്കേണ്ട ഒന്നാണെന്നും, അവനിലൂടെ വന്ന കൃപ എത്ര പാപിയായ വ്യക്തിയേയും പരിവർത്തനപ്പെടുത്തുവാൻ പോരുന്നതാണെന്നും ലേഖകൻ പഠിപ്പിക്കുന്നു. ●

# കള്ള് കാര്യത്തിൽ





“നാടിനും നാട്ടാർക്കും ശാപമായി ഇതിലെ ചുറ്റിക്കറങ്ങി നടക്കാതെ ഇതിയാൻ ആ മലപ്പുറത്തെങ്ങാനും പോയി ഒരു കുപ്പി കള്ളു വാങ്ങിക്കുടിച്ചിരുന്നുവെങ്കിൽ ഞാനും എന്റെ മക്കളും ഈ കുടുംബവും രക്ഷപ്പെട്ടുപോകുമായിരുന്നല്ലോ എന്റെ തമ്പുരാനേ”. മദ്യപാനിയായ ഭർത്താവിനെ പ്രാകുന്ന ബിന്ദുവിന്റെ ശകാരം കേട്ടപ്പോഴാണ് നാം ആഘോഷിച്ചു തീർത്ത വിഷക്കള്ളു ദുരന്തത്തെക്കുറിച്ച് ഒരു വീണ്ടുവിചാരമുണ്ടായത്. മലപ്പുറം വിഷക്കള്ളു ദുരന്തത്തിൽ മരിച്ച 24 പേരിൽ ഓരോരുത്തരുടെയും കുടുംബങ്ങൾക്ക് അഞ്ചു ലക്ഷം രൂപാ വീതവും കണ്ണിന് കാഴ്ച നഷ്ടപ്പെട്ടവർക്ക് നാലു ലക്ഷം രൂപാ വീതവും നഷ്ടപരിഹാരം കിട്ടുമെന്നറിഞ്ഞ് കേരളത്തിലെ കുറേ വീട്ടമ്മമാരെങ്കിലും ബിന്ദുവിനെപ്പോലെ ചിന്തിച്ചിട്ടുണ്ടാകുമെന്നത് ഉറപ്പാണ്. അതിന് അവരെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. കാരണം ദൈവത്തിന്റെ സ്വന്തം നാടെന്ന് നാം പേരിട്ടു വിളിക്കുന്ന കേരളമാണ് ലോക ഭൂപടത്തിൽ ഏറ്റവും കൂടുതൽ മദ്യം ഉപയോഗിക്കുന്ന സംസ്ഥാനം. ആളോഹരി ശരാശരി പതിനൊന്ന് ലിറ്റർ മദ്യം പ്രതിവർഷം നാം കുടിച്ചു തീർക്കുന്നുണ്ട്. ഇത്തരുണത്തിൽ വിഷക്കള്ളിന്റെ വീര്യം ഒട്ടും മോശമല്ലാത്ത തിരിച്ചറിവാണ് ഇതേക്കുറിച്ച് നാലു വർത്തമാനം പറയാൻ ഇടയാക്കിയത്.

പിന്നെ എന്തുകൊണ്ട് ഇത്ര അമാന്തിച്ചുവെന്നു ചോദിച്ചാൽ അതിനുമുണ്ട് മറുപടി. സംഗതി നടന്നിട്ട് അംഗുലി പരിമിത ദിവസങ്ങളെ ആയിട്ടുള്ളുവെങ്കിലും ദശാവതാരം പോലെ ഒന്നിനെ നിഗ്രഹിക്കാൻ മറ്റൊന്ന് എന്നമാതിരി പുതിയ പുതിയ സംഭവങ്ങൾ അരങ്ങേറിയതാണ് വിഷക്കള്ള് ദുരന്തം ഇത്ര പെട്ടെന്ന് വിസ്മൃതിയിലാകാൻ കാരണം. കേരളധനമന്ത്രി തോമസ് ഐസക്കും വി ഡി സതീശൻ എം എൽ എയും ലോട്ടറി വിവാദത്തിൽ കടിച്ചു തൂങ്ങിയപ്പോൾ വിഷക്കള്ള് പത്ര-ദൃശ്യമാധ്യമങ്ങളിൽ നിന്ന് അപ്രത്യക്ഷമായി. ഇനിയിപ്പോ പഞ്ചായത്തു തെരഞ്ഞെടുപ്പു കൂടിയായപ്പോൾ പറയുകയും വേണ്ട.

എന്നാൽ പിന്നെ എന്തേ ഇപ്പോ ഇങ്ങനെയെന്നു ചോദിച്ചാൽ, വിഷമദ്യത്തെക്കുറിച്ചുള്ള പൊലീസ് മുന്നറിയിപ്പ് അവഗണിച്ച് നാടെങ്ങും വിഷക്കള്ളു വിറ്റ മദ്യമാഫിയ-എക്സൈസ് അവിശുദ്ധ കൂട്ടുകെട്ടും മദ്യദുരന്തത്തെ ലളിതവത്കരിക്കാൻ നടക്കുന്ന ശ്രമങ്ങളും, കോടീശ്വരന്മാരായ കള്ളു മുതലാളിമാർ പാവങ്ങളെ വിഷം കുടിപ്പിച്ച് നേടിയ സമ്പാദ്യത്തെ തൊടാതെ പൊതു ഖജനാവിൽ നിന്ന് നഷ്ടപരിഹാരം കൊടുക്കാനുള്ള സർക്കാർ തീരുമാനവും, കള്ളിന്റെ ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരത്തിൽ വേവലാതി പൂണ്ട് ചർച്ച സംഘടിപ്പിക്കുന്ന പൊതുപ്രവർത്തകരേയും കാണുമ്പോൾ ഏതു ദുർബല ഹൃദയനും നാലു വർത്തമാനം പറഞ്ഞു പോകും.

ഒരു കാലത്ത് ജന്മിമാർ ആഢ്യത്തിന്റെ അടയാളമായി അതിഥികൾക്ക് നൽകിപ്പോന്നിരുന്ന ഒരു പാനീയമായിരുന്നു കള്ള് അഥവാ മരനീർ. ജന്മിമാർ തങ്ങളുടെ അടിമകളെക്കൊണ്ട് തെങ്ങും പനയും ചെത്തിച്ച് സംഭരിച്ചു പോന്നിരുന്ന കള്ളിനെ ചുങ്കം ചുമത്തി ലഹരി പാനീയങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയത് ബ്രിട്ടീഷുകാരാണ്. പണക്കൊതിയന്മാരായ ബ്രിട്ടീഷുകാർ തങ്ങളുടെ ഉല്പന്നങ്ങളായ വിദേശമദ്യത്തെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയാണ് കള്ളിനു മേൽ ചുങ്കം ചുമത്തി അതിനെ ഇല്ലായ്മ ചെയ്യാൻ ശ്രമിച്ചത്. എന്നാൽ ബ്രിട്ടീഷുകാരുടെ ഈ നടപടി കാലാന്തരത്തിൽ കള്ളു ചെത്തിനെ ഒരു കുലത്തൊഴിൽ എന്ന നിലയിലേക്ക് രൂപാന്തരം പ്രാപിക്കാൻ ഇടയാക്കി. 1920ലാണ് ബ്രിട്ടീഷ് സർക്കാർ കള്ളിന് ചുങ്കം ചുമത്തുന്നത്. പിന്നീടും, ഭാരത സ്വാതന്ത്ര്യത്തിനു ശേഷവും കേരളം ഭരിച്ച സർക്കാരുകൾ ചുങ്ക നിലപാടിന് മാറ്റം വരുത്തിയില്ലെന്നു മാത്രമല്ല, കള്ളിനെ ഒരു വ്യവസായവസ്തുവായി കണ്ട് കള്ളുചെത്തിനെ സ്ഥാപനവത്കരിക്കുകയും ചെയ്തു.

# ...ാലും പറയാതെ വയ്യ



ഭരണഘടനയുടെ അടിസ്ഥാനത്തിൽ ഭൂമി, വൃക്ഷം, ജലം എന്നിവ സർക്കാർ നിയന്ത്രണത്തിൽ വന്നപ്പോൾ തെങ്ങും പനയും ആ പട്ടികയിൽ ഉൾപ്പെട്ടു. കള്ള് വ്യവസായ സാധ്യത വർദ്ധിക്കുകയും അതിൽ മത്സര സ്വഭാവം കടന്നു വരുകയും ചെയ്തതോടെ കള്ള് വ്യവസായം ഒരു വരുമാനമാർഗ്ഗമായി ക്കണ്ട് മൽസരബുദ്ധ്യാ സർക്കാർ അതിനെ പ്രോൽസാഹിപ്പിക്കുകയും ചെയ്തു.

വിദേശമദ്യവും ചാരായവും കള്ളും ഏകോദര സഹോദരങ്ങളെപ്പോലെ നാടുവാഴുമ്പോഴാണ് 1996 ഏപ്രിൽ ഒന്നിന് ഏ കെ ആന്റണി സർക്കാർ ചാരായം നിരോധിച്ചത്. പക്ഷെ ചാരായം കുടിയന്മാരൊന്നും കുടി നിർത്തിയില്ല. പകരം കുറഞ്ഞ ചെലവിൽ കൂടിയ വീര്യത്തിനു വേണ്ടിയുള്ള അന്വേഷണമായിരുന്നു. ഈ അന്വേഷണമാണ് കള്ളിന്റെ വീര്യം കൂട്ടാൻ കള്ള്ഷാപ്പ് ഉടമകൾക്കും അതിന്റെ ലാഭവിഹിതം പറ്റി വ്യാജക്കള്ളു നിർമ്മാണത്തെ പ്രോൽസാഹിപ്പിക്കാൻ എക്സൈസ് വകുപ്പിനും പ്രേരകമായത്. സാധാരണ നിലയിൽ കള്ളിൽ അടങ്ങിയിരിക്കുന്ന ആൽക്കഹോൾ അനുപാതം വെറും പത്തു ശതമാനമാണ്. എന്നാൽ കള്ളിൽ വീര്യം ചേർത്ത് ആ അനുപാതം 60 ശതമാനം വരെ ഉയർത്തിയാണ് മദ്യപാനികളുടെ വീര്യത്തിനു വേണ്ടിയുള്ള ദാഹം ശമിപ്പിക്കുന്നത്.

പച്ചമീനും മൽസ്യവും മറ്റും ചീഞ്ഞുപോകാതെയിരിക്കാൻ അനധികൃതമായി ചേർക്കുന്ന അമോണിയം സൾഫേറ്റ് എന്നറിയപ്പെടുന്ന നവസാരം, വാർണിഷ് പെയിന്റ് എന്നിവയുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന മീഥൈൽ ആൽക്കഹോൾ, മാനസികരോഗികളെ മയക്കിക്കിടത്താൻ ഉപയോഗിക്കുന്ന ഉറക്കഗുളിക 'ഡൈസോപാം', ഇവയുടെയെല്ലാം ഗുണഗണങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് കരുതുന്ന തേരട്ട എന്നിവയാണ് കള്ളിന്റെ വീര്യം വർദ്ധിപ്പിക്കാൻ ചേർക്കുന്ന ചേരുവകൾ.

കേരളത്തിൽ സർക്കാർ കണക്കനുസരിച്ച് 5350 കള്ളുഷാപ്പുകളാണ് ഉള്ളത്. 1996-ൽ ചാരായനിരോധനത്തോടൊപ്പം നിർത്തലാക്കിയതും പിന്നീടു വന്ന സർക്കാർ പുനഃസ്ഥാപിച്ചതുമായ 2000 ഷാപ്പുകളും ഇതിൽ ഉൾപ്പെടുന്നു. ഷാപ്പ് ഒന്നിന് കീഴിൽ കുറഞ്ഞത് 50 തെങ്ങെങ്കിലും ചെത്തുന്നതായി ഉണ്ടായിരിക്കണമെന്നാണ് വ്യവസ്ഥ. തെങ്ങൊന്നിന് 30 രൂപ നിരക്കിൽ കരമടച്ചു വേണം ചെത്താൻ. ഇങ്ങനെ 579741 തെങ്ങിന് ചെത്താൻ കരമടച്ചിട്ടുണ്ട്. ഈ തെങ്ങത്രയും കൃത്യമായി ചെത്തിയിറക്കിയാൽ ശരാശരി ഒരു തെങ്ങിന് ഒന്നരലിറ്റർ എന്ന കണക്കിൽ ലഭിക്കാവുന്നത് 8.7 ലക്ഷം ലിറ്റർ കള്ളാണ്. അതേ സമയം കേരളത്തിലെ കുടിയന്മാരുടെ ശരാശരി ഉപയോഗത്തിന് പ്രതിദിനം വേണ്ടത് 20.4 ലക്ഷം ലിറ്റർ കള്ളും. ഇത് എക്സൈസ് വകുപ്പ് തയ്യാറാക്കി ക്ലെയിം ചെയ്തുവച്ചിരിക്കുന്ന കണക്കാണ്. ഇവിടെ ദിനംപ്രതി 11.7 ലക്ഷം ലിറ്റർ കള്ളിന്റെ കുറവ് വരുന്നു. ഇതു പരിഹരിക്കാനുള്ള മദ്യമാഫിയയുടേയും എക്സൈസ്‌വകുപ്പിന്റെയും കൂട്ടായ ശ്രമമാണ് വിഷക്കള്ള് നിർമ്മാണത്തിൽ കലാശിച്ചത്. ഓരോ വർഷവും ഷാപ്പ് ലേലം ഇനത്തിൽ നികുതി ഈടാക്കുന്ന സംസ്ഥാന സർക്കാരിനും എക്സൈസ് മന്ത്രിക്കും ഇക്കാര്യങ്ങൾ പകൽ വെളിച്ചം പോലെ സുവ്യക്തമായി അറിയാവുന്ന കാര്യവുമാണ്.

പശ്ചാത്തലം ഇതായിരിക്കെ മദ്യദുരന്തങ്ങൾക്ക് ഉത്തരവാദികളെത്തേടി നടക്കുന്ന സർക്കാർനിലപാട് അപഹാസ്യമാണ്. മലപ്പുറത്ത് സെപ്റ്റംബർ മൂന്നിന് വിഷക്കള്ള് കുടിച്ച മനുഷ്യർ 'എലി വിഷം കഴിച്ചതുപോലെ' പാലത്തിനടിയിലും കുറ്റിക്കാട്ടിലും ഓടവക്കിലും വീണു ചത്തപ്പോഴും കള്ളു കുടിച്ചവർ മരണത്തോട് മല്ലടിക്കുമ്പോഴും കുറ്റിപ്പുറം, പെരശന്നൂർ, വണ്ടൂർ, വാണിയമ്പലം ഷാപ്പുകളിൽ അതേ കള്ള് നിർബാധം വിറ്റു കൊണ്ടിരിക്കുകയായിരുന്നു. ഒന്നല്ല മൂന്നു ദിവസം. ഇത്രയും പോരെ നമ്മുടെ പൊലീസിന്റെയും എക്സൈസ് വകുപ്പിന്റെയും മദ്യലോബിയോടുള്ള കൂറ് അറിയാൻ. വ്യാജക്കള്ളിനെക്കുറിച്ച് എക്സൈസ് ഉദ്യോഗസ്ഥൻ പറഞ്ഞത് സ്പിരിറ്റാണെന്ന് കരുതി മീഥൈൽ ആൽക്കഹോൾ അബദ്ധത്തിൽ കള്ളിൽ ചേർത്തുപോയതാണ് അപകടത്തിന് കാരണമെന്നാണ്. നിരോധിച്ച വസ്തുക്കൾ കൈവശം വച്ചതുപോലും തെറ്റല്ലന്നാണ് ഈ വിശദീകരണം. മേൽപ്പറഞ്ഞ വിഷക്കള്ള് കുടിച്ച് ആരും മരിച്ചില്ലായിരുന്നുവെങ്കിൽ അത് കള്ള്ഷാപ്പ് ഉടമയുടേയും എക്സൈസ് വകുപ്പിന്റെയും വൻവിജയമാകുമായിരുന്നു. പുതിയൊരു മിശ്രിതം കണ്ടുപിടിച്ചതിന്റെ ക്രെഡിറ്റിൽ കുറേ കൂടി സമ്പാദിക്കാമായിരുന്നു. വിഷക്കള്ള് പ്രശ്നമായപ്പോഴാണ് ഷാപ്പുടമയുടെ സമ്പാദ്യം അനധികൃതമായത്. സർക്കാരിനെ അപകീർത്തിപ്പെടുത്താനുള്ള ഗൂഢനീക്കമായത്. അട്ടിമറി ശ്രമമാണോ എന്ന സംശയം ഉണ്ടായത്. കെ അച്യുതൻ കള്ളു കച്ചവടം അവസാനിപ്പിച്ചത്. ഇപ്പറഞ്ഞതൊക്കെ നാട്ടുകാർ പാടിനടന്ന കാര്യമാണ്. പക്ഷെ അതുകണ്ടെത്താൻ, കേട്ടറിയാൻ കേരളത്തിന്റെ ആഭ്യന്തര, എക്സൈസ് വകുപ്പിനും, വിജിലൻസ് ഡിപ്പാർട്ട്മെന്റിനും കഴിയാതെ പോയത് നാണക്കേടാണ്. മദ്യദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് പൊതുഖജനാവിൽ നിന്ന് യാതൊരു മനചാഞ്ചല്യവുമില്ലാതെ നഷ്ടപരിഹാരം പ്രഖ്യാപിച്ചവർ ഒരു കാര്യം ഓർക്കണം. കുറ്റം ചെയ്തവനെ വേണം ശിക്ഷിക്കാൻ. ഇത്രയും കാലം അനധികൃതമായി കള്ള് വ്യവസായത്തിലൂടെ കോടികൾ വാരി കൂട്ടിയ മദ്യരാജാക്കന്മാരുടെ സമ്പാദ്യം കണ്ടുകെട്ടി വേണം നഷ്ടപരിഹാരം നൽകാൻ. അതിന് നികുതിപ്പണത്തെ ആശ്രയിക്കരുതായിരുന്നു. ഇത്തരത്തിൽ പ്രവർത്തിച്ചിരുന്നുവെങ്കിൽ ഇനിയുള്ള കാലം മദ്യവ്യവസായികൾ വ്യാജൻ നിർമ്മിക്കാൻ അൽപം മടിച്ചേനെ. ഇതുനേരത്തെ ചെയ്തിരുന്നുവെങ്കിൽ പുനലൂരിലെ 82 പേരും, വൈപ്പിനിലെ 78 പേരും കല്ലുവാതുക്കലിലെ 33 പേരും ആവണീശ്വരത്തെ ഏഴുപേരും ഏറ്റവും ഒടുവിൽ മലപ്പുറത്തെ 24 പേരും വിഷമദ്യം കഴിച്ച് മരിക്കില്ലായിരുന്നു. ●



*റവ. ഡോ. സി ജോസഫ്*

**1950**-കളിൽ ജപമാലഭക്തി പ്രചരിപ്പിച്ചുകൊണ്ട് ഐറീഷ് സ്വദേശിയായ ഫാദർ പാട്രിക് പെയ്റ്റൻ ലോകമെങ്ങും ചുറ്റി സഞ്ചരിച്ചു. ഫാദർ പെയ്റ്റന്റെ സന്ദേശത്തിന്റെ കാതൽ, അദ്ദേഹത്തിന്റെ ആപ്തവാക്യം തന്നെയാണ്: 'ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഐക്യത്തിൽ നിലനിൽക്കുന്നു'

കുടുംബ പ്രാർത്ഥനയെന്നാൽ മഹാഭൂരിപക്ഷം കത്തോലിക്കരും അർത്ഥമാക്കുന്നത് ജപമാലയെത്തന്നെയാണ്. ഒരു യഥാർത്ഥ കത്തോലിക്കാ വിശ്വാസിയെ സംബന്ധിച്ച് ജപമാല എന്ന വാക്കുതന്നെ മധുരതരവും അത്യാകർഷകവുമാണ്. മാതൃസ്നേഹത്തിന്റെ ആർദ്രതയും മാതൃസംരക്ഷണത്തിന്റെ തീവ്രതയും ഇത്രയേറെ പ്രതിധ്വനിപ്പിക്കുന്ന മറ്റൊരു മരിയൻ ഭക്ത്യാഭ്യാസമുണ്ടോ എന്ന് സംശയമുണ്ട്. നൂറ്റാണ്ടുകളായി മരിയഭക്തർക്ക് ആനന്ദവും പ്രത്യാശയും പകർന്നു നൽകുന്ന പ്രാർത്ഥനാമഞ്ജരിയാണ് ജപമാല. കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് ക്രിസ്തുനാഥന്റെയും പരിശുദ്ധമറിയത്തിന്റെയും ജീവിതത്തിലെ മനുഷ്യരക്ഷയുമായി ബന്ധപ്പെട്ട മഹത്സംഭവങ്ങളും ദിവ്യരഹസ്യങ്ങളും ധ്യാനിച്ചു കൊണ്ട് പരിശുദ്ധമറിയത്തിന്റെ തിരുനാമം തുടർച്ചയായി വിളിച്ചപേക്ഷിക്കുന്ന ഉൽകൃഷ്ടമായ പ്രാർത്ഥനയാണ് ജപമാല. വിശ്വസ്തതയോടെ അനുദിനം ജപമാല ചൊല്ലുന്ന കുടുംബാംഗങ്ങളെ സ്നേഹത്തിന്റെ സ്വർണ്ണച്ചരടിൽ കോർത്തിണക്കി, കണ്ണികൾ അറ്റുപോകാതെ ആ അമ്മ തന്റെ തൃക്കരങ്ങളിൽ ഭദ്രമായി സൂക്ഷിക്കുന്നു. ഇതിനേക്കാൾ കുടുംബഭദ്രതയ്ക്ക് മറ്റെന്താണ് ആവശ്യം?

ആധുനിക നൂറ്റാണ്ടിൽ സഭയെ ഏറ്റവും കൂടുതൽ സ്വാധീനിച്ച സംഭവമാണ് രണ്ടാം വത്തിക്കാൻ സൂന്നഹദോസ്. രണ്ടാം വത്തിക്കാൻ സൂന്നഹദോസ് വിളിച്ചു ചേർത്ത 23-ാം യോഹന്നാൻ മാർപ്പാപ്പാ ലക്ഷ്യമിട്ടത്, കാലാനുസൃതമായ മാറ്റത്തിന്റെ കുളിർകാറ്റ് സഭാസൗധത്തിൽ പ്രവേശിക്കുവാൻ ഒരു കിളിവാതിൽ തുറന്നിടണമെന്നായിരുന്നു. പക്ഷേ, കൗൺസിൽ കാലഘട്ടത്തിലും (എ.ഡി. 1962-1965) അതിനുശേഷവും മാറ്റത്തിന്റെ ഒരു കൊടുങ്കാറ്റുതന്നെ സഭാസൗധത്തിന്മേൽ ആഞ്ഞടിച്ചു. അൽപ്പവിശ്വാസികൾ അമ്പരന്നു. അനിശ്ചിതത്വത്തിന്റെയും അസ്വസ്ഥതയുടെയും കാലഘട്ടം. ഈ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ വിമർശന വിധേയമായതും ചർച്ചാ വിഷയമായതും പരിശുദ്ധ കന്യകാമറിയത്തോടുള്ള പരമ്പരാഗത ഭക്തിയും സ്നേഹവും ആദരവും. പിന്നെ മാർപ്പാപ്പയുടെ പരമാധികാരവും. പരിശുദ്ധ മറിയത്തോടുള്ള പരമ്പരാഗതമായ ഭക്തിക്കും ആദരവിനും പുനർനിർണ്ണയം വേണമെന്നും ജപമാല പോലെ 'ആവർത്തന വിരസമായ' പ്രാർത്ഥനകൾക്കു പകരം, കുടുംബങ്ങളിൽ ബൈബിൾ വായന പ്രോത്സാഹിപ്പിക്കപ്പെടണമെന്നും ഒരു കൂട്ടം 'പുരോഗമനവാദികൾ' അതിശക്തിയായി വാദിച്ചു.

രണ്ടാം വത്തിക്കാൻ സൂന്നഹദോസിന്റെ അടിസ്ഥാന പ്രമാണ രേഖകളിൽ ഒന്നായ 'Lumen Gentium' (തിരുസഭ). എട്ടാം അദ്ധ്യായം പരിശുദ്ധ കന്യകാമറിയത്തോടുള്ള സഭയുടെ ആദരവും സ്നേഹവും, സഭാമക്കൾക്ക് ദൈവമാതാവും നിത്യകന്യകയുമായ പരിശുദ്ധമറിയത്തോടുണ്ടായിരിക്കേണ്ട മനോഭാവവും വ്യക്തമാക്കുന്നതാണ്. നൂറ്റാണ്ടുകളായി സഭയിൽ നിലനിൽക്കുന്ന എല്ലാത്തരം മരിയൻ ഭക്ത്യാഭ്യാസങ്ങളെയും ഈ പരിശുദ്ധ സൂന്നഹദോസ് സ്ഥിരീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു എന്ന കൗൺസിൽ പ്രഖ്യാപനത്തോടെ, അസ്ഥിരതയ്ക്കും ചാഞ്ചാട്ടത്തിനും വിരാമമായി. മാത്രമല്ല, തികഞ്ഞ മരിയഭക്തൻ കൂടിയായ ഭാഗ്യസ്മരണാർഹനായ പരിശുദ്ധ പിതാവ് പോൾ ആറാമൻ മാർപ്പാപ്പ 'Marialis Cultus' എന്ന തിരുവെഴുത്തിലൂടെ എല്ലാ അഭ്യൂഹങ്ങൾക്കും വിരാമമിട്ടു. രണ്ടാം വത്തിക്കാൻ സൂന്നഹദോസ് സമാപിച്ചയുടൻ പുറപ്പെടുവിച്ച സുപ്രധാനമായൊരു അപ്പസ്തോലിക തിരുവെഴുത്തായിരുന്നു 'മരിയഭക്തി'യെ സംബന്ധിക്കുന്ന ഈ മാർഗ്ഗരേഖ.

അടിസ്ഥാനപരമായി മൂന്ന് കാര്യ-



**ജപമാല ചൊല്ലുക എന്നാൽ മറിയത്തിനോടൊപ്പം ക്രിസ്തുവിന്റെ തിരുമുഖം ധ്യാനിക്കുക എന്നതാണ്**

ങ്ങളാണ് ഈ അപ്പസ്തോലിക പ്രബോധനത്തിൽ നാം കാണുന്നത്. ഒന്ന്: പരിശുദ്ധ മറിയത്തെ സംബന്ധിച്ചുള്ള സഭയുടെ ഔദ്യോഗിക പഠനങ്ങളുടെ വ്യാഖ്യാനം. എഫേസൂസ് സൂന്നഹദോസിൽ ആരംഭിച്ച് രണ്ടാം വത്തിക്കാൻ സൂന്നഹദോസിൽ എത്തി നിൽക്കുന്ന പഠനം. പരിശുദ്ധ മറിയത്തിന്റെ ദൈവമാതൃത്വം, അമലോത്ഭവം, നിത്യകന്യകാത്വം, സ്വർഗ്ഗാരോഹണം തുടങ്ങിയുള്ള വിശ്വാസ സത്യങ്ങളും അവയുടെ വ്യാഖ്യാനവും. രണ്ടാം വത്തിക്കാൻ കൗൺസിൽ പിതാക്കന്മാർ മറിയത്തെ തിരുസ്സഭയുടെ മാതൃകയും പ്രതിരൂപവുമായി വിശേഷിപ്പിച്ചു. പക്ഷേ, മറിയത്തെ തിരുസ്സഭയുടെ മാതാവായി പ്രഖ്യാപിക്കാൻ കൗൺസിൽ പിതാക്കന്മാർ അറച്ചു നിന്നു. അതിനു പരിഹാരമെന്നോണം പത്രോസിന്റെ പിൻഗാമിയായ പോൾ ആറാമൻ മാർപ്പാപ്പ തന്റെ അപ്പസ്തോലിക ലേഖനത്തിൽ മറിയം തിരുസ്സഭയുടെ മാതാവാകുന്നു എന്ന് അസന്നിഗ്ദമായി പ്രഖ്യാപിച്ചു.

രണ്ട്: പരമ്പരാഗതമായി ദൈവജനം അനുഷ്ഠിച്ചു പോരുന്ന എല്ലാ മരിയൻ ഭക്ത്യാഭ്യാസങ്ങളേയും പരിശുദ്ധപിതാവ് അക്കമിട്ട് നിരത്തി, അടിവരയിട്ട് ഭാവി തലമുറയ്ക്കു നൽകി. ജപമാലയും, ഉത്തരീയവും നിത്യസഹായ മാതാ നൊവേനയും മരിയൻ തീർത്ഥാടനവുമെല്ലാം പുനർജന്മം കൊണ്ടു. ഈ തിരുവെട്ടത്തിൽ ജപമാല ഭക്തിയെക്കുറിച്ച് പരിശുദ്ധ പിതാവ് സവിസ്തരം പ്രതിപാദിച്ചു. ജപമാലയ്ക്കു പകരം ബൈബിൾ എന്ന് വാദിച്ചവർക്കുള്ള ചുട്ടമറുപടിയെന്നോണം പരിശുദ്ധ പിതാവ് നിർദ്ദേശിച്ചു. 'നൂറ്റാണ്ടുകളായി സമസ്തകത്തോലിക്കരും മരിഭക്തിയുടെ മുഖമുദ്രയായി കരുതുന്ന ജപമാല ഭക്തിയുടെ ശ്രേഷ്ഠത കുറച്ചു കാണേണ്ടതില്ല. സാധാരണ ജനങ്ങൾക്കും ദൈവശാസ്ത്ര പണ്ഡിതർക്കും ബുദ്ധിജീവികൾക്കും ഒരുപോലെ അനായാസമായി പരിശുദ്ധ മറിയത്തിന്റെ മാതൃസ്നേഹത്തിന്റെ നീരുറവയിലെത്താൻ ജപമാല പോലെ മറ്റൊരു ഭക്ത്യാഭ്യാസമില്ല. ജപമാല പ്രാർത്ഥനയിൽ ഉചിതമായ ദൈവവചന ഭാഗങ്ങൾ ഉൾക്കൊള്ളിച്ച് ധ്യാനാസക്തമായി ജപമാല ചൊല്ലുന്നത് ഏറെ അഭികാമ്യമെന്ന് പരിശുദ്ധ പിതാവ് നിർദ്ദേശിച്ചു. മൂന്ന് മരിയ ഭക്തിയിലും മരിയൻ അനുഷ്ഠാനങ്ങളിലും കാലക്രമേണ വന്നു ഭവിച്ച ചില അപചയങ്ങൾ ചൂണ്ടിക്കാട്ടി അവ തിരുത്തേണ്ടത് എങ്ങനെയെന്നും ഈ അപ്പസ്തോലിക ലേഖനത്തിൽ പരിശുദ്ധ പിതാവ് നിർദ്ദേശിച്ചു.

ജപമാല ഭക്തിയെക്കുറിച്ചുള്ള സഭയുടെ ഏറ്റവും അവസാനത്തെ ആധികാരികമായ പഠനവും വീക്ഷണവും നമുക്ക് ലഭിക്കുന്നത് നലംതികഞ്ഞ മരിയ ഭക്തനായ ഭാഗ്യസ്മരണാർഹനായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ "Rosarium Virginis Mariac' (16th Oct 2002) എന്ന അപ്പസ്തോകെ ലേഖനത്തിൽ നിന്നുമാണ്. 'Totus Tuus' 'എല്ലാം നിനക്കായി' എന്ന ആപ്തവാക്യം സ്വീകരിച്ച വി. പത്രോസിന്റെ ഈ പിൻഗാമിക്ക് എല്ലാം മറിയമായിരുന്നു.

ജപമാല ഭക്തിയെക്കുറിച്ച് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ എഴുതി 'തലമുറകൾ കൈമാറി നമ്മിലേക്ക്

എത്തുന്ന ജപമാല ഭക്തി, എണ്ണമറ്റ വിശുദ്ധർ സ്നേഹിച്ചതും സഭയുടെ പരമാധികാര അജപാലകർ പ്രോത്സാഹിപ്പിച്ചിട്ടുള്ളതുമാണ്. ഈ മൂന്നാം സഹസ്രാബ്ദത്തിന്റെ പൊൻപുലരിയിലും ജപമാല ഭക്തിക്ക് അതീവ പ്രസക്തിയുണ്ട്. വിശുദ്ധിയുടെ സമൃദ്ധമായ വിളവിലേക്ക് ജപമാല നമ്മെ നയിക്കുന്നു.' വീണ്ടും പരിശുദ്ധപിതാവ് എഴുതി "ജപമാല അടിസ്ഥാനപരമായി ഒരു മരിയൻ പ്രാർത്ഥനയാണെങ്കിലും ആത്യന്തിക വിശകലനത്തിൽ ജപമാല ക്രിസ്തു കേന്ദ്രീകൃതമായൊരു പ്രാർത്ഥനയാണ്. ജപമാല ചൊല്ലുക എന്നാൽ മറിയത്തിനോടൊപ്പം ക്രിസ്തുവിന്റെ തിരുമുഖം ധ്യാനിക്കുക എന്നതാണ്. ജപമാല എന്റെ ഇഷ്ടപ്രാർത്ഥനയാണ്. എന്റെ യൗവ്വനം മുതൽ മുടങ്ങാതെ ഞാൻ ചൊല്ലുന്ന എന്റെ പ്രാർത്ഥന , എന്റെ ആകുലതകളിലും വേദനകളിലും എന്റെ സന്തോഷങ്ങളിലും സായൂജ്യ നിമിഷങ്ങളിലും എന്നെ താങ്ങി നിർത്തുന്ന എന്റെ പ്രാർത്ഥന – അതാണ് ജപമാല."

ജപമാല ഭക്തിയെപ്പറ്റി പിതാക്കാന്മാരുടെ പ്രബോധനങ്ങളും വിശുദ്ധന്മാരുടെ ഉദ്ബോധനങ്ങളും എത്രവേണമെങ്കിലും നമുക്ക് ഉദ്ധരിക്കാം. പക്ഷേ, ഏറ്റവും പ്രധാനം, എന്റെ ജീവിതത്തിൽ, എന്റെ കുടുംബത്തിൽ ജപമാലയ്ക്ക് ഇന്ന് എന്ത് സ്ഥാനമാണുള്ളത് എന്ന് നാം ഓരോരുത്തരും ചിന്തിക്കണം. ഇന്നത്തെ ഇളംതലമുറ വഴി തെറ്റുന്നതിനെക്കുറിച്ചും വർദ്ധിച്ചു വരുന്ന കുടുംബ തകർച്ചകളെക്കുറിച്ചുമെല്ലാം ഇന്നു നാം ധാരാളം കേൾക്കുന്നു, കാണുന്നു.

സമൂഹത്തെ ഗ്രസിക്കുന്ന തിന്മകൾക്കെതിരെ പോരാടാനുള്ള ആയുധമായും നാരകീയ ശക്തികളെ പ്രതിരോധിക്കാനുള്ള കവചമായും ജപമാലയെ വിശുദ്ധർ വിശേഷിപ്പിച്ചിരുന്നു. ജപമാല ഭക്തി ഓരോ കത്തോലിക്കാ കുടുംബത്തിന്റെയും ആത്മീയ ശക്തി സ്രോതസ്സായി കരുതിയിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. നമ്മുടെ അതിരൂപതയെതന്നെ ഉദാഹരണമായി എടുക്കാം. നമ്മുടെ അതിരൂപതയിലെ തീര പ്രദേശങ്ങളിലൂടെ സന്ധ്യക്ക് സഞ്ചരിക്കുക ദിവ്യമായൊരു അനുഭവമായിരുന്നു മുൻകാലങ്ങളിൽ. ഇടതൂർന്നു വസിക്കുന്ന തീരദേശ മത്സ്യത്തൊഴിലാളി ഭവനങ്ങളിൽ നിന്ന് മുഴങ്ങിക്കേൾക്കുക ഒരേയൊരു ശബ്ദം 'നന്മ നിറഞ്ഞ മറിയമേ' എന്നായിരുന്നു. ഇന്ന് സംഗതികളെല്ലാം വളരെയധികം മാറിപ്പോയി! ജപമാല പ്രാർത്ഥനയുടെ സ്ഥാനത്ത് ഇന്ന് മുഴങ്ങികേൾക്കുന്നത് വിവിധ ടെലിവിഷൻ ചാനലുകൾ സംപ്രേഷണം ചെയ്യുന്ന സീരിയലുകളിലെ കരച്ചിലും ചിരിയും അട്ടഹാസവും ഒക്കെയാണ്. തിരുഹൃദയ പ്രതിഷ്ഠയുടെ മുമ്പിൽ ജപമാലയേന്തിയ കൈകളുമായി മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്ന കുടുംബാംഗങ്ങളെ ഇന്നു കാണുന്നത് വിഡ്ഢിപ്പെട്ടിക്കു ചുറ്റും വട്ടമിട്ടിരുന്നു മണിക്കൂറുകൾ തള്ളി നീക്കുന്ന കുടുംബാംഗങ്ങളെയാണ്. ഈ ദുഃസ്ഥിതി മാറിയേ തീരൂ!

നമുക്ക് നമ്മുടെ അടിവേരുകളുടെ പ്രഭവസ്ഥാനത്തേക്കു മടങ്ങാം. അവിടെ നമുക്ക് ആത്മാവിന് ഊർജ്ജവും ജലവും പകർന്നു നൽകുന്നത് ദിവ്യ സ്രോതസ്സുകളെ കണ്ടെത്താം. ജീവിതയാത്രയിൽ നമ്മെ കൈപിടിച്ചു നടത്തുന്ന യേശുനാഥനെ തിരിച്ചറിയാം. അവിടുത്തെ ജീവദായകമായ സാന്നിധ്യം അനുഭവിക്കാം. 'ഭൂമുഖത്ത് തീർത്ഥാടനം ചെയ്യുന്ന ദൈവജനത്തിന് സുനിശ്ചിതമായ പ്രതീക്ഷയുടെയും സമാശ്വാസത്തിന്റെയും അടയാളമായി പ്രശോഭിച്ചുകൊണ്ടിരിക്കുന്ന' പരിശുദ്ധ മറിയത്തിന്റെ മാതൃസ്നേഹം നുകരാം. തിന്മകളുടെ ശക്തികൾക്കെതിരെ പോരാടാൻ പരിശുദ്ധ മറിയം നമുക്കു നൽകുന്ന വജ്രായുധവും പടച്ചട്ടയുമാണ് ജപമാല. ഫാത്തിമാ സന്ദേശം എക്കാലവും പ്രസക്തമത്രേ. നാശത്തിലേക്കു നീങ്ങുന്ന ലോകത്തെ രക്ഷിക്കാൻ നിരന്തരം ജപമാല ചൊല്ലാം; നിത്യനരകാഗ്നിയിൽ നിപതിക്കാതിരിക്കാൻ ദിനംപ്രതി ജപമാല ചൊല്ലാം. കുടുംബാംഗങ്ങൾ എല്ലാവരും ഒന്നിച്ചു ചേർന്ന്. കാരണം "ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഐക്യത്തിൽ നിലനിൽക്കുന്നു." ●



**തിന്മകളുടെ ശക്തികൾക്കെതിരെ പോരാടാൻ പരിശുദ്ധ മറിയം നമുക്കു നൽകുന്ന വജ്രായുധവും പടച്ചട്ടയുമാണ് ജപമാല**

ഫാ. ജോയി സി. മാത്യു

# സ്വന്തം പല്ലിട കുത്തിമണപ്പിക്കരുത്!

ഇന്ത്യാമഹാരാജ്യത്തിന്റെ പ്രശസ്തി ലോകമെമ്പാടും അറിയിക്കുന്ന കോമൺവെൽത്ത് മത്സരങ്ങൾ നടക്കാനിരിക്കവേ വിവാദങ്ങളുടെയും അഴിമതികളുടെയും മുൾമുനയിലാണ് രാജ്യം ഇന്ന്. മത്സരങ്ങൾ ആരംഭിക്കുവാൻ വിരലിലെണ്ണാവുന്ന ദിവസങ്ങൾ മാത്രം ബാക്കി നിൽക്കേ ഇംഗ്ലണ്ട്, വെയിൽസ്, സ്കോട്ട്ലന്റ്, ന്യൂസിലന്റ് തുടങ്ങിയ സ്പോർട്സിലെ പ്രമുഖ രാഷ്ട്രങ്ങൾ മത്സരങ്ങൾ ബഹിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. മാത്രമല്ല, പ്രമുഖ താരങ്ങളെല്ലാം തങ്ങളുടെ സുരക്ഷ ഭയന്ന് പിന്മാറൽ നയം വ്യക്തമാക്കി കഴിഞ്ഞു. ഇഡോവു (ഇംഗ്ലണ്ടിന്റെ ട്രിംപ്പിൾ ജംപ് താരം) അടുത്ത ദിവസം സുരക്ഷാക്രമീകരണങ്ങളെ ഭയന്ന് മാധ്യങ്ങളിലൂടെ തുറന്നടിച്ചു. “എനിക്ക് രണ്ടു കുട്ടികളുണ്ട്. അവരെ സംരക്ഷിക്കുന്ന എന്റെ സുരക്ഷയാണ് മെഡലിനേക്കാൾ പ്രധാനം; അതുകൊണ്ട് ജീവൻ പണയം വെച്ചുകൊണ്ടുള്ള ഒരു പരിപാടിക്കുമില്ല.”

എന്താണ് ഈ പിൻമാറ്റങ്ങൾക്കു കാരണം? കഴിഞ്ഞ ഏതാനും ദിവസങ്ങളിൽ പൊന്തിവന്ന ചില അഴിമതികളും, ഉത്തരവാദിത്വ അപാകതകളും തന്നെ. നമ്മുടെ നേതാക്കൻമാർ തങ്ങളുടെ കർത്തവ്യങ്ങൾ, യഥാവിധി നിർവഹിച്ചിരുന്നെങ്കിൽ നടപ്പാത വീണു, മേൽക്കൂര വീണു എന്നുള്ള അപാകതകൾ നമ്മുടെ മാധ്യമങ്ങൾ വെണ്ടക്കാക്ഷരങ്ങളിൽ എഴുതിപ്പിടിപ്പിക്കില്ലായിരുന്നു. മാത്രമല്ല നമ്മുടെ തന്നെ ദേശീയ മത്സരാർത്ഥികൾ ഇക്കഴിഞ്ഞ ദിവസം ഉത്തേജന മരുന്നിൽ പിടിക്കപ്പെട്ടത് വളരെ സങ്കീർണ്ണമായ പ്രശ്നമായി. നമ്മുടെ മാധ്യമങ്ങളെ കുറ്റം പറഞ്ഞിട്ടുകാര്യമില്ല. മേൽക്കൂരയുടെ ഭംഗിക്കൂട്ടുവാൻ ഒട്ടിച്ചിരുന്ന ടെയിൽസുകളിൽ മൂന്ന് എണ്ണം കാലാവസ്ഥയുടെ പ്രതികൂലത കാരണം ഇളകി വീണതിനെ മേൽക്കൂര ഇളകിവീണു എന്നാണ് മാധ്യമങ്ങൾ എഴുതി പിടിപ്പിച്ചത്. നമ്മുടെ തന്നെ പല്ലിട കുത്തി മണപ്പിക്കണോ ?

‘രാജ്യം കുപ്രസിദ്ധിക്കല്ല, പ്രശസ്തിക്കാണ് ഒരുങ്ങുന്നത്’ ഈ നേട്ടം ഓരോ ഭാരത പൗരനും അവകാശപ്പെട്ടതാണ്. അത് നമ്മുടെ സ്വാതന്ത്ര്യത്തിന്റെ വിലയാണ്. ഈ കഴിഞ്ഞ ഫുട്ബോൾ വേൾഡ് കപ്പിന് വേദിയൊരുക്കിയത് ദക്ഷിണാഫ്രിക്കയെന്ന വികസ്വര രാജ്യമാണല്ലോ. ലോകത്തിൽ ഏറ്റവും കൂടുതൽ സെക്സ് റാക്കറ്റും സെക്സ് വർക്കേഴ്സും പിടിച്ചു പറിയും, കൊള്ളയും നടക്കുന്ന സ്ഥലമെന്ന് മാധ്യമങ്ങൾ എഴുതിപ്പിടിപ്പിച്ചപ്പോൾ, അവിടുത്തെ സർക്കാരിന്റെ സമയോജിത ഇടപെടലിലൂടെ കാര്യങ്ങൾ നന്നായി നടന്നില്ലേ? വേൾഡ് കപ്പ് വിജയ സോപാനങ്ങളിലെത്തിയില്ലേ? ദക്ഷിണാഫ്രിക്കയെന്ന ചെറുരാജ്യം ഇന്ന് ധാർമ്മികതയിൽ ലോകത്തിന് മാതൃകയായില്ലേ? കറുത്ത ഭൂഖണ്ഡമെന്ന് മുദ്രകുത്തപ്പെട്ട ആഫ്രിക്കൻ ഭൂഖണ്ഡം ഒന്നായി ചേർന്ന് ഐക്യപ്പെട്ടില്ലേ. ?

സ്പോർട്സിലൂടെയാണല്ലോ, ഓരോ വ്യക്തിയേയും രാജ്യത്തേയും ലോകമറിയുന്നത്. ഫിഫ (Federation International the Football Association) പോലുള്ള ലോക ഫുട്ബോൾ സംഘടനകൾ ഇന്ത്യപോലുള്ള വികസ്വര രാഷ്ട്രങ്ങളെ കായികമായി വളർത്തുവാനുള്ള ശ്രമം നടത്തിവരവെ ഇങ്ങനെയുള്ള ബാലിശ വിവാദങ്ങളിൽ ചെന്നു വീഴണമോ? നമ്മുടെ സ്പോർട്സിലെ ഭാവി മുൻപോട്ട് കാണുന്ന ലോകോത്തര സംഘടനകൾ തിരിച്ചു പോകുവാൻ ഇവിടത്തെ നേതാക്കൻമാർ നിമിത്തമാകരുത്. ലോകം ഉറ്റുനോക്കുന്ന ഇത്തരം സംഭവങ്ങൾ വിജയപ്രദമാക്കി നമ്മുടെ രാജ്യത്തിന്റെ യശസ് ഉയർത്തുവാൻ സാധ്യമാകട്ടെ എന്ന് നമുക്കു ആശിക്കാം. “കോമൺവെൽത്ത് ഗെയിംസിനെ കോമകൾക്കകത്ത് മാത്രം ഒതുക്കരുതേ!” ●



# വാർത്തകൾ

## തീവ്ര മതേതരത്വം അപകടം – മാർപ്പാപ്പ



**എഡിൻബർഗ്:** ബ്രിട്ടൻ സന്ദർശനത്തിന്റെ ഭാഗമായി സ്കോട്ട്ലാന്റിലെത്തിയ ബനഡിക്ട് 16–ാമൻ മാർപ്പാപ്പ രാജ്യത്തിന്റെ ക്രൈസ്തവ പാരമ്പര്യം നിലനിർത്തണമെന്ന് അഭ്യർത്ഥിച്ചു ഒപ്പം, തീവ്ര മതേതരത്വവും, നിരീശ്വരവാദവും അപകടമാണെന്നും സൂചിപ്പിച്ചു. ”നിങ്ങളുടെ പൂർവികർക്ക് സത്യത്തോടും, നീതിയോടും, കാരുണ്യത്തോടും, ഉപവിയോടും ഉണ്ടായിരുന്ന ബഹുമാനം നിങ്ങൾക്കും ലഭിച്ചത് ക്രൈസ്തവ വിശ്വാസം വഴിയാണ്. ആ വിശ്വാസം ഈ രാജ്യത്തിന്റെ നന്മയുടെ വലിയ ശക്തികേന്ദ്രമായിരുന്നു; ക്രൈസ്തവർക്കും ഒപ്പം മറ്റുള്ളവർക്കും” എന്നു മാർപ്പാപ്പ എഡിൻബർഗ് കൊട്ടാരത്തിൽ എലിസബത്ത് 2 രാജ്ഞി നൽകിയ സ്വീകരണത്തിൽ പറഞ്ഞു. ഫ്ളോറൻസ് നൈറ്റിംഗൽ മുതൽ കാർഡിനൽ വരെയുള്ള ബ്രിട്ടനിലെ ധാർമ്മിക നായകൻമാരെ മാർപ്പാപ്പ തന്റെ പ്രസംഗത്തിൽ എടുത്തു പറഞ്ഞു.

ദൈവവിശ്വാസത്തെ സമൂഹത്തിൽ നിന്നും തുടച്ചുമാറ്റാൻ പരിശ്രമിച്ച നാസികളുമായുള്ള രണ്ടാം ലോകമഹായുദ്ധകാലത്തു പോലും ക്രൈസ്തവസാക്ഷ്യങ്ങൾ ധാരാളമുണ്ടായിരുന്നതായി മാർപ്പാപ്പ ഓർമ്മപ്പെടുത്തി. ഇരുപതാം നൂറ്റാണ്ടിലെ തീവ്രനിരീശ്വരവാദഫലമായി, മനുഷ്യനേയും സമൂഹത്തെയും കുറിച്ചു രൂപപ്പെട്ട വികലമായ കാഴ്ചപ്പാടുകളും തിക്തനാനുഭവങ്ങളും നമുക്ക് മറക്കാതിരിക്കാമെന്ന് മാർപ്പാപ്പ ശക്തമായി പറഞ്ഞു.

## പെൺകുട്ടികൾക്കായുള്ള ജുവനൈൽഹോം തുറന്നു

**തിരുവനന്തപുരം** ലത്തീൻ അതിരൂപതയിൽ വെട്ടുതുറ ടി എസ് എസ് എസിന്റെ കീഴിൽ സാമൂഹ്യക്ഷേമവകുപ്പിന്റെ അംഗീകാരത്തോടെ പെൺകുട്ടികൾക്കായി ജുവനൈൽഹോം ആരംഭിച്ചു. കേരളത്തിൽ സർക്കാരിതര മേഖലയിൽ ഇദംപ്രഥമമായി ആരംഭിച്ച ഈ കേന്ദ്രത്തിന്റെ ഉദ്ഘാടനം സാമൂഹ്യക്ഷേമവകുപ്പ് സെക്രട്ടറി ഗോപി ഐഎഎസ് നിർവഹിച്ചു. ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം അധ്യക്ഷത വഹിച്ചു.

ലഭിക്കുന്നതിലല്ല, നൽകുന്നതിലാണ് നാം സന്തോഷം കണ്ടെത്തേണ്ടതുണ്ടെന്നും ത്യാഗപൂർണമായ നൽകൽ സ്നേഹത്തിൽ അധിഷ്ഠിതമായിരിക്കുമെന്നും ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. മറ്റുള്ളവർക്ക് കരുതലും സ്നേഹവും കൊടുക്കാൻ കഴിഞ്ഞതാണ് മദർ തെരേസയുടെ മാതൃക. ആ മാതൃക സ്വീകരിച്ചുകൊണ്ട് സ്നേഹിക്കാനും ശുശ്രൂഷിക്കാനും ഇതിന്റെ പ്രവർത്തകർക്കു കഴിയണമെന്നും ആർച്ച് ബിഷപ്പ് പറഞ്ഞു.

ചടങ്ങിൽ ടിഎസ്എസ്എസ് ഡയറക്ടർ ഫാ. സാബാസ് ഇഗ്നേഷ്യസ്, ജുവൈനാൽ ജസ്റ്റിസ് ബോർഡ് അംഗം ഫിലോമിന, ഡോൺ ബോസ്കോ നിവാസ് ഡയറക്ടർ ഫാ. ഫിലിപ്പ് പറക്കാട്, കഠിനംകുളം പഞ്ചായത്ത് പ്രസിഡന്റ് എഫ് ജെ ഡെന്നിസൻ, പഞ്ചായത്ത് കൗൺസിൽ അംഗം ബ്ലെസി, സിസ്റ്റർ ഷേർളി തുടങ്ങിയവർ പ്രസംഗിച്ചു.



ജുവനൈൽ ഹോമിന്റെ ഉദ്ഘാടനച്ചടങ്ങിൽ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം അധ്യക്ഷപ്രസംഗം നടത്തുന്നു

# വിശേഷങ്ങൾ



## കർദ്ദിനാൾ ന്യൂമാൻ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽ

**ബർമിങ്ഹാം(ലണ്ടൻ):** കർദ്ദിനാൾ ന്യൂമാനെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തി. ബെനഡിക്ട് പതിനാറാമൻ മാർപാപ്പ തന്റെ ബ്രിട്ടൻ സന്ദർശനവേളയിൽ ഇംഗ്ലണ്ടിലെ ബർമിങ്ഹാമിലെ ഹൈഡേ പാർക്കിൽ ദിവ്യബലി അർപ്പിച്ചുകൊണ്ടാണ് ന്യൂമാനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത്.

1945-ൽ കത്തോലിക്കാസഭയിലേക്ക് വന്ന ഒരു ആംഗ്ലിക്കൻ വൈദികനായിരുന്നു ഫാ. ന്യൂമാൻ. ബിഷപ്പാകാതെ കർദ്ദിനാളായ കത്തോലിക്കാസഭയിലെ അപൂർവം വ്യക്തിത്വങ്ങളിലൊരാളാണ് വാഴ്ത്തപ്പെട്ട ന്യൂമാൻ. ഹൃദയം ഹൃദയത്തോട് സംവദിക്കുന്നുവെന്ന ആപ്തവാക്യം മുൻനിർത്തി ഹൃദയത്തിലെ ദൈവസാന്നിധ്യത്തോട് നിരന്തരം സംവദിച്ചിരുന്ന വിശുദ്ധ ആത്മാവാണ് വാഴ്ത്തപ്പെട്ട ന്യൂമാൻ.

1801 ഫെബ്രുവരി 12ന് ലണ്ടനിൽ ജനിച്ച ന്യുമാൻ 1890 ഓഗസ്റ്റിലാണ് നിത്യതയിലേക്ക് മടങ്ങിയത്.

വാഴ്ത്തപ്പെട്ട ന്യൂമാന്റെ ബൗദ്ധികതലത്തിലുള്ള സംഭാവനകളെപ്പറ്റിയാണ് ബർമിങ്ഹാമിൽ പോപ്പ് സംസാരിച്ചത്. ന്യൂമാൻ വഴി ലഭിച്ച സൗഖ്യം സാക്ഷ്യപ്പെടുത്തിക്കൊണ്ട് അമേരിക്കയിലെ ഡീക്കൻ ജാക്ക് സുള്ളിവൻ തദവസരത്തിൽ സംസാരിച്ചു. ഇദ്ദേഹത്തിന്റെ രോഗസൗഖ്യമാണ് ന്യൂമാനെ അൾത്താരയിലേക്ക് ഉയർത്തുവാൻ കാരണം.

അന്ധകാരത്തിലെ നുറുങ്ങുവെട്ടമായി സഭയെ കാണുന്ന ന്യൂമാന്റെ ദർശനം ഒരു വിദ്യാർത്ഥിയായിരിക്കെ തന്നെ ഏറെ സ്വാധീനിച്ചിട്ടുണ്ടെന്ന് മാർപാപ്പ അനുസ്മരിച്ചു. പരിശുദ്ധ സിംഹാസനത്തിലേക്കുള്ള സ്ഥാനാരോഹണം കഴിഞ്ഞതുമുതൽ കർദ്ദിനാൾ ന്യൂമാനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്നതിനുള്ള കർമ്മത്തിൽ മുഴുകിയിരിക്കുകയായിരുന്നു മാർപാപ്പ.

# വാർത്തകൾ വിശേഷങ്ങൾ

## മദ്യദുരന്തങ്ങൾ ആവർത്തിക്കപ്പെടരുത് : ആർച്ച് ബിഷപ്പ് സൂസപാക്യം

മദ്യദുരന്തങ്ങൾ ഒഴിയാബാധയായി നമ്മെ പിന്തുടരുന്നുവെന്നും ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കപ്പെടരുതെന്നും ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം. തിരുവനന്തപുരം ജില്ലാ മദ്യ നിരോധന സമിതിയും അതിരൂപതയിലെ വിവിധ ശുശ്രൂഷകരും സംയുക്തമായി നടത്തിയ ധർണ്ണ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മലപ്പുറം മദ്യദുരന്തത്തിൽ ഇരകളായി തീർന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കാൻ നാമേവരും ബാധ്യസ്ഥരാണ്. പുനലൂർ ദുരന്തം, വൈപ്പിൻ മദ്യദുരന്തം എന്നിവയ്ക്കൊക്കെ പ്രതിവിധികൾ ഇന്നും ആയിട്ടില്ല. കല്ലുവാതുക്കൽ മദ്യദുരന്തത്തിന്റെ വിചാരണകൾ സുപ്രീംകോടതിയിൽ നടന്നുകൊണ്ടിരിക്കുന്നു. പാവപ്പെട്ടവർ മരിക്കുകയും യഥാർത്ഥ ഉത്തരവാദികൾ തിരശ്ശീലയ്ക്ക് പിന്നിൽ മറഞ്ഞിരിക്കുകയും ചെയ്യുന്നു. ആർച്ച് ബിഷപ്പ് തുടർന്നു.

യഥാർത്ഥത്തിൽ കുറ്റവാളികൾ ആരാണ് ? ഈ ദുരന്തത്തിന്റെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്ത് ഇപ്രകാരമുള്ള മദ്യദുരന്തം ആവർത്തിക്കപ്പെടാതിരിക്കാൻ ഭരണ നേതൃത്വം മുന്നോട്ട് വരാത്തകാലത്തോളം ഇത്തരം സംഭവങ്ങൾ നടന്നുകൊണ്ടേയിരിക്കും. പ്രകടനങ്ങൾ നടത്തിയും പ്രതിഷേധങ്ങൾ സംഘടിപ്പിച്ചും ഈ സംരംഭത്തോടുള്ള വിശ്വാസ്യതയും നഷ്ടമായി. ഉദയഭാനു കമ്മീഷനിൽ ഉപകാരപ്രദമായ നല്ല കാര്യങ്ങളുണ്ട്. മദ്യഷാപ്പുകളുടെ എണ്ണം കുറച്ചുകൊണ്ടു വരിക എന്നുള്ളത് അതിൽ പ്രധാനമാണ്. ഘട്ടം ഘട്ടമായി ഇത് കുറയ്ക്കും എന്ന് പ്രതീക്ഷവയ്ക്കുമ്പോൾ രാഷ്ട്രീയപാർട്ടികളോട് സ്വാധീനം പുലർത്തിക്കൊണ്ട് മദ്യമാഫിയകളുടെ പിൻബലത്തോടെ മദ്യത്തിന്റെ ഉപയോഗം ക്രമാതീതമായി വർദ്ധിച്ചു വരുന്നു. പ്രതിവർഷം അയ്യായിരം കോടി രൂപയുടെ മദ്യലാഭമാണ് ഗവൺമെന്റിന്റെ ഖജനാവിൽ നിറയുന്നത്. മാത്രവുമല്ല വിറ്റഴിക്കുന്നതിൽ നാലിൽ മൂന്നുഭാഗം രാസവസ്തുക്കൾ ചേർത്ത് സാധാരണക്കാരനെ കൊലപ്പെടുത്തുന്നു. നമ്മൾ സംഘടിക്കുകയാണെങ്കിൽ ആത്മാർത്ഥത പ്രകടിപ്പിക്കുകയാണെങ്കിൽ നമുക്ക് ഇത് തുടച്ചു മാറ്റാം. പുതിയൊരു ഇച്ഛാശക്തിയോടു കൂടി നമുക്ക് സമരം തുടരാം. മോൺ. ഫാ. യൂജിൻ. എച്ച്. പെരേര അധ്യക്ഷം വഹിച്ചു. മലപ്പുറം ദുരന്തം കേരള മനസ്സാക്ഷിയെ ഞെട്ടിച്ചുവെന്നും ഈ ദുരന്തം സമൂഹത്തിൽ വലിയ വ്യണമായി അവശേഷിക്കുന്നുവെന്നും മോൺസിഞ്ഞോർ അഭിപ്രായപ്പെട്ടു. കവയത്രി ബി. സുഗതകുമാരി ധർണ്ണയെ അഭിസംബോധന ചെയ്തു.

ഫാ. ഡോ. സി. ജോസഫ്, ഫാ. അലക്സാണ്ടർ കുരീക്കാട്ടിൽ, ഫാ. പോൾ സണ്ണി, ഫാ. സാബാസ് ഇഗ്നേഷ്യസ്, ഫാ. ഷാജി, ഫാ. മത്യാസ്, കെ. എൽ. സി. എ അതിരൂപത പ്രസിഡന്റ് കണ്ണാന്തുറ പി. സ്റ്റെല്ലസ്, എഫ്. എം. ലാസർ, കെ. സി . വൈ. എം. അതിരൂപത പ്രസിഡന്റ് എബിൻ എന്നിവർ പ്രസംഗിച്ചു.

## സി ഡി പ്രകാശനം ചെയ്തു

മൊബൈൽ ഫോൺ ദുരുപയോഗത്തിനെതിരെ വെട്ടുകാട് സെന്റ് മേരീസ് ഹയർസെക്കന്ററി സ്കൂളിലെ ഒൻപതാം ക്ലാസിലെ വിദ്യാർത്ഥി ജോസിയ പാപ്പച്ചൻ നിർമ്മിച്ച ഡോക്യുമെന്ററി ചിത്രത്തിന്റെ പ്രകാശനം സ്കൂളിൽ നടന്ന ചടങ്ങിൽ യുവജനക്ഷേമ തുറമുഖ വകുപ്പ് മന്ത്രി സുരേന്ദ്രൻ പിള്ള നിർവ്വഹിച്ചു. വിദ്യാർത്ഥികൾ മൊബൈൽഫോൺ വിവേചനാപൂർവ്വം വിനിയോഗിക്കേണ്ടതിനെപ്പറ്റി വിവിധസംഭവ പരമ്പരകളിലൂടെ അവതരിപ്പിക്കുന്ന ഡോക്യുമെന്ററി സെന്റ് മേരീസിലെ വിദ്യാർത്ഥികൾ തന്നെയാണ് നിർമ്മാണവും സംവിധാനവും അഭിനയവും നിർവ്വഹിച്ചിരിക്കുന്നത്. ക്ലാസദ്ധ്യാപിക ക്രിസ്റ്റബൽ വർഗ്ഗീസിന് സി ഡി നൽകി കൊണ്ട് മന്ത്രി പ്രകാശനം നടത്തി. ലോക്കൽ മാനേജർ ഫാ.ഗ്ലാഡിൻ അലക്സ്, ഫാ.റെക്സമൊറായിസ്, കൗൺസിലർ വെട്ടുകാട് സോളമൻ, പ്രിൻസിപ്പാൾ റോസ്‌ലിൻ പാലംതട്ടേൽ, ഹെഡ്മാസ്റ്റർ ഇഗ്നേഷ്യസ് തോമസ്, പി ടി എ പ്രസിഡന്റ് കെന്നഡി എന്നിവർ പ്രസംഗിച്ചു.



# നാടകമേ ഉലകം

**രംഗം 1 (മണിയടി)**

ഇടവക കൗൺസിൽ മീറ്റിംഗ്. മുഖ്യ അജൻഡ, സ്കൂൾ തുറക്കുന്നതിനോടനുബന്ധിച്ചുള്ള പുസ്തക വിതരണ ചടങ്ങ്. അതിന്റെ ചുമതലകൾക്കായി തലമൂപ്പുള്ള 4 പേരെ തെരഞ്ഞെടുക്കുന്നു. കാര്യപരിപാടി ഇങ്ങനെ നിശ്ചയിച്ചു. പുസ്തക വിതരണ ഉദ്ഘാടനം സ്ഥലം എം എൽ എ. മുഖ്യാതിഥി ടി വി സീരിയൽ നടി. അധ്യക്ഷൻ ഫെറോനാ ഡയറക്ടർ, കൃതജ്ഞത ഇടവക വികാരി.

**രംഗം 2**

എം എൽ എയെക്കാത്ത് ജനം നിരനിരയായി നിൽക്കുന്നു. തക്ക സമയത്ത് എം എൽ എ എത്തി. വിശിഷ്ടാതിഥി അല്പം വെയിലുകൊണ്ടു, മുഖത്തെ ഫൗണ്ടേഷന് ഇളക്കം തട്ടി. ആരോ കുട ചൂടിക്കുന്നു. നിറഞ്ഞ സദസ്സിൽ പ്രമാണിമാരുടെ (സ്പോൺസർമാർ) പേരുകൾ പലവട്ടം മുഴങ്ങി. ജനം എല്ലാം മറന്ന് കൈയടിച്ചു. കൈയടിക്കാൻ വന്നവർക്ക് ബിസ്ക്കറ്റും ചായയും കൊടുത്തത് വെറുതേയായില്ല. നീണ്ട കൈയടി, വിസിലടി. സ്പോൺസർമാർക്ക് ഫ്ളെയിംഗ് കിസ്സും കിട്ടി.

ഗതികെട്ടവന്റെ ഊഴമായി. ഓരോരുത്തരുടെ പേരുവിളിച്ചു. കിറ്റു നൽകി. പാവം കുട്ടികൾ നേരത്തേ പഠിപ്പിച്ചിരുന്നതിന് തെറ്റ് വരുത്താതെ താണുവണങ്ങി.  കുട്ടകളല്ലേ, വന്നപാടെ ഭാണ്ഡം തുറന്നു നോക്കി. 200 പേജിന്റെ നോട്ടു ബുക്ക് 4.. പേന 5 രൂപയുടെ ഒന്ന്. പെൻസിൽ 2 1/2 രൂപയുടെ 2.. അവൻ പിന്നെയും എല്ലാം തട്ടി തറയിലിട്ട് കുടഞ്ഞു നോക്കി. ഇല്ല, ഇനിയൊന്നുമില്ല. സൗജന്യം കിട്ടിയതാകട്ടെ 10 കുട്ടികൾക്ക്. അവർ പരസ്പരം നോക്കി. കിട്ടിയത് ഒന്നു പോലെ എന്ന് തിട്ടം വരുത്തി. മനസ്സിലാകാതെ അവനും കൈയടിച്ചു.

**രംഗം 3**

ഇടവക കൗൺസിൽ യോഗം. കണക്ക് അവതരണം.

നോട്ടീസടിക്കാൻ = 2000, എം എൽ എയെയും നടിയെയും ക്ഷണിക്കാൻ പോയതിന്= 1500, സ്റ്റേജ്, പൂപ്പന്തൽ, ബൊക്കെ = 2500, ഫോട്ടോ, വീഡിയോ = 3000,

നോട്ടീസ് വിതരണത്തിന് = 250, കൈയടിക്കാൻ വന്നവർക്ക് കാപ്പിചെലവ് = 2000, നടിയെ കൊണ്ടുവന്ന ചെലവ് = 3000, ആകെ ചെലവ് = 14, 250, സൗജന്യ പുസ്തക വിതരണത്തിന് = 75 × 10 =750

**ഫ്ളാഷ് ബാക്ക്**

വലതു കൈ ചെയ്യുന്നത് ഇടതു കൈ അറിയാതിരിക്കട്ടെ എന്നതു ക്രിസ്തു വാക്യം:

ഇവിടെ അറിയിക്കുകയെന്നാൽ അല്പന് അർത്ഥം കിട്ടിയാൽ അർദ്ധരാത്രിയും കുടപിടിക്കും.

**ഫിലോമിന ജോയി**
മേനംകുളം



# നീർച്ചാലുകൾ

ഫാ. ജോബി CSsR

## "ദൈവമഹത്വ ലക്ഷ്യമാണ് കൃതജ്ഞതയ്ക്ക് പൂർണ്ണത പകരുന്നത്."

ഒക്ടോബർ - 10
ആണ്ടുവട്ടം 28-ാം ഞായർ
2 രാജാക്കൻമാർ 5: 14-17
2 തിമോത്തേയോസ് 2: 8-13
ലൂക്കാ 17: 11-19



ഒരു ക്രിസ്ത്യാനിയെ വേർതിരിക്കേണ്ട ഏറ്റവും വലിയ മൂല്യം കൃതജ്ഞതയായിരിക്കണം. കാരണം ഒരു ക്രിസ്ത്യാനിയുടെ അടിത്തറയും നിലനില്പും ക്രൂശിതനായ യേശുവാണ്. യേശുവിനോടും നമുക്കുവേണ്ടി മറ്റൊരു ക്രിസ്തുവായി മാറിയ അനേകം വ്യക്തികളോടും നാം കടപ്പെട്ടിരിക്കുന്നു. നമ്മുടെയൊക്കെ കൃതജ്ഞതയ്ക്ക് പൂർണ്ണത പകരുവാൻ ശ്രമിക്കുന്ന യേശുവിനെയാണ് ഇന്നത്തെ സുവിശേഷത്തിൽ നാം കാണുന്നത്.

നാം വളരെ എളുപ്പത്തിൽ മറന്നു പോകുന്ന കടപ്പാടുകളുടെ തീവ്രത വെളിപ്പെടുത്തുന്ന ഒരു വീഡിയോ ക്ലിപ്പിംഗ് ഈ ഇടയ്ക്ക് കാണുവാനിടയായി. വളരെ പ്രായം ചെന്ന, കാഴ്ചയൊക്കെ നഷ്ടപ്പെട്ടു തുടങ്ങിയ ഒരപ്പനും, തന്റെ മകനുമാണ് കഥാപാത്രങ്ങൾ. വൃദ്ധനായ ആ മനുഷ്യൻ തന്റെ ഗാർഡനിലിരുന്നു കൊണ്ട് സമയം തള്ളി നീക്കുകയാണ്. മകൻ അടുത്തിരുന്നു കൊണ്ട് ഒരുപത്രം വായിക്കുകയാണ്. അപ്പോൾ അവിടെ പറന്നെത്തിയ ഒരു പക്ഷിയെ നോക്കിക്കൊണ്ട് കാഴ്ചയെല്ലാം മങ്ങിയ ആ പിതാവ് മകനോട് ചോദിച്ചു, "മോനെ, അതെന്തു പക്ഷിയാണ്?" എന്ന്. "കുരുവി" എന്ന് പത്രം വായിച്ചു കൊണ്ടിരുന്ന മകൻ മറുപടി പറഞ്ഞു. അല്പസമയം കഴിഞ്ഞ് ആ പക്ഷി വീണ്ടും അവിടെ വന്നു. "മോനേ, ഏതാണാ പക്ഷി?" എന്ന് അപ്പൻ വീണ്ടും ചോദിച്ചു. അല്പം തുടർച്ചയോടെ, പത്രം വായിച്ചു കൊണ്ടിരുന്ന മകൻ "കുരുവി" എന്ന് മനസ്സില്ലാ മനസ്സോടെ പറഞ്ഞു കൊണ്ട് പത്രം വായന തുടർന്നു. പിന്നെയും കുറച്ചു കൂടി സമയം കഴിഞ്ഞപ്പോൾ ആ പക്ഷി വീണ്ടും അവിടെ വന്നു. അപ്പൻ ചോദ്യം വീണ്ടും ആവർത്തിച്ചു. പെട്ടെന്ന്, പത്രം വായിച്ചുകൊണ്ടിരുന്ന ആ മകൻ, അലറി വിളിച്ചു കൊണ്ട്, തന്റെ പത്രവും വലിച്ചെറിഞ്ഞു കൊണ്ട് പറയുകയാണ്: എത്ര പ്രാവശ്യം പറയണം, അത് കുരുവിയാണ്, കുരുവിയാണ് എന്ന് ! മനുഷ്യനെ ഒന്ന് സ്വസ്ഥമായി ഇരിക്കുവാനും സമ്മതിക്കുകയില്ല.

കുറച്ചു സമയം കഴിഞ്ഞ് ആ അപ്പൻ തന്റെ മുറിയിൽ നിന്ന് ഒരു പഴയ ഡയറി എടുത്തുകൊണ്ടു വന്ന്, അതിലൊരു പേജ് മറിച്ച് തന്റെ മകന് വായിക്കുവാൻ കൊടുത്തു. അതിന്റെ ഉള്ളടക്കമിതായിരുന്നു; ഇന്ന് മൂന്നു വയസ്സ് പ്രായമുള്ള എന്റെ മകൻ കടലോരത്തു കണ്ട ഒരു പക്ഷിയെ നോക്കി 27 പ്രാവശ്യം എന്നോടു ചോദിച്ചു. "പപ്പാ, അതെന്തു പക്ഷിയാണ്." എന്ന്. വളരെ നിഷ്കളങ്കതയോടെയുള്ള എന്റെ മകന്റെ ചോദ്യത്തിന് ഒത്തിരി സന്തോഷത്തോടെ 27 പ്രാവശ്യവും ഞാൻ മറുപടി പറഞ്ഞു, "അത് കുരുവിയാണ് മോനേ" എന്ന്.

കാൽക്കൽ വീണു കൊണ്ട് വിങ്ങിപ്പൊട്ടുന്ന മകനെയാണ് പിന്നീട് നാം കാണുന്നത്.

"വന്ന വഴി മറന്നാൽ, പോകുന്ന വഴിയുടെ അനുഗ്രഹങ്ങളും നമുക്ക് നഷ്ടമാവും." മറ്റുള്ളവരിലൂടെ നാം അനുഭവിച്ച നന്മകൾക്കും അനുഗ്രഹങ്ങൾക്കും ഒരു ദൈവികതയുണ്ട്. അകമഴിഞ്ഞ് നന്മ ചെയ്തവരോട് എങ്ങിനെയാണ് മതിവരുവോളം കൃതജ്ഞതയർപ്പിക്കുന്നത്? ദൈവികത നിറഞ്ഞ നന്മകൾക്കും അനുഗ്രഹങ്ങൾക്കു എത്ര വലിയ കൃതജ്ഞത അർപ്പിച്ചാലും മതിവരുകയില്ല.

ജന്മം നല്കി മൃതിയടഞ്ഞ അമ്മയ്ക്കും, അഹോരാത്രി ബുദ്ധിമുട്ടി വളർത്തി വലുതാക്കിയവർക്കും എങ്ങിനെ കൃതജ്ഞതയർപ്പിക്കും? രക്തവും അവയവങ്ങളും നൽകി സഹായിക്കുന്നവർക്ക് തിരിച്ചെന്തു കൊടുക്കും? പഠിപ്പിച്ച അധ്യാപകർക്ക് വിദ്യ മടക്കിക്കൊടുക്കാനാവുമോ? അതുപോലെ തന്നെ, എത്രമാത്രം നന്ദിപറഞ്ഞാലാണ്, ആ കുഷ്ഠരോഗിക്ക് യേശുവിനോട് കൃതജ്ഞതയർപ്പിക്കാനാവുന്നത്? എത്ര പറഞ്ഞാലും, തിരിച്ചു കൊടുത്താലും മതിയാവുകയില്ല !

ഇവിടെയാണ് ഇന്നത്തെ സുവിശേഷത്തിലെ യേശുവിന്റെ ചോദ്യത്തിന്റെ പ്രസക്തി. "ഈ വിജാതീയനല്ലാതെ മറ്റാർക്കും തിരിച്ചു വന്ന് ദൈവത്തെ മഹത്വപ്പെടുത്തണം എന്നു

# നീർച്ചാലുകൾ

തോന്നിയില്ലേ?" (17: 18). ആ കുഷ്ഠ രോഗിയുടെ കൃതജ്ഞതയുടെ അപൂർണ്ണതയെ, ദൈവ മഹത്വത്തി നായ് കാഴ്ചവെച്ചുകൊണ്ട്, അവന്റെ കൃതജ്ഞയെ യേശു പൂർണ്ണതയിലേ ക്കെത്തിക്കുകയാണ്. എല്ലാ നന്മ പ്ര വർത്തികളും ദൈവികമായതുകൊ ണ്ട്, തിരിച്ചു കൊടുക്കാൻ മാത്രം ആ നന്മകളുടെ മൂല്യം അളക്കുവാൻ ആ ർക്കും സാധിക്കുകയില്ല. അതുകൊ ണ്ട് എല്ലാ കൃതജ്ഞതയുടെയും നിറ വ് അടങ്ങിയിരിക്കുന്നത് ആ കൃത ജ്ഞതയുടെയൊക്കെ ഒരേയൊരു ല ക്ഷ്യം ദൈവമഹത്വമാണ് എന്നതിലാ ണ്. ദൈവത്തിന് മഹത്വം കൊടുക്കാ ത്ത എല്ലാ കൃതജ്ഞതകളും അപൂർ ണ്ണങ്ങളും, അനുഗ്രഹങ്ങളുടെ ബഹു മതി സ്വയം സ്വീകരിക്കലുമായിരിക്കും.

തിരിച്ചുകൊടുക്കുവാൻ പറ്റാത്ത അനേകം കടപ്പാടുകളും പേറിയാണ് നാം ജീവിക്കുന്നത്. കൃതജ്ഞതയിൽ ദൈവമഹത്വം പോയിട്ട്, ഒരു നന്ദിവാ ക്കുപോലും ഉരുവിടാതെ ഈ ലോക ത്തോടു വിടവാങ്ങുന്ന എത്രപേരു ണ്ട്? തിരിച്ചു കൊടുക്കുവാൻ പറ്റാത്ത കടപ്പാടുകൾ വീട്ടുവാനുള്ള ഒരു പ്രാ യോഗിക വഴി സുവിശേഷത്തിൽ യേശു നമുക്ക് തരുന്നുണ്ട്. വി. മത്തായിയുടെ സുവിശേഷം 25: 40ൽ പറയുന്നു, "സത്യമായി ഞാൻ നിങ്ങ ളോടു പറയുന്നു, എന്റെ ഏറ്റവും എ ളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്ത പ്പോൾ, എനിക്കുതന്നെയാണ് ചെയ് തുതന്നത്" എന്ന് വീണ്ടും മത്തായി യുടെ സുവിശേഷം 10:8 പറയുന്നു, "ദാനമായി നിങ്ങൾക്കു കിട്ടി; ദാന മായിത്തന്നെ കൊടുക്കുവിൻ" എന്ന്, വീട്ടിത്തീർക്കുവാൻ പറ്റാത്ത കടപ്പാ ടുകൾ പേറി നടക്കുന്നവർക്ക്, താഴ്മ യോടെ, ലഭിച്ച അനുഗ്രഹങ്ങൾ അത് വീണ്ടും അർഹിക്കുന്നവർക്ക് കൈമാ റാൻ പറ്റുന്നതായിരിക്കും ക്രിസ്തീയത.

സർ ഹെൻട്രി ബെർട്ടണിന്റെ "Pass it on" എന്ന കവിത പറയും പോലെ, കൃതജ്ഞതയുടെ എല്ലാ ബാഹ്യപ്രകടനങ്ങളും ഒരു വിധത്തി ലല്ലെങ്കിൽ മറ്റൊരു വിധത്തിലുള്ള കൈമാറൽ മാത്രമാണ്. എന്നിരുന്നാ ൽ പോലും കൈമാറുന്ന ഒരു നന്മ യും ലഭിച്ച നന്മകൾക്ക് തുല്ല്യമാവുക യില്ല. കൈമാറുന്ന നന്മകളെ ലഭിച്ച നന്മകൾക്കൊത്തവിധം പൂർണ്ണതയിലെ ത്തിക്കുന്നത് ആ പ്രവർത്തിയിലടങ്ങി യിരിക്കുന്ന ദൈവമഹത്വ ലക്ഷ്യമാണ്.

ഏതൊരവസ്ഥയിലും ദൈവത്തെ മഹത്വപ്പെടുത്തുകയെന്നതിലാണ് കൃതജ്ഞതയുടെ പൂർണ്ണതയും സ്ഥായിയായ അനുഗ്രഹത്തിന്റെ മാർ ഗ്ഗവും. അതിനൊരുദാഹരണമാണ് ഇന്നത്തെ ഒന്നാം വായനയിലെ നാമാ നോടുള്ള ഏലീഷാ പ്രവാചകന്റെ മ റുപടി. കുഷ്ഠരോഗം അത്ഭുതകര മായി മാറി എന്നറിഞ്ഞ്, ഏലീ ഷായ്ക്ക് പാരിതോഷികങ്ങളുമായി തിരിച്ചുവന്ന നാമാനോട് പറയുകയാ ണ്, "ഞാൻ സേവിക്കുന്ന കർത്താ വാണേ, ഞാൻ സ്വീകരിക്കുകയില്ല" എന്ന് (2 രാജാ 5: 16)

ഇന്നത്തെ കുർബാനയിൽ നമ്മു ടെയും പ്രാർത്ഥന, കൃതജ്ഞത നിറ ഞ്ഞ ഒരു ഹൃദയം വളർത്തിയെടുക്കു വാനും, അത് ദൈവമഹത്വത്തിനു വേണ്ടി മാത്രമായിരിക്കാനുമായിരിക്കട്ടെ.

*ആമേൻ*

---

ഫാ. എഡിസൺ വൈ. എം

# പ്രാർത്ഥനയിൽ സ്ഥിരത

ഒക്ടോബർ 17

ആണ്ടുവട്ടത്തിലെ 29- ാം ഞായർ

പുറ 17, 8-13

2 തിമോ 3, 14-4, 2

ലൂക്കാ 18, 1-18



മനുഷ്യപുത്രന്റെ വരവാണ് വിധവയുടെയും ന്യായാധിപ ന്റെയും ഉപമയുടെ കാതൽ. അവശരായ തന്റെ ശിഷ്യഗണത്തിന്റെ പ്രത്യാശ തട്ടിയുണർത്താൻ വേണ്ടിയാണ് യേശു ഈ ഉപമ അവ തരിപ്പിക്കുന്നത്. തന്റെ തെരഞ്ഞെടുക്കപ്പെട്ട ജനത്തെ ദൈവം ഒരി ക്കലും കൈവെടിയുകയില്ലെന്ന് ഇതിലൂടെ യേശു വീണ്ടും വീണ്ടും സമർത്ഥിക്കുന്നു. അതിനാൽ യേശുവിന്റെ രണ്ടാമത്തെ ആഗമനം വരെ അവർ സുസ്ഥിരമായ പ്രാർത്ഥനവഴി വിശ്വസ്തരായി നില കൊള്ളണം.

യേശുവിന്റെ കാലത്ത് ചിലപ്പോൾ ന്യായാധിപൻ തന്നെയാണ് നീതി നടത്തിയിരുന്നതെന്ന് ഈ ഉപമയിൽ നിന്ന് നാം ഊഹിക്കു

ന്നു. ഉപമയിലെ 'വിധവ' ചൂഷണത്തിനു വിധേയരായ അവശജനവിഭാഗത്തിന്റെ ഒരു പ്രതിനിധിയാണ്. പുരുഷമേധാവിത്വം നിലനിന്നിരുന്ന യഹൂദസമൂഹത്തിൽ ഭർത്താവ് നഷ്ടപ്പെട്ട അബലയായ ഒരു സ്ത്രീ തികച്ചും അവശയും അശരണരുമായിരുന്നു. അവൾക്ക് തന്റെ കാര്യസാധ്യത്തിനായി ന്യായാധിപനെ സ്വാധീനിക്കാനുള്ള കഴിവോ ധനമോ ഉണ്ടായിരുന്നില്ല. അതിനാൽ നിരന്തരമായി തന്റെ ആവശ്യം ഉണർത്തിച്ച് എന്നും അയാളെ ബുദ്ധിമുട്ടിക്കുകയെന്ന മാർഗം മാത്രമേ അവൾക്കുണ്ടായിരുന്നുള്ളൂ. ഉപമയിലെ ന്യായാധിപനെ സംബന്ധിച്ചിടത്തോളം അയാൾക്ക് ദൈവത്തെ ഒട്ടും ഭയമില്ലായിരുന്നു. എങ്കിലും ദിനംപ്രതി തന്റെയടുക്കൽ വന്ന് തന്നെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്ന ആ സ്ത്രീയെ എങ്ങനെയെങ്കിലും ഒഴിവാക്കണമെന്നുണ്ട്. അതുകൊണ്ട് മാത്രമാണ് അയാൾ അവർക്ക് നീതി നടത്തിക്കൊടുക്കുന്നത്. യേശു പഠിപ്പിച്ച ഈ ഉപമയിൽ കൂടി നമുക്ക് പലതും ഗ്രഹിക്കാൻ കഴിയും.

ഈ സുവിശേഷഭാഗം നിരന്തരം പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയാണ് ചൂണ്ടിക്കാണിക്കുക. പലപ്പോഴും പ്രാർത്ഥിക്കുന്നവർ പറയുന്ന ഒരു പരാതി തങ്ങളുടെ പ്രാർത്ഥനകൾ ഫലം കാണുന്നില്ല എന്നുള്ളതാണ്. പ്രാർത്ഥനയിൽ അർത്ഥനകൾ മാത്രമാകുമ്പോഴാണ് ഈ പ്രശ്നങ്ങൾ ഉടലെടുക്കുക. യഥാർത്ഥ പ്രാർത്ഥന ദൈവവുമായി ഹൃദയ ഐക്യത്തിൽ ആയിരിക്കുവാൻ കഴിയുന്ന അവസരങ്ങളാണ്. ഒരു കർഷകന്റെ ഹൃദയലാളിത്യത്തോടുള്ള പ്രാർത്ഥന ഇതിന് ഉദാഹരണമാണ്. എല്ലാദിവസവും ദൈവാലയത്തിൽ സക്രാരിയെ നോക്കി നിർനിമേഷനായിരുന്ന കർഷനോട് താങ്കൾ എന്താണ് പ്രാർത്ഥിക്കുന്നത് എന്നു ചോദിച്ചപ്പോൾ "ഞാൻ കർത്താവിനെ നോക്കുന്നു. കർത്താവ് എന്നെ നോക്കുന്നു" എന്നതായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

ഒന്നാംവായനയിൽ താഴ്ന്നു പോകാതെ ഉയർത്തിയ അമലേ്യക്യർക്കെതിരായി വിജയത്തിനായി പ്രാർത്ഥിക്കുന്ന മോശയെയാണ് നാം കാണുക. ജീവിത യുദ്ധത്തിൽ പ്രാർത്ഥനകൾ താഴ്ന്നു പോകുമ്പോൾ പരാജയങ്ങളുടെ അനുഭവങ്ങളാണ് ഉണ്ടാവുക. പ്രശ്നങ്ങൾക്കിടയിലും പ്രതിസന്ധികൾക്കിടയിലും തളരാതെ തക്കാതെ നിരന്തരം പ്രാർത്ഥിക്കുവാൻ ഒരു യഥാർത്ഥ വിശ്വാസിക്കു കഴിയണം.

ഈ ഭൂമിയിൽ ഒന്നും ഫലം നൽകാതെ, പാഴായി പോകുന്നില്ല. എങ്കിൽ നമ്മുടെ പ്രാർത്ഥനകൾക്കും ഫലമുണ്ടാകും. മനുഷ്യന്റെ നിലവിളികൾക്ക് ഉത്തരം നൽകുന്നവനാണ് ദൈവം. മനുഷ്യരായ നമുക്ക് ഒരു പക്ഷേ, മറ്റൊരാളുടെ മുന്നിൽ ഹൃദയം കൊട്ടിയടക്കാം. പക്ഷേ, ദൈവത്തിന് അത് സാധ്യമല്ല.

നീതിരഹിതനായ ന്യായാധിപൻ വിധവയുടെ അപേക്ഷ കേട്ടു എന്നാണ് വചനം പറയുക. എങ്കിൽ നീതിമാനായ ദൈവം നമ്മുടെ അപേക്ഷ കേൾക്കും. ദൈവത്തിന്റെ സ്വഭാവമാണ് നീതി അത് അർഹിക്കുന്നവർക്ക് അർഹമായവ യഥാസമയം നൽകുക എന്നതിലൂടെയാണ് നിവർത്തിയാവുക.

പ്രാർത്ഥന നമ്മെ പ്രതീക്ഷയുടെ നാമ്പുകൾ ജീവിതത്തിൽ നിലനിർത്താൻ ക്ഷണിക്കുകയാണ്. നന്മയുടെ നാളങ്ങൾ ഉണ്ട് എന്ന ബോധത്തിൽ ജീവിതത്തെ ദൈവ കേന്ദ്രീകരിക്കലാണ് പ്രാർത്ഥനയിലൂടെ നേടേണ്ട അനുഭവം.

പ്രാർത്ഥന ശുഭാപ്തി വിശ്വാസമാണ്. "ലോകാസമസ്താ സുഖിനോ ഭവന്തു." എന്ന ബോധത്തോടെ സർവ്വരുടേയും നന്മയിലുള്ള മനസ്സിന്റെ വളർച്ചയായി നമ്മുടെ പ്രാർത്ഥനകളെ പരിണമിപ്പിക്കണം. "നിനക്കു നന്മയുണ്ടാകട്ടെ." എന്ന ആശംസ നമ്മെയും നന്മയിലേക്കു തന്നെ നയിക്കുന്നു, ആയതിനാൽ പ്രാർത്ഥനയിലൂടെ ഭഗ്നാശരാകാതെ സർവ്വനന്മക്കും വേണ്ടി ക്രിസ്തുനാഥൻ വഴി ദൈവത്തോടു പ്രാർത്ഥിക്കാം.

---

*റവ. ഫാ. ഷാജിൻ ജോസ്*

# ദൈവഹിതം തിരിച്ചറിയലാണ് യഥാർത്ഥ പ്രാർത്ഥന

ഒക്ടോബർ 24

ആണ്ടുവട്ടത്തിലെ 30-ാം ഞായർ

35: 15.17.20.22

2 തിമോ. 4: 6-8.16-18

ലൂക്ക 18, 9-14

രണ്ടുതരത്തിലുള്ള മനോഭാവം വിശദമാക്കുന്നു ഇന്നത്തെ സുവിശേഷഭാഗം- നിയമത്തിനു മുന്നിൽ നീതിമാന്മാരായി ഗണിക്കപ്പെട്ടിരുന്ന ഫരിസേയരുടെ പ്രതിനിധിക്ക് പക്ഷെ ദൈവത്തിന് മുന്നിൽ നീതിമാനാകാൻ സാധിക്കാതെ പോകുന്നു. എന്നാൽ നിയമത്തിനു മുമ്പിൽ പാപികളായി കണക്കാക്കപ്പെട്ടിരുന്ന ചുങ്കക്കാരുടെ പ്രതിനിധിയാകട്ടെ ദൈവസന്നിധിയിൽ നീതീകരിക്കപ്പെട്ടവനായി മാറുന്നുമുണ്ട്. അങ്ങനെയെങ്കിൽ ദൈവത്തിനു ഏറ്റവും പ്രിയമെന്ത് എന്നു ചിന്തിക്കുന്നതു തന്നെയാണ് ഇന്നത്തെ സുവിശേഷത്തിന്റെ കാതലായ ഭാഗം. പ്രധാനമായും മൂന്നു ഘടകങ്ങളെ അടിസ്ഥാനമാക്കി ഇന്നത്തെ സുവിശേഷത്തെക്കുറിച്ച് ചിന്തിക്കാം.

**1) പ്രാർത്ഥനയുടെ ലക്ഷ്യം**

പ്രാർത്ഥനയുടെ പരമമായ ലക്ഷ്യം പിതാവായ ദൈവത്തോടുള്ള വിധേയത്വവും ഒപ്പം ദൈവത്തിന്റെ കർതൃത്വവും ഏറ്റുപറയുന്നതാകണം. ഈശോ പഠിപ്പിച്ച "സ്വർഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന തന്നെ ഏറ്റവും നല്ല ഉദാഹരണം. ദൈവത്തോടുള്ള കർതൃത്വം ഏറ്റുപറയുന്നതോടൊപ്പം മനുഷ്യന്റെ വിനീതാവസ്ഥയും ദൈവാശ്രയബോധവും ജനിപ്പിക്കുന്നു. ഇന്നത്തെ സുവിശേഷത്തിൽ ചുങ്കക്കാരന്റെ പ്രാർത്ഥനയുടെ പ്രത്യേകതയും ഇതുതന്നെയാണ്. "ദൈവമേ, പാപിയായ എന്നിൽ കനിയണമെ"(18, 13) താൻ പാപിയാണെന്നുള്ള ബോധം തന്നെ കൂടുതൽ ദൈവത്തിന്റെ മുന്നിൽ വിധേയത്വമുള്ളവനാക്കി മാറ്റുന്നു. എന്നാൽ ഫരിസേയന്റെ പ്രാർത്ഥന തികച്ചും വ്യത്യസ്തമാണ്. ദൈവത്തോടുള്ള തന്റെ വിധേ

# നീർച്ചാലുകൾ

യത്വത്തെക്കാൾ തന്റെ നന്മയെന്നു കരുതുന്നതിനെ വിശദീകരിക്കാൻ പ്രാർത്ഥനയെ കരുവാക്കുന്നു.

വ്യക്തിപരമായി ദൈവാലയത്തിലുമുള്ള നമ്മുടെ പ്രാർത്ഥനയെ ഒന്നു വിശകലനം ചെയ്യാൻ നമുക്ക് ശ്രമിക്കാം. തെറ്റുപറ്റിപ്പോയെങ്കിൽ ചുങ്കക്കാരനെ പോലെ അനുതപിക്കുന്ന മനസ്സുമായി 'ദൈവമെ, പാപിയായ എന്നിൽ കനിയണമെ' എന്ന് ദൈവത്തോട് യാചിക്കാം.

**2) മനോഭാവം**

പ്രാർത്ഥനയ്ക്കായുള്ള യഥാർത്ഥ മനോഭാവം ചുങ്കക്കാരനിലൂടെ സുവിശേഷകൻ വരച്ചുകാണിക്കുന്നു. ചുങ്കക്കാരന്റെ മനോഭാവം വിശദമാക്കുന്ന ചില ഘടകങ്ങൾ സുവിശേഷത്തിൽ നിന്നും വായിച്ചെടുക്കാം. "ദൂരെ നിന്ന്", "കണ്ണുകൾ ഉയർത്താൻ പോലും", "മാറത്തടിച്ചുകൊണ്ട്", "കാരുണ്യത്തിനായി പ്രാർത്ഥിച്ചു". തന്നെത്തന്നെ എളിമപ്പെടുത്തിക്കൊണ്ട് തെറ്റുകൾ ഏറ്റുപറയുന്ന മനോഭാവവും പ്രാർത്ഥിക്കുമ്പോൾ ഏറ്റവും അനുയോജ്യവും ഇതുതന്നെ. എന്നാൽ ചുങ്കക്കാരൻ തന്നെത്തന്നെ ന്യായീകരിക്കുന്നു. തന്റെ കുറവുകളെക്കാൾ മറ്റുള്ളവന്റെ കുറവുകളിലായിരുന്നു കൂടുതൽ ശ്രദ്ധ. "ദൈവമെ, ഞാൻ നിനക്ക് നന്ദി പറയുന്നു. എന്തെന്നാൽ ഞാൻ അക്രമികളും നീതിരഹിതരും വ്യഭിചാരികളുമായ മറ്റു മനുഷ്യരെപ്പോലെയോ ഈ ചുങ്കക്കാരനെ പോലെയോ അല്ല" (18, 11). ഫരിസേയൻ ചുങ്കക്കാരനെ കണ്ടത് പാപിയായിട്ടാണ്. ചുങ്കക്കാരൻ തന്നെ തന്നെ കണക്കാക്കിയതും പാപിയായിട്ടാണ്. "കർത്താവെ, ഞാൻ പാപിയാണ്. എന്നിൽ നിന്നും അകന്നു പോകണമെ" എന്ന് പത്രോസ് പറഞ്ഞപ്പോൾ ഈശോ പ്രതികരിച്ചത്- "നീ എന്നെ അനുഗമിക്കുക" (ലൂക്ക 5, 8-9) പ്രാർത്ഥനയിലുള്ള നമ്മുടെ മനോഭാവമെന്ത്? പലപ്പോഴും മറ്റുള്ളവരുടെ കുറവുകൾ കണ്ടെത്താനും മറ്റുള്ളവരെ വിധിക്കാനുമാണോ പ്രാർത്ഥനാസമയം നാം ചെലവഴിക്കുക, അതോ ദൈവത്തിനു മുന്നിൽ തന്നെ തന്നെ വിനീതനാക്കി ദൈവത്തിന്റെ കരുണയ്ക്കായി യാചിക്കുകയാണോ നാം ചെയ്യുക.

**3) ചിന്താഗതി**

പ്രാർത്ഥനയ്ക്കായി അണയുമ്പോൾ നമ്മുടെ ചിന്താഗതിയും കൂടി വ്യക്തമായി അറിഞ്ഞാലേ പ്രാർത്ഥനയ്ക്ക് ഉത്തരം കിട്ടുകയുള്ളൂ. "നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതകടച്ച് രഹസ്യമായി നിന്റെ പിതാവിനോട് പ്രാർത്ഥിക്കുക: രഹസ്യങ്ങൾ അറിയുന്ന പിതാവ്



നിനക്ക് പ്രതിഫലം നൽകും (മത്തായി 6, 6). ഇവിടെ ചുങ്കക്കാരനും ഇതുപോലെ തന്നെയാണ് ദൂരെ നിന്ന് സ്വർഗത്തിലേക്ക് കണ്ണുകളുയർത്താൻ പോലും ധൈര്യപ്പെടാതെയുള്ള പ്രാർത്ഥന. താനാണ് ലോകത്തിലെ ഏറ്റവും വലിയ പാപി. അതുകൊണ്ട് ദൈവത്തിന്റെ കരുണ അത്യാവശ്യം. എന്നാൽ ഫരിസേയന്റെ ചിന്താഗതിയാകട്ടെ താൻ പൂർണനാണെന്നും മറ്റുള്ളവർ പാപികളാണെന്നുമുള്ളത്.

എന്തുകൊണ്ട് നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം കിട്ടുന്നില്ല? എന്തുകൊണ്ട് ചുങ്കക്കാരൻ ഫരിസേയനേക്കാൾ നീതീകരിക്കപ്പെട്ട് വീട്ടിലേക്ക് മടങ്ങി? നമ്മുടെ പ്രാർത്ഥനയോടുള്ള ലക്ഷ്യവും മനോഭാവവും ചിന്താഗതിയും ശുദ്ധമാക്കേണ്ടിയിരിക്കുന്നു. ഒരു യഥാർത്ഥ പ്രാർത്ഥന ദൈവത്തിന്റെ കർതൃത്വം ഏറ്റുപറയുന്നതും ദൈവത്തിന്റെ മുന്നിൽ എളിമപ്പെടുന്നതും അല്ലാതെ മറ്റെന്ത്? ●

*(36-ാം പേജിന്റെ തുടർച്ച)*

ഇനി മേൽ പാപം ചെയ്യരുത് എന്നാണ്. 'ഇവനും അബ്രഹാത്തിന്റെ പുത്രനാണ്' എന്നത് സഭാ സമൂഹത്തിലേയ്ക്കുള്ള സക്കേവൂസിന്റെ ഔദ്യോഗികാംഗീകാരമാണ്. ജീവിത സാഹചര്യങ്ങൾ കൊണ്ട് തിന്മയ്ക്കടിമപ്പെട്ടവരെ ഹൃദയത്തിൽ ദൈവത്തിന്റെ കൈയൊപ്പുണ്ടെന്ന് അവകാശപ്പെടുന്നവർ അകറ്റി നിർത്തരുത്. അവരിലേയ്ക്കുള്ള ഗൃഹപ്രവേശനം ഹൃദയപ്രവേശനമായി മാറും. ഒരു നല്ലിടയന്റെ ചിത്രം നൽകും. നഷ്ടപ്പെട്ടതിനെ കണ്ടുകിട്ടുവോളം തേടുന്ന ഇടയന്റെ (ലൂക്ക 15:4:7)

യേശുവിന് സക്കേവൂസിനോടുള്ള സ്നേഹം അയാളിൽ പുതിയ സ്നേഹത്തിന്റെയും സേവനത്തിന്റെയും കവാടങ്ങൾ മലർക്കെ തുറന്നിട്ടു. യേശുവിന്റെ സ്നേഹം അവന് തണലായി, അവന്റെ ശൂന്യത ഇല്ലാതാക്കി, ഏകാകിത്വം അലിഞ്ഞില്ലാതായി. ചതിക്കാത്ത ക്രിസ്തു സ്നേഹത്തെ വഹിക്കുന്ന സ്നേഹമായി അവൻ അനുഭവിച്ചു വഞ്ചിച്ചെടുത്തിട്ടുള്ളതിൽ നാലിരട്ടി നൽകി പാപപരിഹാരം ചെയ്യുന്നു. സ്വത്തിൽ പകുതി ദരിദ്രർക്ക് നൽകി സേവനത്തിന്റെ വക്താവായി മാറുന്നു. അതിന്റെ പരിണിതഫലം 'ഇന്ന് ഈ ഭവനത്തിന്' രക്ഷ ലഭിച്ചിരിക്കുന്നു. രക്ഷപ്രാപിക്കാനുള്ള സമയം ഇപ്പോഴാണ്, ഇന്നാണ്. 'ഇന്ന്' തന്നെ കാണണം എന്നു സക്കേവൂസിന്റെ മുമ്പിൽ യേശു നിന്നു പോയി. നാം വാശിപിടിച്ചാൽ ദൈവം നമ്മുടെ മുമ്പിൽ മുട്ടുകുത്തും. ●

## നീർച്ചാലുകൾ

ഫാ. മത്യാസ്

# മാറിനടക്കൽ രക്ഷയ്ക്ക് നിദാനം



ഒക്ടോബർ 31
ആണ്ടുവട്ടത്തിലെ 31-ാം ഞായർ
വിജ്ഞാനം 11: 12-12:2
2 തിമോ: 1:11-2:2
ലൂക്കാ: 19:1-10

**നീ** ആരാണ് എന്നതിന് ഉത്തരമായി സ്വയാവബോധമുള്ളവർ പറയാൻ ശ്രമിക്കുന്ന ഉത്തരം: 'നല്ല കള്ളൻ' എന്നായിരിക്കും. വിശുദ്ധരുടെ ഗണത്തിൽ ചേരാനോ, നിത്യം ഹാപ്പിയായി നെഞ്ചത്തടിച്ച് മാറി നിൽക്കാനോ മനസ്സ് ആരെയും അനുവദിക്കുന്നില്ല. ജീവിതത്തിലുടനീളം സ്നേഹത്തെറ്റുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. റോമാക്കാർക്ക് വേണ്ടി യഹൂദരിൽ നിന്നും ചുങ്കം പിരിക്കുന്നവനായതു കൊണ്ട് യഹൂദരാൽ വെറുക്കപ്പെട്ടിരുന്നവരും, റോമൻ പൗരത്വം ഇല്ലാതിരുന്നതിനാൽ റോമാക്കാരാൽ അംഗീകരിക്കപ്പെടാത്തവരുമാണ് ചുങ്കക്കാർ. അവരുടെ ജീവിതം ത്രിശങ്കു സ്വർഗ്ഗത്തിലാണ്. ഹെബ്രായ ഭാഷയിൽ 'സക്കായ' എന്ന വാക്കിനർത്ഥം, 'ശുദ്ധൻ', 'നീതിമാൻ' എന്നൊക്കെയാണ്. എന്നാൽ ക്രിസ്തു ഒരു നല്ലകള്ളനോടെന്നപോലെ സക്കേവൂസിലേയ്ക്ക് പ്രവേശിക്കുന്നതു വരെ അവന്റെ ജീവിതം പരിഹാസ്യമായിരുന്നു. പേരിന്റെ അർത്ഥവും പ്രവൃത്തിയും അജഗജാന്തരമുണ്ടായിരുന്നു. സക്കേവൂസിന്റെ തൊഴിലിലും അവന്റെ ജീവിതവളർച്ചയിലും അസഹനീയമായ ഒരു വിഴുപ്പ് ഉണ്ടായിരുന്നു. എന്നാൽ പാപം പെരുകുന്നിടത്ത് കൃപ അതിനേക്കാൾ അധികമായി നൽകപ്പെടും. ലൂക്ക 7:47ൽ- ഇവൾ അധികം സ്നേഹിച്ചു, അതിനാൽ ഇവളുടെ അനവധി തിന്മകൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിനോടുള്ള സക്കേവൂസിന്റെ തുറവിയാണ് മാനസാന്തരത്തിന് കാരണമായിരിത്തീർന്നത്.

ഈശോയെ കണ്ടുമുട്ടുന്നതുവരെ സക്കേവൂസ് നമ്മിലൊരുവനെപ്പോലെയായിരുന്നു; അയൽക്കാരന്റെ സൗഭാഗ്യം തട്ടിപ്പറിച്ചാൽ മാത്രമേ എന്റെ കുടുംബം രക്ഷപ്രാപിക്കൂ എന്നു വിശ്വസിച്ചവൻ. അയൽക്കാരന്റെ പത്തായത്തിലേയ്ക്ക് സ്വന്തം ആർത്തിയുടെ ചൂണ്ടകൾ അയാൾ പായിച്ചിരുന്നു.

ജ്ഞാനം 12:2 "പാപികൾ പാപവിമുക്തരാകാനും അങ്ങയിൽ പ്രത്യാശയർപ്പിക്കാനും വേണ്ടി അങ്ങ് അധർമ്മികളെ പടിപടിയായി തുരത്തുന്നു. അവർ ചെയ്യുന്ന സംഗതികൾ ഏവയെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു." സക്കേവൂസിന്റെ ചെയ്തികളെക്കുറിച്ച് ഓർമ്മിപ്പിക്കുവാൻ ക്രിസ്തു സ്വീകരിച്ച മാർഗ്ഗം സക്കേവൂസിലേയ്ക്ക് കടക്കുക എന്നതായിരുന്നു. രക്തസ്രാവക്കാരി സതിയുടെയും (മത്തായി 9:18) തന്റെ ഭൃത്യത്തിനുവേണ്ടിയുള്ള ശതാധിപന്റെ വിശ്വാസവും സന്തുലിതമായി സക്കേവൂസിൽ പ്രകടമായിക്കാണാം. അവനെ ഒന്നു കാണണമെന്നുള്ള അദമ്യമായ ആഗ്രഹം.

'ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്നു തന്നാൽ ഞാൻ അവന്റെ അടുത്തേയ്ക്ക് വരും. ഞങ്ങൾ ഒരുമിച്ച് ഭക്ഷിക്കുകയും ചെയ്യും" (വെളി 3:20). ക്രിസ്തുവിനു വേണ്ടി ദാഹിക്കുന്ന ഒരു ഹൃദയമുണ്ടാവുക ഏറ്റവും പ്രാധാന്യമുള്ളതാണ്. പൗലോ കൊയ്ലോയുടെ ആൽക്കമിസ്റ്റിലെ പ്രമേയം പോലെ 'നിങ്ങൾക്ക് ഒരു സ്വപ്നമുണ്ടെങ്കിൽ, അത് നേടണമെന്ന തീക്ഷ്ണമായ ആഗ്രഹമുണ്ടെങ്കിൽ ഈ പ്രപഞ്ചം മുഴുവൻ നിങ്ങളെ സഹായിക്കാനായി സദാ സന്നദ്ധരായിരിക്കുന്നു.' ക്രിസ്തുവിലേക്ക് ഒരടി വച്ചാൽ അവൻ രണ്ടടി നമ്മുടെ അടുത്തേയ്ക്ക് വരും.

പൊക്കമുള്ളവരുടെയിടയിൽ (ഫരിസേയർ) പൊക്കമില്ലാത്തവർ (ചുങ്കക്കാർ) ഒത്തിരി ഞെരുക്കപ്പെടുന്നുണ്ട്. അതിൽ നിന്നും ഒന്നുമാറി നടക്കാനുള്ള ആർജ്ജവം കാണിച്ചാൽ മാത്രം മതിയാകും (മാർക്ക് 8:23). അൽപം മാറി നടന്നതു കൊണ്ടാണ് 'ഇന്ന് എനിക്ക് നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നുവെന്ന് ക്രിസ്തുക്ഷണം സക്കേവൂസിന് ലഭിച്ചത്. എല്ലാവരാലും വെറുക്കപ്പെട്ട പാപിനിയായ സ്ത്രീയോടുള്ള ക്രിസ്തുവിന്റെ സമീപനം. ഞാനും നിന്നെ വിധിക്കുന്നില്ല,

*(ശേഷം 35-ാം പേജ്)*

ഡോറോത്യൻ സിസ്റ്റർ സി ലൗലി പടിഞ്ഞാറേൽ

# സ്നേഹത്താൽ സ്പന്ദിക്കുന്ന ഹൃദയം



ഭിക്ഷയാചിച്ചു വന്ന അന്ധയായ സ്ത്രീയെ നോക്കി കുട്ടി അമ്മയോടെ ചോദിച്ചു. മനുഷ്യശരീരത്തിലെ ഏറ്റവും പ്രധാനപ്പെട്ട അവയവം ഏതാണ്. മമ്മി പറഞ്ഞു കണ്ണ്. പപ്പ വന്നപ്പോൾ കുട്ടി പപ്പയോട് ചോദിച്ചു മനുഷ്യശരീരത്തിലെ ഏറ്റവും പ്രധാനപ്പെട്ട അവയവം ഏതാണ് ? പപ്പ മിണ്ടിയില്ല. കുട്ടി മമ്മിയോട് പറഞ്ഞു. മമ്മി പറഞ്ഞത് തെറ്റാണ്. ഏറ്റവും പ്രധാനപ്പെട്ട അവയവം ചെവിയാണ്. ചെവി കേൾക്കാത്തതു കൊണ്ടാണ് പപ്പാ മിണ്ടാത്തത്. പിന്നീട് പട്ടണത്തിൽ കൈ നഷ്ടപ്പെട്ട വ്യക്തിയെ കണ്ടു. കുട്ടി ചോദ്യം ആവർത്തിച്ചു. കൈ ഇല്ലെങ്കിൽ ജോലി ചെയ്യാനും ചോറ് ഉണ്ണാനും എങ്ങനെ സാധിക്കും. അതുകൊണ്ട് കൈയാണ് പ്രധാനപ്പെട്ട അവയവം.

കുട്ടി വലുതായി വിവാഹം കഴിഞ്ഞ് ഭർത്താവിനോടൊപ്പം ഗൾഫിലേക്ക് പോകണം. മമ്മിക്കും മോൾക്കും പിരിയാൻ വിഷമം. പഴയ ചോദ്യം ആവർത്തിക്കപ്പെട്ടു. മോൾ മമ്മിയോട് പറഞ്ഞു. ഇന്നു ഞാൻ പറയും പ്രധാന അവയവം ഹൃദയമാണെന്ന്. സ്നേഹത്താൽ സ്പന്ദിക്കുന്ന ഒരു ഹൃദയം വേണം. ഇതു ഉണ്ടെങ്കിലേ കൈകളും കണ്ണുകളും ഇല്ലാത്തവരോട് കരുണകാണിക്കാനും സ്നേഹിക്കാനും അവർക്കുവേണ്ടി പ്രവർത്തിക്കാനും അവരെ സ്നേഹിക്കാനും സഹായിക്കാനും കഴിയുകയുള്ളൂ. മനുഷ്യരുടെ പ്രശ്നങ്ങൾക്കും വേദനകൾക്കുമൊക്കെ നമ്മുടെ ഹൃദയത്തിലും ഒരു സ്ഥാനം കൊടുത്തേ മതിയാകൂ. അതുപോലെ അവരുടെ ബുദ്ധിമുട്ടുകൾക്കും പ്രശ്നങ്ങൾക്കുമൊക്കെ പരിഹാരം കാണാൻ ആവുന്നതൊക്കെ നാം ചെയ്തേ തീരൂ.

നമ്മുടെ സഹജീവികളുടെ ദുഃഖവും കണ്ണീരും നാം കാണാതെ പോകരുത്. നമ്മുടെ പുണ്യപ്രവർത്തികൾ നമ്മുടെ സ്വാർത്ഥതയെ കീഴടക്കാനും മറ്റുള്ളവർക്കു നമ്മുടെ ഹൃദയത്തിൽ സ്ഥാനമുണ്ടാക്കുവാനും നമ്മെ സഹായിക്കണം. ഈ ലോകജീവിതം നമ്മെ നിത്യജീവിതത്തിലേക്ക് നയിക്കുന്നതാവണം.

സ്നേഹത്താൽ സ്പന്ദിക്കുന്ന ഒരു ഹൃദയം വേണം. ഇതു ഉണ്ടെങ്കിലേ കൈകളും കണ്ണുകളും ഇല്ലാത്തവരോട് കരുണകാണിക്കാനും സ്നേഹിക്കാനും അവർക്കു വേണ്ടി പ്രവർത്തിക്കാനും അവരെ സ്നേഹിക്കാനും സഹായിക്കാനും കഴിയുകയുള്ളൂ.




**2010 നവംബർ മാസം ബി.സി.സി. കളിൽ ഉപയോഗിക്കുവാൻ അതിരൂപത ബി.സി.സി. കമ്മിഷൻ തയ്യാറാക്കിയത്.**

# "ഇതാണ് സ്വീകാര്യമായ സമയം, ഇതാണ് രക്ഷയുടെ കാലം"

**സ്വാഗതം**

**ആമുഖം**

**ഒ**ക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ നമ്മുടെ അതിരൂപതയിൽ 2011-2012 വർഷത്തേക്കുള്ള നവ നേതൃത്വ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നടന്നു വരുന്ന ഒരുക്കങ്ങളുടെ രണ്ടാം ഘട്ടത്തിലേക്ക് നാം പ്രവേശിക്കുകയാണ്. നമ്മുടെ ഇടവകയിൽ ക്രൈസ്തവ വിശ്വാസം ആഴപ്പെടുവാനും, ആത്മീയ ഉണർവു ഉണ്ടാകുവാനും, ഇടവകയുടെ കൂട്ടായ്മയും വികസനവും ശക്തിപ്പെടുത്തുവാനുമുള്ള ഒരു നേതൃത്വം രൂപപ്പെടുത്തിയത് നമ്മുടെ കടമയാണ്. ദൈവത്തിന്റെ സഭയെ കൂടുതൽ ശുശ്രൂഷിക്കുവാനും ദൈവജനത്തെ വിശ്വസ്തതയോടെ പരിപാലിക്കുവാനുമുള്ള വിശ്വാസമുള്ള, വിശ്വാസികളായ യഥാർത്ഥ ഇടയന്മാരെ നമ്മുടെ സമൂഹത്തിനും സഭയ്ക്കും ആവശ്യമാണ്. ദൈവത്തിന്റെ വിളിയാണ് നാം മനസ്സിലാക്കേണ്ടത്. ദൈവത്തിന്റെ പ്രവർത്തനത്തിലാണ് നമ്മുടെ തെരഞ്ഞെടുക്കപ്പെടുന്നവർ പങ്കാളികളാകുന്നത് എന്ന ബോധ്യം നമുക്കുണ്ടാവണം. അതുകൊണ്ട്, പരിശുദ്ധാത്മാവിന്റെ വെളിച്ചത്തിനും വിവേകത്തിനും വേണ്ടി നമുക്ക് ഇപ്പോൾ പ്രാർത്ഥിക്കാം. ആത്മാവേ, പരിശുദ്ധാത്മാവേ, ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കേണമേ, ഞങ്ങളുടെ സമൂഹത്തിന്റെ ആവശ്യങ്ങൾ അതിൽ വിശ്വസ്തരായി പ്രവർത്തിക്കുവാൻ അങ്ങ് മനസാകുന്നവരെ ഞങ്ങളിലൂടെ തെരഞ്ഞെടുക്കുവാൻ ഞങ്ങളെ ഒരുക്കണമേ.

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനാ ഗാനം.

**വിശുദ്ധ ഗ്രന്ഥ വന്ദനം.** (വിശുദ്ധ ഗ്രന്ഥ വന്ദനത്തിന് ശേഷം എല്ലാവരും ഇരിക്കുന്നു)

**യേശുവിനെ കൂട്ടായ്മയിലേക്ക് ക്ഷണിക്കുന്നു.** (വിശുദ്ധ ഗ്രന്ഥത്തിൽ നിന്ന്, ഈശോയുടെ ജീവിതവുമായി ബന്ധപ്പെട്ട സംഭവങ്ങളോ, അത്ഭുതങ്ങളോ, പ്രബോധനങ്ങളോ, ഉപമകളോ, വചനങ്ങളോ അനുസ്മരിച്ചുകൊണ്ട്, ഈശോയെ കൂട്ടായ്മയിലേക്ക് പ്രാർത്ഥനാപൂർവ്വം ക്ഷണിക്കുന്നു.)

**വിശുദ്ധഗ്രന്ഥ വായന. വി. ലൂക്ക 6: 12-16,**

(അനുയോജ്യമായ മറ്റ് ഭാഗങ്ങൾ

1) വി. യോഹ 13: 1-16

2) വി. യോഹ 10: 166-നല്ല ഇടയൻ

3) മത്തായി 25: 14-30 വിശ്വസ്തത

4) ലൂക്ക 10: 25-37 നല്ല സമറായൻ

(മുൻകൂട്ടി നിയോഗിക്കപ്പെട്ടവർ 2/3 തവണ വചനഭാഗം എഴുന്നേറ്റ് നിന്ന് ഏറ്റവും ആദരപൂർവ്വം ഉയർന്ന സ്വരത്തിൽ വായിക്കുന്നു. വായനശേഷം ഏതാനും നിമിഷം, ശ്രമിച്ച ദൈവ വചന ഭാഗം നമ്മുടെ ഹൃദയത്തെ സ്പർശിക്കുവാൻ മൗനമായി ധ്യാനിക്കുന്നു.)

**വചനഭാഗം ധ്യാനാത്മകമായി ഉരുവിടുന്നു :**

വിശുദ്ധഗ്രന്ഥത്തിൽ നിന്ന് വായിച്ചു കേട്ടപ്പോൾ ഹൃദയസ്പർശിയായി തോന്നിയ വാക്കുകളോ, വാക്യങ്ങളോ 3 തവണ വീതം ധ്യാനപൂർവ്വം പങ്കുവെയ്ക്കുന്നു. (ആദ്യം ഉയർന്ന സ്വരത്തിലും രണ്ടാമത് താഴ്ന്ന സ്വരത്തിലും അവസാനം ഏറ്റവും പതിഞ്ഞ സ്വരത്തിലും പ്രാർത്ഥനാന്ത

രീക്ഷത്തിൽ ഈ ഭാഗം നിർവഹിക്കേണ്ടതാണ്.)

**വചന വിചിന്തനം**

ഈശോ തന്റെ സ്വർഗ്ഗാരോഹണത്തിന് ശേഷം ദൈവരാജ്യത്തിന്റെ ശുശ്രൂഷകരാകുവാൻ 12 അപ്പോസ്തലന്മാരെ തെരഞ്ഞെടുക്കുന്ന ഭാഗമാണല്ലോ നാം വായിച്ചു കേട്ടത്. 'അപ്പോസ്തല' എന്ന പദത്തിന്റെ അർത്ഥം 'അയക്കപ്പെട്ടവൻ' എന്നാണ്. ഈശോ തന്റെ സഭയുടെ നേതൃത്വസ്ഥാനത്ത് 12 പേരെ തെരഞ്ഞെടുത്ത് അവരോധിക്കുന്നത് പ്രധാനമായും രാത്രിമുഴുവൻ തന്റെ പിതാവുമായുള്ള സംഭാഷണത്തിനൊടുവിലാണ്. അതായത് തന്റെ ദീർഘമായ പ്രാർത്ഥനയ്ക്കുശേഷമാണ് അവിടുന്ന് 12 പേരെ തെരഞ്ഞെടുക്കുന്നത്. ഈശോയ്ക്ക് അറിയാമായിരുന്നുതാൻ തെരഞ്ഞെടുക്കുന്നവരുടെ കഴിവുകളും കർത്തവ്യങ്ങളും. 12 പേരും ലോകത്തിന്റെ ദൃഷ്ടിയിൽ ഏറ്റം നൈപുണ്യരല്ലായിരിക്കാം. എന്നാൽ, ദൈവത്തിന്റെ മുൻപിൽ വിശ്വസ്തരും വിനീതരും ദൈവജനത്തെ ആത്മാർത്ഥമായി ശുശ്രൂഷിക്കുവാൻ സമർപ്പണം ചെയ്യുന്നവരുമായിരിക്കുമെന്ന്. 12 പേരെ തെരഞ്ഞെടുത്തു എന്നതിൽ നിന്നും പഴയനിയമത്തിൽ യഹോവ ഇസ്രയേലിലെ 12 ഗോത്രപിതാക്കന്മാരെ തെരഞ്ഞെടുത്തതിനോടുള്ള സാമ്യമുണ്ട്. ലോകാവസാനം വരെ 12 പേരുടെയും തെരഞ്ഞെടുപ്പ് ഒരു ദൈവീക നിയോഗത്തിന്റെ തുടർച്ചയായിരിക്കും.

എന്താണ് ഈ അപ്പോസ്തലന്മാരുടെ പ്രധാന ദൗത്യം ? ഏറ്റവും പ്രധാനം ഈശോയോടൊപ്പം ആയിരിക്കുക എന്നത് തന്നെ. അതായത് ഈശോയിൽ നിന്ന് പഠിക്കുകയും അദ്ദേഹത്തെപ്പോലെ ജീവിക്കുകയും ചെയ്യുക. നമ്മുടെ നേതൃത്വത്തിലേക്ക് നാം തെരഞ്ഞെടുക്കുന്നവർ ഈ മാതൃകയാണ് നമുക്ക് നൽകേണ്ടത്. ദൈവഭക്തനും, ഈശ്വര വിശ്വാസികളും, ക്രൈസ്തവ മൂല്യങ്ങളിൽ ജീവിക്കുന്നവരും ഈശോയുടെ യഥാർത്ഥ അപ്പോസ്തലൻമാർ എന്ന ബോധ്യത്തോടെ ശുശ്രൂഷകളിൽ ഏർപ്പെടുന്നവരുമായിരിക്കണം അവർ. ഈശോയുമായി ബന്ധപ്പെടുന്നതിനുള്ള മാർഗ്ഗങ്ങൾ നാം അറിഞ്ഞിരിക്കണം. വിശുദ്ധ ഗ്രന്ഥം അറിയുന്നവരും കൂദാശകൾ സ്വീകരിക്കുന്നവരും തിരുസഭയുടെ കല്പനകളിൽ ജീവിക്കുന്നവരുമായ വിശ്വാസികൾ വേണം ഈശോ തെരഞ്ഞെടുക്കുവാൻ ആഗ്രഹിക്കുന്നവർ. കാരണം, ഈ തെരഞ്ഞെടുപ്പ് ഒരു രാഷ്ട്രീയ നേതൃത്വത്തിനോ, സാമൂഹിക നവോത്ഥാനത്തിനു വേണ്ടിയോ അല്ല, മറിച്ച്, ദൈവരാജ്യത്തിന്റെ ശുശ്രൂഷകരാകാനുള്ള വിളിയാണ്. ആത്മാവിനാൽ നയിക്കപ്പെടുന്നവരായി ദൈവജനത്തെ യഥാർത്ഥ ദൈവരാജ്യം അനുഭവത്തിലേക്ക് വഴി നടത്തുന്ന വിശ്വസ്ത ദാസന്മാരായിരിക്കണം നമ്മുടെ 'അപ്പോസ്തലന്മാർ'.

എന്തായിരിക്കണം ഈ തെരഞ്ഞെടുക്കപ്പെടുന്നവരുടെ മനോഭാവം? സ്വാർത്ഥതയും സ്വജനപക്ഷപാതവും അധികാരവും മാത്രം ലക്ഷ്യംവെച്ചുകൊണ്ട് യൂണിറ്റിലും ഇടവകയിലും വരുന്നവരുടെ എണ്ണം കൂടി വരുന്നു. ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷിക്കുവാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചന ദ്രവ്യമായി നൽകുവാനുമാണ് ക്രൈസ്തവ നേതൃത്വം വിളിക്കപ്പെടുന്നത്. "നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനായിരിക്കണം." (മത്തായി 20: 28). "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം. നിങ്ങൾ സ്നേഹത്തിൽ കഴിയുമെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരെന്ന് ലോകം അറിയും."

അർപ്പണബോധമുള്ളവരും ഈശോയുടെ സ്നേഹിതരും, സഹോദര ശുശ്രൂഷകൾക്കു സമയം കണ്ടെത്തുന്നവരുമായ ഒരു നേതൃത്വം നമുക്ക് രൂപീകരിക്കണം. ഇപ്പോൾ എന്റെ/നമ്മുടെ സ്ഥാനം യേശുവിന്റെ സ്ഥാനത്താണ്. ദൈവത്തിന്റെ ജനമായ നമ്മുടെ ബി സി സിയേയും ഇടവകയെയും നയിക്കാൻ ശുശ്രൂഷിക്കുവാനും തെരഞ്ഞെടുക്കപ്പെടേണ്ട അപ്പോസ്തലന്മാരെ പ്രാർത്ഥനാപൂർവ്വം, നമുക്ക് തെരഞ്ഞെടുക്കുവാൻ തയ്യാറാകാം.



ബാഹ്യമായ ഒരു ശക്തിയും - രാഷ്ട്രീയ, കുടുംബ, സ്വാർത്ഥ ചിന്തകൾ കൂടാതെ - നമ്മുടെ വിശുദ്ധമായ തെരഞ്ഞെടുപ്പിനെ സ്വാധീനിക്കരുത്. നാം തെരഞ്ഞെടുക്കുന്ന നേതൃത്വം അവിശ്വസ്തരാണെങ്കിൽ, പരാജയപ്പെടുകയാണെങ്കിൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വവും നമ്മുടെ മാത്രമായിരിക്കുകയില്ലേ? അപ്പോസ്തല തീക്ഷണതയോടെ, ഈശോയുടെ സ്നേഹത്താൽ നവീകരിക്കപ്പെട്ട ഒരു നേതൃത്വം നമുക്ക് ലഭിക്കുവാൻ പരിശുദ്ധ മറിയത്തിന്റെ സാന്നിധ്യം പ്രാർത്ഥിച്ചുകൊണ്ട്, നമ്മുടെ പ്രവർത്തനങ്ങളെ അർത്ഥവത്താക്കാൻ ശ്രമിക്കാം.

**മുൻയോഗ റിപ്പോർട്ട് അവതരണം.**

**റിപ്പോർട്ടിന്മേലുള്ള ചർച്ച + പൊതു അറിയിപ്പുകൾ.**

**ദൗത്യം ഏറ്റെടുക്കൽ:** പുതിയ നേതൃത്വം ഏറ്റവും വിശ്വസ്തതയോടെ നടത്തുവാൻ എങ്ങനെ സാധിക്കും?

**രഹസ്യ പിരിവ്**

**മധ്യസ്ഥപ്രാർത്ഥനകൾ - സ്വർഗ്ഗസ്ഥനായ...,**

**സമൂഹ പ്രാർത്ഥന.**

**പരിശുദ്ധ കന്യകാമാതാവിനോടുള്ള പ്രാർത്ഥനാ ഗാനം.**

**സൗഹൃദഭക്ഷണത്തോടെ വിടവാങ്ങൽ** ●

# ഇളംതൂവൽ

## അനുഭവം ഗുരു

അനുഭവ ശ്രേഷ്ഠൻ ഗുരുതൻ കീഴിൽ
കഴിയുന്ന മനുഷ്യനാകും ശിഷ്യാ...
നീ ഈ ലോകത്തിലെ
ബുദ്ധിമാനെന്ന ഭാവം വെടിയൂ...
അനുഭവങ്ങൾ എത്ര ലഭിച്ചിട്ടും
തെറ്റുകൾ മാത്രം ചെയ്യാൻ
അലയുന്ന മനുഷ്യാ ഓർക്കൂ....
നീ പോകുന്നത് നിന്നെത്തന്നെ നശിപ്പിക്കാൻ.

**സ്റ്റെജിന ജെ. സ്റ്റെല്ലസ്**
നെല്ലിമൂട് സ്കൂൾ



## മരണത്തിന്റെ കാലൊച്ച

പറയാനധികമുള്ള ജീവിതം
പറഞ്ഞു തീരുംമുമ്പ് അവളെ
കാമുകനായ മരണം കൂട്ടിക്കൊണ്ടു പോകുന്നു
പലരുടേയും ദുഃഖങ്ങളും സന്തോഷങ്ങളും
ഏറ്റുവാങ്ങി അവൾ ചിറകടിച്ചുയരുന്നു
മരണത്തിന്റെ കടുത്ത കയങ്ങളിലേക്ക്....

**ശ്രുതി ഔസേപ്പ്**
എം. വി. എച്ച്. എസ്. എസ്. അരുമാനൂർ



## നക്ഷത്രങ്ങളും ഭൂമിയും

ഈ ഭൂമി മനോഹരം
ഭൂമി ഉരുണ്ടതും
സൂര്യൻ തിളങ്ങുന്നതും

ഇന്നും ഞാൻ തിരയുന്നു.
ഒരായിരം നക്ഷത്രങ്ങളെ
സൂര്യൻ പ്രകാശിപ്പിക്കുന്നു
നക്ഷത്രങ്ങളോ കണ്ണു ചിമ്മുന്നു

എങ്കിലും ഞാൻ
കിളികളുടെ നാദം കേൾക്കുന്നില്ലല്ലോ....

**അശ്വതി എൽ. എസ്.**
ലൂർദ്ദുപുരം

## മലയാളം

മലയാളമേ നിൻ മണിവീണ മീട്ടി
മലയാള മക്കളേ തഴുകുന്നുവോ
എന്നിട്ടും അവർ നിന്നെ
അകറ്റുന്നുവോ ?
പിറന്നുവീഴും കുഞ്ഞിൻ
നാവിന്റെ അഗ്രത്തിൽ
തുളുമ്പുന്ന മന്ത്രമീ മലയാളം.

**മെറീന തോമസ്**
പുതിയതുറ

## പ്രണയം മൊബൈലിൽ

അവർ കണ്ടുമുട്ടി
ചിരികൾ സമ്മാനിച്ചു
പരിചിതരായി
മിസ്ഡ്കോളുകൾ തുടർക്കഥയായി
അവർ പലതും പങ്കിട്ടു
മൊബൈൽ വലിച്ചെറിഞ്ഞ്
അവൾ പറഞ്ഞു
"ഇതെന്റെ ജീവിതം തുലച്ചു"
അപ്പോഴേക്കും വൈകിയിരുന്നു.

**ജോൺപോൾ,**
ന്യൂഹയർസെക്കന്ററി സ്കൂൾ നെല്ലിമൂട്



# ചെണ്ട എന്ന വിസ്മയം

പ്രപഞ്ചം അത്ഭുതങ്ങളുടെ കലവറയല്ലേ? വെറുമൊരു മുളന്തണ്ടിൽ നിന്ന് വിശ്വസംഗീതം പുറപ്പെടുന്നു.

എന്താണ് ചെണ്ടയുടെ പൊരുൾ?

ഉള്ളുപൊള്ളയായ ഒരു മരക്കുറ്റിയുടെ ഇരുതലയ്ക്കലും തുകൽ പൊതിഞ്ഞ് ചണം കയറുകൊണ്ട് കെട്ടിമുറുക്കിയെടുക്കുന്ന ഒരുപകരണം അതാണ് ചെണ്ട. ചെണ്ടകൊട്ടുന്നതുപോലെ തന്നെ അതിന്റെ നിർമ്മാണവും കലാപരമായ ഒരധ്വാനമാണ്. കുറ്റി, വട്ടം, ചരട് ഇത്രയുമായാൽ ചെണ്ടനിർമ്മാണത്തിനുള്ള വസ്തുക്കളായി. ഇതിൽ കുറ്റി അഥവാ പറയാണ് ചെണ്ടയുടെ പ്രധാന അവയവം.

മൂപ്പുള്ള വരിക്കപ്ലാവാണ് ചെണ്ടക്കുറ്റിക്ക് ഏറ്റവുമുചിതം. കണിക്കൊന്ന, പന, തെങ്ങ് തുടങ്ങിയ വൃക്ഷങ്ങളും ഇതിനുപയോഗിക്കാറുണ്ട്. ഉള്ളു തുരന്നാണ് കുറ്റി രൂപപ്പെടുത്തുന്നത്. പിന്നീട് ഇരുതലയ്ക്കലും വട്ടം എന്നു പറയുന്ന തുകൽ പൊതിയുന്നു. അധികം പ്രായമില്ലാത്ത പശുവിന്റെയോ, കാളയുടെയോ തോലാണ് വട്ടം കെട്ടാനുപയോഗിക്കുന്നത്. സാധാരണയായി ചെണ്ടക്കോലുണ്ടാക്കുന്നത് പതിമുഖത്തിന്റെ തടിയിൽ നിന്നാണ്. പുളിങ്കൊമ്പു കൊണ്ടും മന്ദാരം, കാശാവ്, സ്വർണ്ണമല്ലി എന്നിവയുടെ ശിഖരങ്ങൾ കൊണ്ടും ചെണ്ടക്കോലുണ്ടാക്കാം. ഏതാണ്ട് ഒന്നരയടിയാണ് ചെണ്ടക്കോലിന്റെ നീളം. താളഭേദത്തേയും കാലവിളംബരത്തേയും ആധാരമാക്കി ചെണ്ടമേളം പലവിധമുണ്ട്.

പഞ്ചാരിമേളം, പാണ്ടിമേളം, തായമ്പക, ചെമ്പടമേളം, ചമ്പമേളം, അടന്തമേളം. ഇവയിൽ എന്തുകൊണ്ടും പ്രാമുഖ്യമർഹിക്കുന്നത് പഞ്ചാരി മേളം തന്നെയാണ്.



# ദൈവത്തിനായി ദാഹിക്കുക

ഇടയമൊഴി

മദർതെരേസ തന്റെ ജീവിതത്തിലൂടെ നമുക്കു തരുന്ന സന്ദേശമാണിത്: അനുദിന ജീവിതത്തിൽ നാം കണ്ടുമുട്ടുന്ന ഓരോ വ്യക്തിയിലും യേശുവുണ്ട്. കാരണം "എന്റെ ഏറ്റവും എളിയ ഈ സഹോദരരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ, എനിക്കു തന്നെയാണ് ചെയ്തത്" (മത്താ. 25. 40) എന്ന് അവിടുന്നു തന്നെ അരുൾ ചെയ്തിട്ടുണ്ടല്ലോ. അതുകൊണ്ട് അനുദിന ജീവിതത്തിൽ ദൈവം നമുക്കു തരുന്ന നിമിഷങ്ങളൊന്നും പാഴാക്കാതെ സ്നേഹബഹുമാനാദരവുകളോടെ നമ്മുടെ അയൽക്കാരെ ശുശ്രൂഷിക്കുന്നതിലാണ് നമ്മുടെ ജീവിത വിജയം അടങ്ങിയിരിക്കുന്നത്.

മദർ തെരേസാ സ്ഥാപിച്ച സന്യാസഭവനങ്ങളിലെ കപ്പേളയിലേക്ക് കടന്നു ചെല്ലുമ്പോൾ അവിടെ ക്രൂശിത രൂപവും അതിന്റെ ഒരു വശത്തായി "എനിക്കു ദാഹിക്കുന്നു" എന്ന യേശുവിന്റെ ക്രൂശിലെ വചനങ്ങളും നാം ശ്രദ്ധിച്ചിട്ടുണ്ട്. മദർ തെരേസയുടെ നിർദ്ദേശമനുസരിച്ചാണ് ക്രൂശിത രൂപത്തിന്റെ ഒരു വശത്തായി "എനിക്കു ദാഹിക്കുന്നു" എന്ന വചനങ്ങൾ എഴുതിവച്ചിരിക്കുന്നത്. കുരിശിലെ യേശുവിന്റെ ദാഹം, സ്നേഹത്തിനു വേണ്ടിയുള്ള ദാഹമായിരുന്നല്ലോ. മദറിന്റെ ജീവിതം മുഴുവനും "എനിക്കു ദാഹിക്കുന്നു"എന്ന യേശുവിന്റെ വചനങ്ങളെക്കുറിച്ചുള്ള നിരന്തര ധ്യാനവും സ്നേഹത്തിനായുള്ള യേശുവിന്റെ ഈ ദാഹം ശമിപ്പിക്കുവാനുള്ള അതിതീഷ്ണമായ പരിശ്രമവുമായിരുന്നു.

"എനിക്കു ദാഹിക്കുന്നു"എന്ന കുരിശിലെ യേശുവിന്റെ വചനങ്ങളെ വ്യാഖ്യാനിച്ചുകൊണ്ടു വിശുദ്ധ ഗ്രഹരി നസിയാൻസൻ പറയുന്നതിതാണ് : "God thirsts that we thirst for him". അതായത് നാമോരോരുത്തരും, മനുഷ്യരോരോരുത്തരും ദൈവത്തിനായി ദാഹിക്കണമെന്ന ദൈവത്തിന്റെ ദാഹമായിരുന്നു അത്. തുരുമ്പും കീടങ്ങളും നശിപ്പിക്കുകയും കള്ളന്മാർ തുരന്നു മോഷ്ടിക്കുകയും ചെയ്യുന്ന നിക്ഷേപങ്ങൾ ഈ ലോകത്തിൽ കുന്നുകൂട്ടാൻ ദാഹിക്കാതെ, നിലനിൽക്കുന്ന സന്തോഷത്തിന്റെയും സൗഭാഗ്യത്തിന്റെയും ഉറവിടവും നിറകുടവുമായ ദൈവത്തിനായി മനുഷ്യരെല്ലാം ദാഹിക്കണമെന്ന് കുരിശിൽ കിടന്നുകൊണ്ട് ദൈവം ദാഹിക്കുന്നു. "God thirsts that we thirst for him".

അപ്പൻ കുഞ്ഞിനെപ്പിരിഞ്ഞ് യാത്രയ്ക്കൊരുങ്ങുമ്പോൾ കുഞ്ഞു കിടന്നു നിലവിളിച്ചു കരയുന്നത് നാം കണ്ടിട്ടുണ്ട്. അപ്പനുവേണ്ടിയുള്ള കുഞ്ഞിന്റെ ദാഹമാണത്. കുഞ്ഞിനെ നഴ്സറി സ്കൂളിലാക്കിയിട്ട് മടങ്ങിപ്പോകാൻ ശ്രമിക്കുന്ന അമ്മയെ നോക്കിയും കുഞ്ഞ് വാവിട്ട് കരയാറുണ്ട്. അമ്മയുടെ സാന്നിദ്ധ്യത്തിനു വേണ്ടിയുള്ള കുഞ്ഞിന്റെ ദാഹമാണിത്. കുഞ്ഞുങ്ങളുടെ ഈ ദാഹം മാതാപിതാക്കളേ ഒരു പരിധിവരെ വേദനിപ്പിക്കുമെങ്കിലും, ഇപ്രകാരം ഒരു ദാഹം തങ്ങളുടെ മക്കൾക്ക് ഉണ്ടായിരിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ്, അതിൽ ഒരു പ്രത്യേക നിർവൃതി കണ്ടെത്തുന്നവരാണ് മാതാപിതാക്കളെല്ലാം തന്നെ.

ദൈവം നമ്മുടെ മാതാവും പിതാവുമാണ്. സ്നേഹം തന്നെയായ അവിടുന്ന് മക്കളായ എല്ലാ മനുഷ്യരുടെയും സ്നേഹത്തിനു വേണ്ടി ദാഹിക്കുന്നു. ദൈവത്തിൽ നിന്ന് അകന്നു പൊയ്ക്കൊണ്ടിരിക്കുന്ന മനുഷ്യരെല്ലാം തങ്ങളുടെ ദയനീയാവസ്ഥ മനസ്സിലാക്കി ദൈവത്തിനായി ദാഹിക്കണമെന്നതാണ് ദൈവത്തിന്റെ ദാഹം. എല്ലാ മനുഷ്യരെയും ദൈവത്തിങ്കലേയ്ക്ക് ആകർഷിച്ച് ദൈവത്തിന്റെ ഈ ദാഹം ശമിപ്പിക്കുവാനുള്ള നിരന്തരമായ, അതിതീക്ഷണമായ ഒരു പരിശ്രമമായിരുന്നു മദർ തെരേസയുടെ ജീവിതം മുഴുവനും. 1947 ജനുവരി മാസം 25-ാം തീയതി മദർ തെരേസാ ആർച്ച് ബിഷപ്പ് ഫെർഡിനന്റ് പെരിയറിന് അയച്ച കത്തിൽ ഇപ്രകാരം എഴുതി: "യേശുനാഥൻ ഇതുവരെയും സ്നേഹിക്കപ്പെടാത്ത വിധം അവിടുത്തെ സ്നേഹിക്കുവാനുള്ള ആസക്തിയാൽ എന്റെ ഹൃദയം കത്തിജ്വലിക്കുന്നു."

മദർ തെരേസയെ അനുകരിച്ച് ദൈവം നമുക്ക് തരുന്ന ഒരു നിമിഷം പോലും പാഴാക്കാതെ എപ്പോഴും ദൈവസ്നേഹത്താൽ ജ്വലിക്കുകയും, അങ്ങനെ കുരിശിലെ യേശുവിന്റെ ദാഹം ശമിപ്പിക്കുകയും സഹോദരങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്തുകൊണ്ട് നമ്മുടെ ജീവിതത്തെ ധന്യമാക്കാൻ ശ്രമിക്കാം.